# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 32 | Issue 6 | Fortnightly | November 15, 2020 | Page 32 | ₹ 10


# സർക്കാർ നിയമനങ്ങളിൽ സാമ്പത്തിക സംവരണം

പ്രൊഫ: ലോപ്പസ് മാത്യു

പേജ് 3


കലയും സാഹിത്യവും — പേജ് 15

LGS 200 പൊതു വിജ്ഞാനങ്ങൾ — പേജ് 16

പൊതു വിജ്ഞാനം — പേജ് 18




**മത്സ്യഫെഡിൽ**

മാനേജർ (പേഴ്സണൽ),
അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ,
ഇലക്ട്രിക്കൽ സൂപ്പർവൈസർ,
ജൂനിയർ അസിസ്റ്റന്റ് II /ജൂനിയർ അസിസ്റ്റന്റ്,
അക്കൗണ്ടന്റ്, പ്രോജക്ട് ഓഫീസർ,
ടൈപ്പിസ്റ്റ് ഗ്രേഡ് II /ഡാറ്റാ എൻട്രി ഓപ്പറേറ്റർ,
ലാബ് അസിസ്റ്റന്റ്, സ്റ്റോർ കീപ്പർ
റഫ്രിജറേഷൻ മെക്കാനിക്ക്, ഓപ്പറേറ്റർ,
ഓപ്പറേറ്റർ ഗ്രേഡ് III

MATSYAFED



**ഫയർ ആന്റ് റെസ്ക്യൂ സർവീസസിൽ**

ഫയർ വുമൺ (ട്രെയിനി)

## തുടങ്ങി 81 വിജ്ഞാപനങ്ങൾ



**സിവിൽ എക്സൈസ് ഓഫീസർ**

എക്സൈസ്

(പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങൾക്കും Most primitive group ൽ ഉൾപ്പെട്ടവർക്കും മാത്രം)

**ട്രൈബൽ വാച്ചർ**

വനം

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർപേഴ്സൺ**

**ശ്രീമതി ആർ. പാർവതിദേവി**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**അഡ്വ. രഘുനാഥൻ എം. കെ.**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. കെ. പി. സജിലാൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ടി. ആർ. അനിൽകുമാർ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**പി. എച്ച്. മുഹമ്മദ് ഇസ്മയിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**ബി. ജയകുമാർ**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി.ആർ. യൂണിറ്റ്): *0471 2546270*

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

വിലാസം

പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# കമ്മിഷൻ യോഗ തീരുമാനങ്ങൾ

## 2020 നവംബർ 2

### അഭിമുഖം നടത്തും

1. പൊതുമരാമത്ത് വകുപ്പിൽ അർക്കിടെക്ച്ചറൽ അസിസ്റ്റന്റ് (പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം) (കാറ്റഗറി നമ്പർ 54/19).
2. ആലപ്പുഴ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ (അറബിക്) (രണ്ടാം എൻ.സി.എ.–ഈഴവ/തിയ്യ/ബില്ലവ) (കാറ്റഗറി നമ്പർ 453/19).
3. കണ്ണൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (ഉറുദു) (ആറാം എൻ.സി.എ.–പട്ടികജാതി) (കാറ്റഗറി നമ്പർ 614/19).
4. തൃശൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) (എൻ.സി.എ.– ഈഴവ/തിയ്യ/ബില്ലവ) (കാറ്റഗറി നമ്പർ 612/19).
5. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) എൽ.പി.എസ്. (മൂന്നാം എൻ.സി.എ.–പട്ടികജാതി) (കാറ്റഗറി നമ്പർ 623/19).
6. കണ്ണൂർ ജില്ലയിൽ വിദ്യഭ്യാസ വകുപ്പിൽ പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (സംസ്കൃതം) (എൻ.സി.എ.– മുസ്ലീം) (കാറ്റഗറി നമ്പർ 618/19).

### ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

1. ആരോഗ്യ വകുപ്പിൽ ജനറൽ ഫിസിയോതെറാപ്പിസ്റ്റ് (കാറ്റഗറി നമ്പർ 236/18).
2. പോലീസ് വകുപ്പിൽ (മോട്ടോർ ട്രാൻസ്പോർട്ട് വിങ്ങ്) മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ) (കാറ്റഗറി നമ്പർ 13/16).
3. ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 329/19).
4. വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (സർവ്വേയർ). (പട്ടികജാതി/പട്ടികവർഗ്ഗം, പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 334/19).

### സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും

1. സിഡ്കോയിൽ ഡ്രാഫ്ട്സ്മാൻ (സിവിൽ) ഗ്രേഡ് 2 (കാറ്റഗറി നമ്പർ 319/19).
2. കണ്ണൂർ, പാലക്കാട് ജില്ലകളിൽ വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക് (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 391/18).
3. കെ.എസ്.ഇ.ബി.യിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ (കാറ്റഗറി നമ്പർ 557/14).

### ഒ.എം.ആർ. പരീക്ഷ നടത്തും

1. മലബാർ സിമന്റ്സ് ലിമിറ്റഡിൽ ടൈപ്പിസ്റ്റ് ക്ലാർക്ക് ഗ്രേഡ് 2 (കാറ്റഗറി നമ്പർ 68/20).

### റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും

കെ.എസ്.എഫ്.ഡി.സി. യിൽ ടെലഫോൺ പി.എ.ബി.എക്സ് ഓപ്പറേറ്റർ (കാറ്റഗറി നമ്പർ 192/17).

## 2020 നവംബർ 9

### അഭിമുഖം നടത്തും

1. ആരോഗ്യ വകുപ്പിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് (രണ്ടാം എൻ.സി.എ.–മുസ്ലീം) (കാറ്റഗറി നമ്പർ 558/19).
2. ഗ്രാമവികസന വകുപ്പിൽ ലക്ചറർ ഗ്രേഡ് 2– അഗ്രികൾച്ചർ (കാറ്റഗറി നമ്പർ 392/19).
3. കൊല്ലം ജില്ലയിൽ വിദ്യഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ (അറബിക്) (എൻ.സി.എ.–ഈഴവ/തിയ്യ/ബില്ലവ) (കാറ്റഗറി നമ്പർ 566/19).
4. കേരള സെറാമിക്സ് ലിമിറ്റഡിൽ മൈൻസ്മേറ്റ് (കാറ്റഗറി നമ്പർ 26/18).

### ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും

1. ഫുഡ് സേഫ്റ്റി വകുപ്പിൽ ഫുഡ് സേഫ്റ്റി ഓഫീസർ (കാറ്റഗറി നമ്പർ 499/19).
2. വിവിധ ജില്ലകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 (കാറ്റഗറി നമ്പർ 209/17, 210/17, 211/17, 212/17, 213/17, 214/17, 215/17).
3. സ്റ്റേറ്റ് പ്ലാനിങ് ബോർഡിൽ റിസർച്ച് ഓഫീസർ (പട്ടികജാതി/പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 293/18).

### സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും

1. കേരള ലെജിസ്ലേച്ചർ സെക്രട്ടേറിയേറ്റിൽ റീഡർ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 552/17).
2. കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഇലക്ട്രിക്കൽ വൈൻഡർ (കാറ്റഗറി നമ്പർ 209/19).

### പ്രായോഗിക പരീക്ഷ നടത്തും

1. വിവിധ ജില്ലകളിൽ എൻ.സി.സി./സൈനികക്ഷേമ വകുപ്പിൽ ഡ്രൈവർ ഗ്രേഡ് 2 (എച്ച്.ഡി.വി) (വിമുക്തഭടൻമാർ) (കാറ്റഗറി നമ്പർ 471/19, 472/19, 473/19, 474/19, 475/19, 476/19).

### ഓൺലൈൻ പരീക്ഷ നടത്തും

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (എഞ്ചിനീയറിങ്ങ് കോളേജുകൾ) അസിസ്റ്റന്റ് പ്രൊഫസർ ഇൻ പ്രൊഡക്ഷൻ എഞ്ചിനീയറിങ്ങ്(കാറ്റഗറി നമ്പർ 481/19).
2. വിവിധ ജില്ലകളിൽ പട്ടികജാതി വികസനവകുപ്പിൽ കുക്ക് (എൻ.സി.എ.– മുസ്ലീം, ഒ.ബി.സി., ധീവര, വിശ്വകർമ്മ, പട്ടികജാതി, എൽ.സി./എ.ഐ.) (കാറ്റഗറി നമ്പർ (180/19, 181/19, 182/19, 183/19, 184/19, 185/19).

### 51 തസ്തികകളിൽ വിജ്ഞാപനം പുറപ്പെടുവിക്കും

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്) സൂപ്രണ്ട്, ജലസേചന വകുപ്പിൽ ഓവർസിയർ/ഡ്രാഫ്ട്സ്മാൻ (മെക്കാനിക്കൽ) ഗ്രേഡ് 1, വനിത ശിശു വികസന വകുപ്പിൽ കെയർ ടേക്കർ (ഫീമെയിൽ), കെ.എസ്.എഫ്.ഇ.യിൽ പ്യൂൺ/വാച്ച്മാൻ (കെ.എസ്.എഫ്.ഇ. യിലെ പാർട്ട് ടൈം ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം), ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ അസിസ്റ്റന്റ് മാനേജർ (ബോയിലർ ഓപ്പറേഷൻ), കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) (കന്നട മാധ്യമം) (തസ്തികമാറ്റം മുഖേന), വിവിധ ജില്ലകളിൽ വിദ്യഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ (നാച്ചുറൽ സയൻസ്) (മലയാളം മാധ്യമം) (തസ്തികമാറ്റം മുഖേന), വിവിധ ജില്ലകളിൽ പ്രിന്റിങ്ങ് വകുപ്പിൽ കമ്പ്യൂട്ടർ ഗ്രേഡ് 2, കേരള ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) (പട്ടികജാതി/പട്ടികവർഗ്ഗം, പട്ടികവർഗ്ഗം), വിവിധ ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം)(പട്ടികവർഗ്ഗം), വിവിധ ജില്ലകളിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (പട്ടികജാതി/പട്ടികവർഗ്ഗം, പട്ടികവർഗ്ഗം), വിവിധ ജില്ലകളിൽ ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2 (പട്ടികജാതി/പട്ടികവർഗ്ഗം), വിവിധ ജില്ലകളിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് (പട്ടികജാതി/പട്ടികവർഗ്ഗം), കേരള കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാത്തമാറ്റിക്സ് (ഏഴാം എൻ.സി.എ.–പട്ടികജാതി, പട്ടികവർഗ്ഗം), വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഹോസ്പിറ്റൽ ഹൗസ് കീപ്പിങ്ങ്) (ഒന്നാം എൻ.സി.എ.– മുസ്ലീം), സാങ്കേതിക വിദ്യഭ്യാസ വകുപ്പിൽ (ഗവ.പോളിടെക്നിക്കുകൾ) ലക്ചറർ ഇൻ സിവിൽ എഞ്ചിനീയറിങ്ങ് (ഒന്നാം എൻ.സി.എ.– പട്ടികവർഗ്ഗം) തുടങ്ങിയ തസ്തികകളിലേക്ക് വിജ്ഞാപനം പ്രസിദ്ധീകരിക്കും.

## അഡീഷണൽ ഇൻറർവ്യൂ പ്രോഗ്രാം നവംബർ 2020

| കെപിഎസ്‌സി ജില്ലാ ആഫീസ്, പാലക്കാട് | | | |
|---|---|---|---|
| 1. | 339/17 | Higher Secondary School Teacher (Junior) Commerce in Higher Secondary Education | 2020 Nov. 24, 25 |

* Denotes that Examination was conducted Online



# സർക്കാർ നിയമനങ്ങളിൽ സാമ്പത്തിക സംവരണം

**പ്രൊഫ: ലോപ്പസ് മാത്യു**
**മെമ്പർ, കേരള പബ്ലിക് സർവീസ് കമ്മീഷൻ**

ഇന്ത്യൻ ഭരണഘടനയുടെ 103-ാം ഭേദഗതിയുടെയും തുടർന്നുള്ള കേന്ദ്രവിജ്ഞാപനങ്ങളുടെയും അടിസ്ഥാനത്തിൽ സമൂഹത്തിലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന പ്രവേശനത്തിലും സർക്കാരുകളിലെ നിയമനങ്ങളിലും 10% സംവരണം ഏർപ്പെടുത്തുന്നതിന് തീരുമാനമായിരിക്കുന്നു.

പ്രസ്തുത സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിധം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ തുടങ്ങിയവ സംബന്ധിച്ച് പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജഡ്ജ് (റിട്ട) ശ്രീ. കെ. ശശിധരൻ നായർ ചെയർമാനായി രണ്ടംഗ കമ്മിഷനെ നിയമിച്ചിരുന്നു. ജഡ്ജ് (റിട്ട) ശ്രീ. കെ. ശശിധരൻ നായർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് സാമ്പത്തിക സംവരണം സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി 12.02.2020 ന് സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. ഈ ഉത്തരവ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ യൂണിവേഴ്സിറ്റികൾക്കും, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തു കഴിഞ്ഞു. മേൽ വിഷയങ്ങളിൽ സർക്കാരിന്റെ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് കേരള പബ്ലിക് സർവീസ് കമ്മിഷൻ ആവശ്യമായ ഭേദഗതി ചട്ടങ്ങളിൽ വരുത്താൻ സർക്കാരിന് ഉപദേശം നൽകിയിരുന്നു.

ഉദ്യോഗ നിയമനത്തിലെ സാമ്പത്തികസംവരണത്തിനുള്ള വിജ്ഞാപനം കേരള സർക്കാർ 2020 ഒക്ടോബർ 23 ന് പുറപ്പെടുവിച്ചു. നിയമനങ്ങളിൽ സാമ്പത്തികസംവരണം നടപ്പാക്കാൻ കേരള സർവീസ് റൂളും കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂളും ഭേദഗതി ചെയ്തു. ഈ പശ്ചാത്തലത്തിലാണ് ഒക്ടോബർ 23 മുതൽ നിലവിലുള്ള എല്ലാ തെരഞ്ഞെടുപ്പ് വിജ്ഞാപനങ്ങളിലും സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം ബാധകമാക്കാൻ പബ്ലിക് സർവീസ് കമ്മിഷൻ തീരുമാനിച്ചത്. ഒക്ടോബർ 23 ന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി കഴിഞ്ഞിട്ടില്ലാത്ത വിജ്ഞാപനങ്ങളിൽ അർഹമായ ഉദ്യോഗാർത്ഥികൾക്ക് ആനുകൂല്യം അവകാശപ്പെടുന്നതിന് ഓൺലൈൻ അപേക്ഷയിലും പ്രൊഫൈലിലും ആവശ്യമായ ഭേദഗതികൾ വരുത്തി. നവംബർ 4 ന് അവസാന തീയതിയുള്ള വിജ്ഞാപനങ്ങളിൽ സംവരണാനുകൂല്യം അവകാശപ്പെടുന്നതിലേക്കായി നവംബർ 14 വരെ സമയം ദീർഘിപ്പിച്ചു നൽകി.

നിലവിലെ റിസർവേഷൻ, റൊട്ടേഷൻ ചാർട്ടിനനുസരിച്ച് 50 ശതമാനം ജനറൽ കമ്മ്യൂണിറ്റികൾക്ക് ബാക്കി 50 ശതമാനം, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും അവരുടെ ജനസംഖ്യാ അടിസ്ഥാനത്തിൽ വ്യത്യസ്ത ശതമാനത്തിലുമാണ്. 20 ഒഴിവുകൾ വരുന്ന ഒരു റൊട്ടേഷൻ ചാർട്ടിൽ ഒന്നിടവിട്ട് ജനറൽ കാറ്റഗറിക്കും, റിസർവേഷൻ കാറ്റഗറിക്കുമായിട്ടാണ് നൽകുന്നത്. അതായത് 1,3,5,7,9,11,13,15,17,19 എന്നീ ടേണുകൾ ജനറൽ വിഭാഗത്തിനും 2,4,6,8,10,12,14,16,18,20 ടേണുകൾ സാമുദായിക പിന്നോക്ക വിഭാഗത്തിനുമായിട്ടാണ് അഡ്വൈസ് ചെയ്യപ്പെടുന്നത്.

സാമ്പത്തിക സംവരണം നടപ്പിൽ വരുത്തുമ്പോൾ ജനറൽ കാറ്റഗറിയിലെ 50 ശതമാനത്തിൽ നിന്നും 10 ശതമാനമാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിന് നൽകുന്നത്. 100 എണ്ണം വരുന്ന റൊട്ടേഷൻ ചാർട്ടിൽ ജനറൽ 40 ശതമാനം, ജനറലിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം, സാമുദായിക റിസർവേഷൻ 50 ശതമാനം എന്നീ നിലയിലായിരിക്കും ഇനി നിയമനങ്ങൾ നടക്കുന്നത്.

സാമ്പത്തിക സംവരണം നടപ്പിൽ വരുത്തുമ്പോൾ ജനറൽ കാറ്റഗറിയിലെ ഒമ്പതാമത്തെ ടേണുകളാണ് സാമ്പത്തിക സംവരണത്തിന് നൽകുന്നത്. 100 പേർ വരുന്ന മൊത്തത്തിലുള്ള റൊട്ടേഷൻ ചാർട്ടിൽ ജനറൽ വിഭാഗത്തിലെ 9,19,29,39,49,59,69,79,89,99 എന്നീ ടേണുകളാണ് സാമ്പത്തിക റൊട്ടേഷുകൾക്ക് ഉപയോഗിക്കുന്നത്. 100 ൽ 10 അതായത് 10 ശതമാനം. കേരള സർവീസ് റൂളും, കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂളും (KSR&KS&SSR) ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ച പശ്ചാത്തലത്തിൽ പി.എസ്.സി. മേൽ പറഞ്ഞ ക്രമത്തിൽ റിസർവേഷൻ നടപ്പിൽ വരുത്തും.

കെ. ശശിധരൻ നായർ കമ്മിഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് സാമ്പത്തിക സംവരണ മാനദണ്ഡം തീരുമാനിച്ചിരിക്കുന്നത്. സാമ്പത്തിക സംവരണം ലഭിക്കുവാൻ കുടുംബ വാർഷിക വരുമാനം 4 ലക്ഷത്തിൽ അധികരിക്കരുത്. റേഷൻകാർഡ് അന്ത്യോദയ, അന്നയോജന വിഭാഗത്തിൽപ്പെട്ടവർക്ക് മറ്റ് മാനദണ്ഡങ്ങൾ പാലിക്കാതെ സംവരണം അനുവദിക്കും.

സംവരണേതര വിഭാഗത്തിന് സാമ്പത്തിക സംവരണം നടപ്പിലാക്കുന്നത് ഭരണഘടനയുടെ ഭാഗം 3 മൗലികാവകാശങ്ങൾ പറയുന്ന ഭാഗത്ത് ആർട്ടിക്കിൾ 16 ൽ പൊതുജീവനം സംബന്ധിച്ച വിഷയങ്ങളിൽ അവസര സമത്വം 1. എല്ലാ പൗരൻമാർക്കും രാഷ്ട്രത്തിന്റെ കീഴിലുള്ള ജീവനത്തെയോ അഥവാ ഏതെങ്കിലും ഉദ്യോഗത്തിലുള്ള നിയമനത്തെയോ സംബന്ധിച്ച വിഷയങ്ങളിൽ അവസര സമത്വം ഉണ്ടായിരിക്കുന്നതാണ്. 2. രാഷ്ട്രത്തിന്റെ കീഴിലുള്ള ഏതെങ്കിലും ജീവനത്തെയോ ഉദ്യോഗത്തെയോ സംബന്ധിച്ച് മതം, വർഗ്ഗം, ജാതി, ലിംഗം, വംശം, ജനനസ്ഥലം, വാസസ്ഥലം എന്നിവയോ അവയിൽ ഏതെങ്കിലുമോ മാത്രം അടിസ്ഥാനമാക്കി യാതൊരു പൗരനും അയോഗ്യനാവുകയോ വിവേചനത്തിന് വിധേയനാകുകയോ ചെയ്യുന്നതല്ല.

മേൽ ഉദ്ധരിക്കുന്ന ഭാഗങ്ങൾ മുന്നോക്ക വിഭാഗത്തിലെ സാമ്പത്തിക സംവരണത്തെ സാധൂകരിക്കുന്നു.

കൂടാതെ ഇപ്പോൾതന്നെ ജാതി സംവരണത്തിൽതന്നെ സാമ്പത്തിക സംവരണം ഉണ്ട്. മുസ്ലീം, ഈഴവ, ഒ.ബി.സി. ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങൾക്ക് ക്രീമിലെയർ അടിസ്ഥാനത്തിൽ വാർഷിക വരുമാനം 8 ലക്ഷത്തിന് മുകളിലുള്ളവർക്ക് സംവരണമില്ല. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമാണ് സാമ്പത്തിക മാനദണ്ഡമില്ലാതെ സംവരണം നൽകുന്നത്. അതിനർത്ഥം ജാതി സംവരണത്തിനകത്തും ഇപ്പോൾത്തന്നെ ഒരു സാമ്പത്തിക സംവരണം ഉണ്ടെന്നുതന്നെയാണ്.

കേരള പബ്ലിക് സർവീസ് കമ്മിഷനെ സംബന്ധിച്ചിടത്തോളം സംവണചട്ടങ്ങൾ പാലിക്കുക എന്നത് ഭരണഘടനാബാധ്യതയാണ്. പുതിയ സാമ്പത്തിക സംവരണത്തിന് എൻ.സി.എ. വിജ്ഞാപനമോ, പുനർവിജ്ഞാപനമോ ഇല്ല. റൂൾ 15 പ്രകാരമുള്ള 50 ശതമാനം സംവരണം കൃത്യമായി നിലനിർത്തിക്കൊണ്ടുതന്നെ സംവരണേതര വിഭാഗത്തിലെ സാമ്പത്തിക സംവരണം പി.എസ്.സി. നടപ്പിലാക്കും. ●

## സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗങ്ങൾക്കുള്ള 10% സംവരണം അപേക്ഷയിൽ അവകാശപ്പെടാനുള്ള നടപടിക്രമങ്ങൾ

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗങ്ങൾക്കുള്ള 10% സംവരണം 23-10-2020 ൽ നിലവിലുള്ളതും അതിനുശേഷം പുറപ്പെടുവിക്കുന്നതുമായ വിജ്ഞാപനങ്ങൾ പ്രകാരമുള്ള തസ്തികകൾക്ക് ബാധകമാക്കികൊണ്ട് 2020 നവംബർ 2 ന് കൂടിയ കമ്മിഷൻ യോഗത്തിൽ തീരുമാനമായിരിക്കുന്നു. ഇത് പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകുന്നതിന് ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. പ്രൊഫൈലിൽ ലോഗിൻ ചെയ്യുക.
2. ഹോം സ്ക്രീനിൽ കാണുന്ന EWS Economically Weaker Sectionsഎന്ന ബട്ടണിൽ click ചെയ്യുക.
3. Do you belong to Economically Weaker Section? എന്ന ചോദ്യത്തിന് YES തെരെഞ്ഞെടുക്കുക.
4. അതിന് താഴെയുള്ള ഡിക്ലറേഷൻ ടിക്ക് ചെയ്ത് SAVE ബട്ടൺ അമർത്തി പൂർത്തിയാക്കുക.
5. 23.10.2020 ൽ നിലവിലുള്ളതും അതിനുശേഷം പുറപ്പെടുവിക്കുന്നതുമായ വിജ്ഞാപനങ്ങൾ പ്രകാരമുള്ള തസ്തികകൾക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത അപേക്ഷകൾ ഉദ്യോഗാർഥികൾ തന്നെ പരിശോധിച്ച് EWS claim ഉറപ്പ് വരുത്തേണ്ടതാണ്.
6. കമ്മീഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 16-11-2020, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 16.11.2020 അവസാന തീയതി: 23.12.2020 ബുധനാഴ്ച വൈകുന്നേരം 5 മണി വരെ**

## കാറ്റഗറി നമ്പർ : 189/2020

## സിവിൽ എക്സൈസ് ഓഫീസർ

**(പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങൾക്കും Most primitive groupൽ ഉൾപ്പെട്ടവർക്കും മാത്രം)**

## എക്സൈസ്

കേരള സംസ്ഥാന സർവ്വീസിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്ക് പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങളിലെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിശ്ചിത മാതൃകയിൽ എഴുതി (മാതൃക ചുവടെ ചേർക്കുന്നു) അപേക്ഷകൾ ക്ഷണിക്കുന്നു. മേൽപ്പറഞ്ഞ വിഭാഗങ്ങൾ ലഭ്യമല്ലാത്തപക്ഷം അട്ടപ്പാടി ബ്ലോക്കിലെ Most primitive group-ൽ ഉൾപ്പെട്ടവരെയും പരിഗണിക്കുന്നതാണ്.

**1 വകുപ്പ്** : എക്സൈസ്

**2 ഉദ്യോഗപ്പേര്** : സിവിൽ എക്സൈസ് ഓഫീസർ (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങൾക്കും Most primitive group-ൽ ഉൾപ്പെട്ടവർക്കും മാത്രം)

(കുറിപ്പ്: ഭിന്നശേഷിയുള്ളവർക്കും വനിതകൾക്കും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.)

**3 ശമ്പളം** : ₹ 20000–45800/-

**4 ഒഴിവുകളുടെ എണ്ണം**: ജില്ലാടിസ്ഥാനത്തിൽ
പാലക്കാട് 1

കുറിപ്പ്:(i) 10.11.2010ലെ GO(P)NO.264/10/TD (SRO 1025/10) ഉം 03.10.2015 ലെ GO(P)No.178/2015/TD (SRO No.669/2015) ഉം പ്രകാരമാണ് ഈ തസ്തികയുടെ പേര്, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

ii) ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം പാലക്കാട് ജില്ലയ്ക്ക് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം നിലവിലിരിക്കുന്നതാണ്. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങൾക്കും Most primitive groupനും മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

iii) 23.08.2016ലെ സ.ഉ (എം.എസ്) നം.84/2016/നി.വ പ്രകാരം ഈ തസ്തികയുടെ തെരഞ്ഞെടുപ്പ് പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങൾക്കും most primitive groupനും മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വിജ്ഞാപനം പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിലായിരിക്കും. PSCയുടെ പാലക്കാട് ജില്ലാ ആഫീസിലേയ്ക്കാണ് അപേക്ഷ അയയ്ക്കേണ്ടത്.

iv) അപേക്ഷകൻ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ എന്നീ വിഭാഗങ്ങളിൽപ്പെടുന്നതോ most primitive groupൽ പെടുന്നതോ ആയ ആളാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളിൽ നിന്ന് വാങ്ങേണ്ടതും (അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതിയ്ക്കു മുൻപ്), ആയത് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

v) അപേക്ഷകൻ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫോറസ്റ്റ് റേഞ്ചർ/ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറിൽ നിന്ന് വാങ്ങേണ്ടതും (അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതിയ്ക്കു മുൻപ്), ആയത് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

(പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് ലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയാൻ, കാട്ടുനായിക്കൻ വിഭാഗങ്ങളിൽ നിന്നും most primitive group ൽ നിന്നും മാത്രം)

**കുറിപ്പ്:** 1. മേൽ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

2) സ്പെഷ്യൽ ഡ്രൈവ് മുഖേനയുള്ള പ്രത്യേക നിയമനം സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്കിടയിൽ വ്യാപകമായ പ്രചാരണം നടത്തുന്നതിനായി ആദിവാസ ഊരുകളിൽ പ്രവർത്തിക്കുന്ന ഫീൽഡ് ഓഫീസർമാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നിർദ്ദേശം നൽകുന്നതാണ്. 21.03.2015ലെ GO(Rt)No.708/2015/Home പ്രകാരം പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങളെ എല്ലാം ഏകോപിപ്പിക്കുന്നതിനായി സർക്കാർ തന്നെ നിയോഗിച്ചിട്ടുള്ള ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഇതു സംബന്ധിച്ച വ്യാപകമായ പ്രചാരണം നടത്തുന്നതിനായി നിർദ്ദേശം നൽകേണ്ടതാണ്. സ്പെഷ്യൽ ഡ്രൈവ് മുഖേനയുള്ള പ്രത്യേക നിയമനം സംബന്ധിച്ച് യോഗ്യതയും താല്പര്യവുമുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കിടയിലും വ്യാപകമായ അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്ന് പ്രസ്തുത ഉദ്യോഗസ്ഥൻമാർ ഉറപ്പുവരുത്തേണ്ടതാണ്.

**6 പ്രായം** : 19 – 36, ഉദ്യോഗാർത്ഥികൾ 02.01.1984 നും 01.01.2001 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വയസ് ഇളവിനെ സംബന്ധിച്ച് മറ്റ് ആനുകൂല്യങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7 യോഗ്യതകൾ** :

1) വിദ്യാഭ്യാസ യോഗ്യത : പ്ലസ്ടു (+2) പരീക്ഷ വിജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത നേടിയിരിക്കണം.

**കുറിപ്പ് :** 1) മുകളിൽ സൂചിപ്പിച്ച യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ 8 -ാം ക്ലാസ് പാസ്സായവർവരെയുള്ളവരെയും പരിഗണിക്കുന്നതാണ്.

2) യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

**2) ശാരീരിക യോഗ്യത :** ഉയരം കുറഞ്ഞത് 160 സെ.മീ (155 സെ.മീ വരെയുള്ളവർക്ക് ഇളവ് അനുവദിക്കുന്നതാണ്), നെഞ്ചളവ് കുറഞ്ഞത് 76 സെ.മീ ഉം ( 72 സെ.മീ വരെയുള്ളവർക്ക് ഇളവ് അനുവദിക്കുന്നതാണ്) എന്നാൽ പൂർണ്ണ ഉഛ്വാസത്തിൽ കുറഞ്ഞത് 5സെ.മീ വികാസം ഉണ്ടായിരിക്കണം.

**3) കായിക ശേഷിയും കാഴ്ച ശക്തിയും :**

(i) ഔട്ട്ഡോർ ജോലികൾ സജീവമായി ചെയ്യാനുള്ള കായികശേഷിയും ശാരീരിക യോഗ്യതയും കഴിവും ഉണ്ടെന്നു കാണിക്കുന്നതും അസിസ്റ്റന്റ് സർജ്ജനിൽ താഴെയല്ലാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തുന്നതുമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓരോ ഉദ്യോഗാർത്ഥിയും ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

(ii) താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| a) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| c) കളർ വിഷൻ | സാധാരണ | സാധാരണ |
| d) നിശാന്ധത | ഇല്ലാതിരിക്കണം | ഇല്ലാതിരിക്കണം |

കുറിപ്പ് : (1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(2) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് അസ്സൽ കായികക്ഷമതാ പരീക്ഷയുടെ മുന്നോടിയായുള്ള പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

### FORM OF MEDICAL CERTIFICATE

I have this day, medically examined Sri ........................................ and found that his/her hearing is perfect, his muscles and joints are free from paralysis and all joints are with free movements and his nervouss ystem is perfectly normal and free from any infectious diseases which would render him unsuitable for Government Services. His age accroding to his own statement is .................. and by appearance is ..................... and his standards of vision is as follows:

Standard of vision without glass

| | Right Eye | Left Eye |
|---|---|---|
| 1) Distant Vision | ............. Snellen | ............. Snellen |
| 2) Near Vision | ............. Snellen | ............. Snellen |
| 3) Field of Vision | ...................... | ...................... |
| 4) Colour Vision | ...................... | ...................... |
| 5) Night Blindness | ...................... | ...................... |

(Specify whether field of vision is full or not. Etnries such as normal, good etc are inappropriate)

He is physically fit for the post of Civil Excise Officer in the Excise Department.

Place: Signature
Date: Name & Designation of Medical Officer
(Office Seal)

**കുറിപ്പ് :** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

4) കായികക്ഷമതാ പരീക്ഷ : ഉദ്യോഗാർത്ഥികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന കായിക ക്ഷമതാ പരീക്ഷ ജയിച്ചിരിക്കേണ്ടതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺസ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 3 (മൂന്ന്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|
| 1 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 ഹൈ ജമ്പ് | 132.20 സെ.മീ |
| 3 ലോംഗ് ജമ്പ് | 457.20 സെ.മീ |
| 4 പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ |
| 5 ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 സെ.മീ |
| 6 റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7 പുൾ അപ്പ് അഥവാ ചിന്നിംഗ് | 8തവണ |
| 8 1500 മീറ്റർ ഓട്ടം | 5മിനിട്ട്44 സെക്കന്റ് |

**കുറിപ്പ് :** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായിക ക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**കുറിപ്പ്** i) ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലുമുള്ള (എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കുറഞ്ഞത് 180 പ്രവൃത്തി ദിവസമെങ്കിലും) അടിസ്ഥാന പരിശീലനം സിവിൽ എക്സൈസ് ഓഫീസർ ട്രെയിനി വിജയകരമായി പൂർത്തിയാക്കേണ്ടതുണ്ട്. പരിശീലനത്തിലേർപ്പെടുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരെ, രണ്ട് വർഷത്തിനുള്ളിൽ പരിശീലനം വിജയകരമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതും, പരാജയപ്പെടുന്ന പക്ഷം അവരെ പ്രൊമോഷന് പരിഗണിക്കുന്നതുമല്ല.

ii) എൻ.സി.സി യുടെ ' എ' , 'ബി', ' സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം ' 2%' , '3%' , '5% ' എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതാണ്.

**8. അപേക്ഷ സമർപ്പിയ്ക്കേണ്ട രീതി :**

യോഗ്യരായ ഉദ്യോഗാർത്ഥികൾ എഴുതിയതോ ടൈപ്പ് ചെയ്തതോ ആയ അപേക്ഷകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ നേരിട്ടോ തപാൽ മുഖേനയോ ക്രമ നമ്പർ 9ൽ പറയുന്ന തീയതിക്കകം സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം യോഗ്യത, വയസ്സ്, ജാതി, നേറ്റിവിറ്റി എന്നിവ തെളിയിക്കുന്നതായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉൾപ്പെടുത്തേണ്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഫീൽഡ് ഓഫീസർമാർ ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും യോഗ്യതയും താല്പര്യവുമുള്ള എല്ലാ ഉദ്യോഗാർത്ഥികളും നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**കുറിപ്പ്** അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളും, അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളും വ്യാജമാണെന്ന് പിന്നീട് തെളിയുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ നിയമനശിപാർശ നിരുപാധികമായി റദ്ദു ചെയ്യുന്നതാണ്.

### അപേക്ഷയുടെ മാതൃക

1 തസ്തികയുടെ പേര് :
2 കാറ്റഗറി നമ്പർ :
3 അപേക്ഷ സമർപ്പിക്കുന്ന ജില്ല :
4 അപേക്ഷകന്റെ പേര് :
5 അപേക്ഷകന്റെ പിതാവ് / മാതാവ് / രക്ഷകർത്താവിന്റെ പേര്:
6 അപേക്ഷകന്റെ ജനന തീയതി, വയസ്സ് :
7 അപേക്ഷകന്റെ ജാതി :
8 സ്ത്രീ / പുരുഷൻ :
9 അപേക്ഷകൻ വെയിറ്റേജ് മാർക്കിന് (എൻ.സി.സി./സ്പോർട്സ് തുടങ്ങിയവ) അർഹനാണൊ ? :
10 അർഹനാണെങ്കിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തുക (9ന്റെ വിശദാംശങ്ങൾ) :
11 സ്ഥിരം മേൽവിലാസം :
12 യോഗ്യത :

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിൽ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ്
തീയതി: ഉദ്യോഗാർത്ഥിയുടെ പേര്:
ഫോൺ നമ്പർ :

### സാക്ഷ്യപത്രം

..................... തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം .................................. തസ്തികയിലേക്ക് (Category-No..................)അപേക്ഷ സമർപ്പിച്ച .................................. ശ്രീ............................................... രക്ഷിതാവിന്റെ പേര് ................................. കേരള സംസ്ഥാനത്തെ ........................................ ...................................ജില്ലയിലെ......................... താലൂക്കിലെ ............................. വില്ലേജിലെ .................................. താഴെ പറയുന്ന പ്രദേശത്ത് സ്ഥിരതാമസക്കാരനാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

1. ബ്ലോക്കിന്റെ പേര് : .................................................
2. വനാന്തരം/വനാതിർത്തി : ................................................
(ബാധകമായത് എഴുതി ചേർക്കുക)
3. സെറ്റിൽമെന്റ് കോളനിയിലെ സ്ഥിരതാമസക്കാരനാണോ? : ...................................................
(അതെ/അല്ല)
4. ആണെങ്കിൽ കോളനിയുടെ പേര്: ........................................................

ഈ സാക്ഷ്യപത്രം മേൽ തസ്തികയ്ക്കുവേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ ഹാജരാക്കുന്നതിനുവേണ്ടി നൽകിയിട്ടുള്ളതാണ്

പേര് :
ഉദ്യോഗപ്പേര് :
(ഫോറസ്റ്റ് റേഞ്ചർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/
ഔദ്യോഗിക വിലാസം :

സ്ഥലം :
തീയതി : (ഓഫീസ് സീൽ)

അപേക്ഷയോടൊപ്പം താഴെപറയുന്ന രേഖകൾകൂടി സമർപ്പിക്കേണ്ടതാണ്.

1) ജനനത്തീയതി/പ്രായം/പ്ലസ് 2 യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

2) അപേക്ഷകൻ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളാണെന്ന് തെളിയിക്കുന്ന റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്. (പണിയൻ/അടിയാൻ/കാട്ടുനായിക്കൻ വിഭാഗവും അട്ടപ്പാടി ബ്ലോക്കിലെ most primitiv- groupഉം മാത്രം).

3) അപേക്ഷകൻ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ പട്ടികവർഗ്ഗ സെറ്റിൽമെന്റ് കോളനിയിലെ സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്ന ഫോറസ്റ്റ് റേഞ്ചർ / ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ

**അസാധാരണ ഗസറ്റ് തീയതി: 16.11.2020 അവസാന തീയതി: 23.12.2020 ബുധനാഴ്ച വൈകുന്നേരം 5 മണി വരെ**

നൽകുന്ന മേൽ സൂചിപ്പിച്ച പ്രകാരമുള്ള സാക്ഷ്യപത്രം .

9. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : .......... 2020 ബുധനാഴ്ച വൈകുന്നേരം 5 മണി വരെ

10 അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം : പാലക്കാട്
ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസ്,
സിവിൽ സ്റ്റേഷൻ,പാലക്കാട് 678 001
ഫോൺ : 04912505398

**കുറിപ്പ് :** പാലക്കാട് ജില്ലാ ആഫീസിലേയ്ക്കല്ലാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയോ, അഡീഷണൽ സെക്രട്ടറിയുടെയോ, റീജിയണൽ ആഫീസറുടെയോ, ഡെപ്യൂട്ടി സെക്രട്ടറിയുടേയോ പേരിൽ അയയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, 30.01.2016ലെ സ.ഉ (എം.എസ്) നം.10/2016/നി.വ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(ഫോട്ടോ, ഐ ഡി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകൾ നോക്കുക.

## കാറ്റഗറി നമ്പർ: 190 /2020
## ട്രൈബൽ വാച്ചർ
### വനം

15.05.2013 ലെ G.O. (MS) No. 53/2013/F&WLD, 23.08.2013 ലെ G.O. (MS) No. 80/2013/Forest എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കേരള സംസ്ഥാന സർവ്വീസിൽ വനം വകുപ്പിൽ ട്രൈബൽ വാച്ചർ തസ്തികയിലേയ്ക്ക് വനത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന ആദിവാസികൾക്കു വേണ്ടിയുള്ള പ്രത്യേക നിയമന പദ്ധതി പ്രകാരം പട്ടിക വർഗ്ഗക്കാർക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന തെരഞ്ഞെടുപ്പ്.

കേരള സംസ്ഥാന സർവ്വീസിൽ വനം വകുപ്പിൽ ട്രൈബൽ വാച്ചർ തസ്തികയിലേയ്ക്ക് വനത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഇതോടൊപ്പം ചേർത്തിരിക്കുന്ന അപേക്ഷാ ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| **1. വകുപ്പ്** | : | വനം |
| **2. ഉദ്യോഗപ്പേര്** | : | ട്രൈബൽ വാച്ചർ |
| **3. ശമ്പളം** | : | ₹ 8500 – 13210/- |
| **4. ഒഴിവുകളുടെ എണ്ണം** | : | വയനാട് 02 |

**കുറിപ്പ്** :(i) വനിതകൾക്കായി പ്രത്യേകം ഒഴിവുകൾ നീക്കി വെച്ചിട്ടില്ലാത്ത ജില്ലകളിലെ ഒഴിവുകളിൽ നിശ്ചിത എണ്ണം വനിതകൾക്കായി നീക്കി വെച്ചിട്ടുള്ളതാണ്.

(ii) ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് വനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗക്കാരായ ആദിവാസികൾക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(iii) 15.05.2013 ലെ (എം.എസ്) 53/13/F&WLD പ്രകാരം ഈ തസ്തികയുടെ തെരഞ്ഞെടുപ്പ് പട്ടികവർഗ്ഗത്തിൽപ്പെട്ട ആദിവാസികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആയിരിക്കും. ഓരോ ജില്ലയിലേയ്ക്കും അതത് ജില്ലകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

**5. നിയമനരീതി** : വനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗ ആദിവാസികളിൽ നിന്നും നേരിട്ടുള്ള നിയമനം. പട്ടിക വർഗ്ഗത്തിൽപ്പെട്ട ആദിവാസികളായ വനിതകൾക്കും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

**കുറിപ്പ് :** (i) ആദിവാസി പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

(ii) **വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.**

**6. പ്രായം** : 01.01.2020 ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 50 (അൻപത്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. പ്രായപരിധി സംബന്ധിച്ചുള്ള മറ്റാനുകൂല്യങ്ങളൊന്നും നൽകുന്നതല്ല.

**7. യോഗ്യതകൾ** : കേരളത്തിലെ വനാതിർത്തിയിലോ, വനത്തിലോ ഉള്ള ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആരോഗ്യവാൻമാരും, സാക്ഷരരും ആയ യുവതി യുവാക്കൾ ആയിരിക്കണം.

**കുറിപ്പ്:** തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഫോറസ്റ്റ് സ്ക്കൂളിലോ/ട്രെയിനിംഗ് സെന്ററിലോ മൂന്നു മാസത്തെ പരിശീലനം നൽകുന്നതായിരിക്കും.

**പ്രത്യേക ആനുകൂല്യങ്ങൾ** : റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ മുൻഗണന അവിവാഹിതരായ അമ്മമാരുടെ മക്കൾക്കും അതിനു ശേഷം വനം വകുപ്പിൽ താത്ക്കാലിക വാച്ചർമാരായി സേവനമനുഷ്ടിക്കുന്നവർക്കും നൽകുന്നതാണ്.

**8. അപേക്ഷ അയയ്ക്കേണ്ട രീതി** : അതത് ജില്ലാ ആഫീസർമാരുടെ മേൽവിലാസത്തിൽ ഇതോടൊപ്പം നൽകിയിരിക്കുന്ന മാതൃകയിൽ വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയതോ, ടൈപ്പ് ചെയ്തതോ ആയ അപേക്ഷ അയയ്ക്കേണ്ടതാണ്. അപേക്ഷ ഫീസ് ഇല്ല. കവറിന്റെ മുകൾ ഭാഗത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേര്, വകുപ്പിന്റെ പേര്, കാറ്റഗറി നമ്പർ എന്നിവ എഴുതേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ പേരും, മേൽവിലാസവും കവറിന്റെ ഇടതു വശത്തും അപേക്ഷ അയയ്ക്കേണ്ട വിലാസം വലതു വശത്തും എഴുതേണ്ടതാണ്.

**കുറിപ്പ്:** അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളും, അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളും വ്യാജമാണെന്ന് പിന്നീട് തെളിയുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ നിയമന ശിപാർശ നിരുപാധികമായി റദ്ദ് ചെയ്യുന്നതാണ്.

**അപേക്ഷയുടെ മാതൃക**

1 തസ്തികയുടെ പേര് :
2 കാറ്റഗറി നമ്പർ :
3 അപേക്ഷ സമർപ്പിക്കുന്ന ജില്ല :
4 അപേക്ഷകന്റെ പേര് :
5 അപേക്ഷകന്റെ പിതാവിന്റെ /മാതാവിന്റെ/ രക്ഷകർത്താവിന്റെ പേര് :
6 അപേക്ഷകന്റെ ജനന തീയതി, വയസ്സ് (01.01.2020 ൽ 50 വയസ്സ് കവിയരുത്.) :
7 അപേക്ഷകന്റെ ജാതി :
8 സ്ത്രീയോ/പുരുഷനോ :
9 സ്ഥിരം മേൽവിലാസം :
10 യോഗ്യത :
11 വാച്ചറായി വനം വകുപ്പിൽ ജോലി ചെയ്തിട്ടുണ്ടോ? :
ഉണ്ട്/ഇല്ല.
12 ഉണ്ടെങ്കിൽ എത്ര കാലം ജോലി ചെയ്തിട്ടുണ്ട് :
13 അവിവാഹിതരായ അമ്മയുടെ മകനോ, മകളോ ആണോ? :

സ്ഥലം:
തീയതി: അപേക്ഷകന്റെ ഒപ്പ്

**സാക്ഷ്യപത്രം**

..................... തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം .................................. തസ്തികയിലേക്ക് (Category-No. .....................)അപേക്ഷ സമർപ്പിച്ച ........................................ ശ്രീ.......................................................... രക്ഷിതാവിന്റെ പേര് ...................................... കേരള സംസ്ഥാനത്തെ ............................ ജില്ലയിലെ................................................ താലൂക്കിലെ ...................................... വില്ലേജിലെ ............................. താഴെ പറയുന്ന പ്രദേശത്ത് സ്ഥിരതാമസക്കാരനാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

1. ബ്ലോക്കിന്റെ പേര് : ..........................................................................
2. വനാന്തരം/വനാതിർത്തി : .......................................................................... (ബാധകമായത് എഴുതി ചേർക്കുക)
3. സെറ്റിൽമെന്റ് കോളനിയിലെ സ്ഥിരതാമസക്കാരനാണോ? : ............................ (അതെ/അല്ല)
4. ആണെങ്കിൽ കോളനിയുടെ പേര്: .......................................................

ഈ സാക്ഷ്യപത്രം മേൽ തസ്തികയ്ക്കുവേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ ഹാജരാക്കുന്നതിനുവേണ്ടി നൽകിയിട്ടുള്ളതാണ്

പേര് :
ഉദ്യോഗപ്പേര് :
( ഫോറസ്റ്റ് റേഞ്ചർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/
ഔദ്യോഗിക വിലാസം :

സ്ഥലം :
തീയതി : (ഓഫീസ് സീൽ)

23.08.2013 ലെ സ.ഉ.(എം.എസ്) നമ്പർ : 80/13/ വനം പ്രകാരം അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.

1)) ജനനത്തീയതി/പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
2) അപേക്ഷകർ ഗിരി വർഗ്ഗക്കാരാണെന്ന് തെളിയിക്കുന്ന റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്.
3) ഗിരി വർഗ്ഗ സെറ്റിൽമെന്റിൽ സ്ഥിരം താമസക്കാരനാണെന്ന് തെളിയിക്കുന്ന ഫോറസ്റ്റ് റേഞ്ചർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ്.
4)അപേക്ഷകർ നിലവിൽ വനം വകുപ്പിൽ വാച്ചറായി സേവനം അനുഷ്ടിച്ച് വരുന്നതോ സേവനം അനുഷ്ടിച്ചിരുന്നതോ എന്ന് തെളിയിക്കുന്ന റേഞ്ച് ഓഫീസറുടെയോ അതിനു മുകളിലോ ഉള്ള വനം വകുപ്പ് ഉദ്യോഗസ്ഥൻ നൽകുന്ന സർട്ടിഫിക്കറ്റ്.
5) അപേക്ഷകർ അവിവാഹിതരായ അമ്മമാരുടെ മക്കളാണെങ്കിൽ അക്കാര്യം ഫോറസ്റ്റ് റേഞ്ച് ആഫീസറോ, അതിന് മുകളിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ്

10. അപേക്ഷ അയയ്ക്കേണ്ട വിലാസം : ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്
രണ്ടാം നില, എം.ജി.ടി ബിൽഡിംഗ്
നോർത്ത് കൽപ്പറ്റ പി.ഒ് വയനാട് : 6732 122

**കുറിപ്പ് :** അതാത് ജില്ലാ ആഫീസിലേയ്ക്കല്ലാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയോ, അഡീഷണൽ സെക്രട്ടറിയുടെയോ , റീജിയണൽ ആഫീസറുടെയോ, ഡെപ്യൂട്ടി സെക്രട്ടറിയുടെയോ പേരിൽ അയയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

11. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിലെ റാങ്ക് അനുസരിച്ചും 15.05.2013 ലെ G.O (MS) No. 53/2013/F&WLD, 23.08.2013 ലെ G.O (MS) No. 80/13/Forest എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും ആയിരിക്കും.

**അസാധാരണ ഗസറ്റ് തീയതി: 16.11.2020 അവസാന തീയതി: 23.12.2020 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ My applications എന്ന ലിങ്കിൽ Click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകൾ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൌൺലോഡ് ചെയ്യുന്നതിനുള്ള സൌകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്. **എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

## അസാധാരണ ഗസറ്റ് തീയതി: 16.11.2020 അവസാന തീയതി: 23.12.2020 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

# ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്ററി നമ്പർ : 191/2020 – 195/2020
### ഇൻസ്ട്രക്ടർ ഗ്രേഡ് I (എഞ്ചിനീയറിംഗ് കോളേജുകൾ)
### സാങ്കേതിക വിദ്യാഭ്യാസം

1 **വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ഇൻസ്ട്രക്ടർ ഗ്രേഡ് I (എഞ്ചിനീയറിംഗ് കോളേജുകൾ) (താഴെ പറയുന്ന വിഷയങ്ങളിൽ)

| ക്രമ നം. | കാറ്റഗറി നം. | വിഷയങ്ങൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | 191/2020 | സിവിൽ | 3 |
| 2 | 192/2020 | കെമിക്കൽ എഞ്ചിനീയറിംഗ് | 2 |
| 3 | 193/2020 | ഇൻഫർമേഷൻ ടെക്കനോളജി | 1 |
| 4 | 194/2020 | കമ്പ്യൂടർ എഞ്ചിനീയറിംഗ് | 1 |
| 5 | 195/2020 | ഇലക്ട്രോണിക്സ് | പ്രതീക്ഷിത ഒഴിവുകൾ |

3 **ശമ്പളം** : ₹ 39500 – 83000/ രൂപ
4 **നിയമന രീതി** : നേരിട്ടുള്ള നിയമനം
5 **പ്രായം** : 20–44 ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**കുറിപ്പ് :** സാങ്കേതിക വിദ്യാഭ്യാസം, പൊതുമരാമത്ത്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, വ്യവസായം, ആർക്കിടെക്ചർ ആന്റ് ടൌൺ പ്ലാനിംഗ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാവുന്നതാണ്. അവർക്ക് അതാത് വകുപ്പുകളിലെ സേവന ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 01.01.2020ൽ 50 വയസ്സ് കവിയാൻ പാടില്ല.

6 **യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനം വഴി ബന്ധപ്പെട്ട ശാഖയിൽ എഞ്ചിനീയറിംഗ് / ടെക്നോളജിയിൽ അവസാന യോഗ്യതപരീക്ഷയിലോ അല്ലെങ്കിൽ മൊത്തത്തിലോ 60% മാർക്കിൽ കുറയാതെയുള്ള ബിരുദം.

**പ്രൊബേഷൻ :** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

**പ്രതിരോധ സേവനം**
മേൽ പറഞ്ഞ ജോലിയിൽ നിയമിക്കപ്പെടുന്നവർ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം, തൽസമയം ഉയർന്ന ജോലിയിലാണെങ്കിൽ തന്നെയും പരിശീലന കാലയളവുൾപ്പെടെ നാല് വർഷമെങ്കിലും ഇന്ത്യയ്ക്കകത്തോ പുറത്തോ പ്രതിരോധ വകുപ്പിലോ പ്രതിരോധ യത്നങ്ങളോടനുബന്ധിച്ചുള്ള ജോലിയിലോ സേവനം അനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. പ്രതിരോധ വകുപ്പിലെ ഈ സേവന ബാധ്യത സർവ്വീസിലെ ആദ്യത്തെ പത്ത് വർഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്. നാൽപത് വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ഈ നിയമം ബാധകമല്ല.

### കാറ്റഗറി നമ്പർ : 196/2020
### ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ
### (സ്ത്രീകളിൽ നിന്നും മാത്രം)
### വനിതാ ശിശുവികസന വകുപ്പ്

1. **വകുപ്പ്** : വനിതാ ശിശുവികസന വകുപ്പ്
2. **ഉദ്യോഗപ്പേര്** : ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ (സ്ത്രീകളിൽ നിന്നും മാത്രം)
3. **ശമ്പളം** : ₹ 35700–75600 /-
4. **ഒഴിവുകളുടെ എണ്ണം** : 04 (നാല്)

**കുറിപ്പ്:**മൂന്ന് ശതമാനം (3%) ഒഴിവുകൾ ഭിന്നശേഷി ഉദ്യോഗാർത്ഥികളിൽ Locomotor Disabiltiy/ Cerebral Palsy വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി 17.10.2012 തീയതിയിലെ G.O(P)No.61/2012/SWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംവരണം ചെയ്തിരിക്കുന്നു. എന്നാൽ ഭിന്നശേഷി ഉദ്യോഗാർത്ഥികളിൽ Hearing Impairment, Blindness/ Low Vision വിഭാഗത്തിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം. (സ്ത്രീകളിൽ നിന്നും മാത്രം)
6. **പ്രായം** : 25–41. ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.1995നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് II ലെ രണ്ടാം ഖണ്ഡിക നോക്കുക.)
7. **യോഗ്യതകൾ** : എ)ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഹോംസയൻസ്, സോഷ്യൽ വർക്ക്, സോഷ്യോളജി അല്ലെങ്കിൽ സൈക്കോളജിയിൽ ലഭിച്ചിട്ടുള്ള ബിരുദാനന്തര ബിരുദം.

ബി)ഭാരത സർക്കാരോ, കേരള സർക്കാരോ അംഗീകരിച്ച സോഷ്യൽ വർക്കിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്** : 2. ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ എന്ന തസ്തിക സ്ത്രീകൾക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളതാണ്.

3. ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർമാരിൽ ഏറ്റവും സീനിയറായ വ്യക്തിയെ ചട്ടങ്ങൾ നിലവിൽ വരുന്ന തീയതിക്കുശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ പ്രോഗ്രാം ഓഫീസറായി (സംയോജിത ശിശുവികസന സേവന പദ്ധതി) നിയമിക്കുന്നതാണ്.

8. **പ്രൊബേഷൻ** : ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്ന ഏതൊരാളും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷക്കാല സേവനത്തിനിടയിൽ ആകെ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും.

9. **പരീക്ഷ** : വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടില്ലെങ്കിൽ നിയമനം നേടിയവർ പ്രൊബേഷൻ കാലയളവിൽ താഴെപ്പറയുന്ന പരീക്ഷകൾ പാസ്സാകേണ്ടതാണ്.
1) അക്കൗണ്ട് ടെസ്റ്റ് ലോവർ അല്ലെങ്കിൽ അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ്.
2) മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ടെസ്റ്റ്.

10. **പരിശീലനം** : 1) നേരിട്ടുള്ള നിയമനരീതി വഴി നിയമനം ലഭിച്ചവർ വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്ന പ്രോഗ്രാമിനനുസൃതമായി മൂന്നുമാസത്തെ പരിശീലനം നേടിയിരിക്കണം.
2) പരിശീലന കാലയളവ് എല്ലാ സേവനാനുകൂല്യങ്ങൾക്കും കണക്കാക്കുന്നതാണ്.

### കാറ്റഗറി നമ്പർ : 197/2020
### ജൂനിയർ റെക്കോർഡിസ്റ്റ്
### കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

1. **വകുപ്പ്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
2. **ഉദ്യോഗപ്പേര്** : ജൂനിയർ റെക്കോർഡിസ്റ്റ്
3. **ശമ്പളം** : ₹ 30700–65400/-
4. **ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ് :** (2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം
6. **പ്രായം** : 18–36; ഉദ്യോഗാർത്ഥികൾ 02.01.1984 നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്കായി പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
7. **യോഗ്യതകൾ** : (1.) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും സൗണ്ട് റിക്കോർഡിംഗ്, സൗണ്ട് എഞ്ചിനീയറിംഗ് എന്നിവയിലുള്ള മൂന്ന് (3) വർഷത്തെ ഡിപ്ലോമ കോഴ്സ്.

(2.) ഒരു പ്രശസ്ത ഫിലിം സ്റ്റുഡിയോയിൽ പ്രൊഫഷണൽ റിക്കോർഡിംഗ് വർക്കിൽ കുറഞ്ഞത് ഒരു വർഷത്തെ പരിചയം.

മുകളിൽ പറഞ്ഞ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ താഴെ പറയുന്ന യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

എ.) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത.

ബി.) ഒരു പ്രശസ്ത ഫിലിം സ്റ്റുഡിയോയിൽ സൗണ്ട് റിക്കോർഡിസ്റ്റായി അഞ്ച് (5) വർഷത്തെ പരിചയം.

**കുറിപ്പ്** : പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii),(iv),(vi),& (xii) നോക്കുക.)

Note:- (2)നിശ്ചിത പ്രായോഗിക പരിചയം നേടിയ പട്ടികജാതി / പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ മേൽപ്പറഞ്ഞ പ്രായോഗിക പരിചയം ഇല്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതാണ്. ആവശ്യമെങ്കിൽ അങ്ങനെയുള്ളവർക്ക് പ്രൊബേഷൻ കാലയളവിൽ ഇൻസർവീസ് ട്രെയിനിംഗ് നൽകുന്നതാണ്.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

**കുറിപ്പ്** : 1. പരിചയസർട്ടിഫിക്കറ്റുകൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ രുപീകരിക്കപ്പെട്ട 5 അംഗ കമ്മിറ്റിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

2. പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ സൂചിപ്പിച്ച മാതൃകയിൽ പരിചയസർട്ടിഫിക്കറ്റിന്റെ Scanned Image Upload ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു.

3. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

4. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

5. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ 19, 20 & 21 ഖണ്ഡികകൾ കാണുക.

6.ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി/അപ്രന്റീസ്/സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

11. a. പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡികയിലെ (v) ,(viii), (ix), (x), (xi), (xiii), എന്നീ ഉപഖണ്ഡികകളും 5,6,7 എന്നീ ഖണ്ഡികകളും മേൽ പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b. മേൽപറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

### കാറ്റഗറി നമ്പർ : 198/2020
### ഓവർസീയർ/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് – I (ഇലക്ട്രിക്കൽ)
### പൊതുമരാമത്ത് / ജലസേചനം

1. **വകുപ്പ്** : പൊതുമരാമത്ത് / ജലസേചനം
2. **ഉദ്യോഗപ്പേര്** : ഓവർസീയർ/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് – I (ഇലക്ട്രിക്കൽ)
3. **ശമ്പളം** : ₹ 26500–56700/-
4. **ഒഴിവുകളുടെ എണ്ണം** : 4 (നാല്)

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6 **പ്രായം** : 19–37; ഉദ്യോഗാർത്ഥികൾ 01.01.2001നും 02.01.1983നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി/ പട്ടിക വർഗ്ഗ, മറ്റു പിന്നോക്കവിഭാഗങ്ങൾക്കും വിധവകൾക്കും അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).
7 **യോഗ്യതകൾ**
1) (എ). എസ്.എസ്.എൽ.സി നിലവാരത്തിലുള്ള യോഗ്യത
(ബി ). ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും മൂന്നുവർഷത്തെ പഠനത്തിന് ശേഷം ലഭിച്ചിട്ടുള്ള ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ
മുകളിൽ (ബി)യിൽ പറഞ്ഞിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ടെക്നിക്കൽ സ്കൂളിൽ നിന്നും രണ്ടുവർഷത്തെ പഠനത്തിന് ശേഷം ലഭിച്ചിട്ടുള്ള ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സർടിഫിക്കറ്റും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലോ ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും ഇലക്ട്രിസിറ്റി സ്ഥാപനത്തിലോ 5 (അഞ്ച്) വർഷത്തെ പരിചയവും ഉള്ളവരെ പരിഗണിക്കുന്നതാണ് . ടി പരിചയം നിർദ്ദിഷ്ട പരീക്ഷ യോഗ്യത നേടിയതിനു ശേഷം ഉള്ളതായിരിക്കണം.

**കുറിപ്പ്** 1. പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഡിപ്ലോമ യോഗ്യതയ്ക്കു പകരമായി പറഞ്ഞിട്ടുള്ള സേവനപരിചയം നിർബന്ധമില്ല .അങ്ങനെയുള്ള സേവനപരിചയം ഇല്ലാത്തവർ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ അവർക്ക് പ്രൊബേഷൻ കാലയളവിനുള്ളിൽ 6 മാസത്തെ ട്രെയിനിങ് നൽകുന്നതാണ്.

**കുറിപ്പ് 2** : കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് (രണ്ടു വർഷ കോഴ്സ് )മുകളിൽ പറഞ്ഞിരിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിന് തുല്യമായി പരിഗണിക്കുന്നതാണ്.

**കുറിപ്പ് 3** : മുകളിൽ സൂചിപ്പിച്ച കേരള ഗവണ്മെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗും ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ടെക്നിക്കൽ സ്കൂളിൽ നിന്നും രണ്ടു വർഷത്തെ പഠനത്തിനുശേഷം ലഭിച്ചിട്ടുള്ള ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റും സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡിനുവേണ്ടി പരീക്ഷ കമ്മീഷണർ നൽകുന്ന രണ്ടുവർഷത്തെ പഠനാനന്തരമുള്ള ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റ് ആയിരിക്കണം.

### കാറ്റഗറി നമ്പർ : 199/2020
### ജൂനിയർ ഇൻസ്ട്രക്ടർ (ഫുഡ് ആന്റ് ബീവറേജസ് ഗസ്റ്റ് സർവ്വീസ് അസിസ്റ്റന്റ്)
### വ്യാവസായിക പരിശീലനം

1. **വകുപ്പ്** : വ്യാവസായിക പരിശീലനം
2. **ഉദ്യോഗപ്പേര്** : ജൂനിയർ ഇൻസ്ട്രക്ടർ (ഫുഡ് ആന്റ് ബീവറേജസ് ഗസ്റ്റ് സർവ്വീസ് അസിസ്റ്റന്റ്)
3. **ശമ്പളം** : ₹ 26500–56700
4. **ഒഴിവുകളുടെ എണ്ണം** : 02 (രണ്ട്)

**കുറിപ്പ്:** 3-1-2013ലെ G.O.(P) No. 1/2013/SJD ഉത്തരവനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (locomotor disabiltiy/cerebral palsy, hearing impairment, low vision) സംവരണം ചെയ്തിരിക്കുന്നു.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായം** : 19–44. ഉദ്യോഗാർത്ഥികൾ 2.1.1976നും 1.1.2001 നും ഇടയിൽ (രണ്ട് തീയതികളും ഉൾപ്പെടെ) ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുമുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)
7. **യോഗ്യതകൾ** : 1. എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2. (എ) അനുയോജ്യമായ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം പ്രസ്തുത ട്രേഡിലുള്ള മൂന്നുവർഷത്തെ പരിചയവും.

അല്ലെങ്കിൽ

(ബി) അനുയോജ്യമായ ട്രേഡിലുള്ള നാഷണൽ അപ്രന്റീസ്ഷിപ്പ് സർ

ട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം ഒരു വർഷത്തെ പരിചയവും.

അല്ലെങ്കിൽ

(സി) ഗവൺമെന്റ് അഥവാ ഗവൺമെന്റ് അംഗീകൃത പോളിടെക്നിക്കിൽ നിന്നും ലഭിച്ച അനുയോജ്യമായ എഞ്ചിനീയറിംഗ് ശാഖയിൽ നേടിയ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യതയോ.

**കുറിപ്പ്:** അനുയോജ്യമായ/ബന്ധപ്പെട്ട ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡറായുള്ള പരിചയം പ്രസ്തുത ട്രേഡിലുള്ള പരിചയമായി കണക്കാക്കുന്നതാണ്.

**കുറിപ്പ് :** 4. പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിചയ യോഗ്യത വേണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

5. 2 (എ) അല്ലെങ്കിൽ 2(ബി) യോഗ്യതയായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. ഉദ്യോഗാർത്ഥികൾ പ്രസ്തുത സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതാണ്.

**8. പ്രൊബേഷൻ** : ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്ന ഏതൊരാളും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷക്കാല സേവനത്തിനിടയിൽ ആകെ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും.

## കാറ്റഗറി നമ്പർ : 200/2020
## പ്രൊഡക്ഷൻ അസിസ്റ്റന്റ്
## കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

| | | |
|---|---|---|
| 1 | **സ്ഥാപനം** | : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ് |
| 2 | **ഉദ്യോഗപ്പേര്** | : പ്രൊഡക്ഷൻ അസിസ്റ്റന്റ് |
| 3 | **ശമ്പളം** | : ₹ 26500–56700/– |
| 4 | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ് :** ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളി ലായിരിക്കണം.

| | | |
|---|---|---|
| 5 | **നിയമന രീതി** | : നേരിട്ടുള്ള നിയമനം |
| 6 | **പ്രായം** | : 18–36 (ഉദ്യോഗാർത്ഥികൾ 02.01.1984 നും |

01.01.2002 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.)

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്കായി പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7 യോഗ്യതകൾ** : 1. ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്ന് സിനിമയിൽ ഉള്ള ഡിപ്ലോമ (മൂന്ന് വർഷത്തെ കോഴ്സ്)

2. ഫിലിം വ്യവസായത്തിൽ നിർമ്മാണ ചുമതല നിർവ്വഹിക്കുന്നതിൽ ഒരു വർഷത്തെ തൊഴിൽ പരിചയം.

അല്ലെങ്കിൽ

1. ബിരുദം.
2. ഫിലിം വ്യവസായത്തിൽ നിർമ്മാണ ചുമതല നിർവ്വഹിക്കുന്നതിൽ മൂന്ന് (3) വർഷത്തെ തൊഴിൽ പരിചയം.

**കുറിപ്പ് :** 2. പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii), (iii),(iv), (vi)& (xii) നോക്കുക.)

3 നിശ്ചിത പ്രായോഗിക പരിചയം നേടിയ പട്ടികജാതി / പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ മേൽപ്പറഞ്ഞ പ്രായോഗിക പരിചയം ഇല്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതാണ്. ആവശ്യമെങ്കിൽ അങ്ങനെയുള്ളവർക്ക് പ്രൊബേഷൻ കാലയളവിൽ ഇൻസർവീസ് ട്രെയിനിംഗ് നൽകുന്നതാണ്.

**8. പ്രൊബേഷൻ**: ഈ ഉദ്യോഗത്തിന് നേരിട്ടുള്ള നിയമനം വഴി തെരെഞ്ഞെടുക്കപ്പെടുന്നയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തിയ്യതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും. നിശ്ചിത സമയത്തിനുള്ളിൽ പ്രൊബേഷൻ പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ കാലാവധി നീട്ടുന്നതാണ്.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടി കൈക്കൊള്ളുന്നതുമാണ്.

**കുറിപ്പ്:** 2. പരിചയസർട്ടിഫിക്കറ്റുകൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ രൂപീകരിക്കപ്പെട്ട 5 അംഗ കമ്മിറ്റിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽസൂചിപ്പിച്ച മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റിന്റെ Scanned Image Upload ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

3. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

4. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

5. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതു വ്യവസ്ഥകളിലെ 19,20 & 21 ഖണ്ഡികകൾ കാണുക.

6. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

12 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ v, viii, ix, x, xi, xiii എന്നീ ഉപഖണ്ഡികകളും 5, 5a, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b. മേൽപറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 201/2020
## സ്പോർട്സ് ഡെമോൺസ്ട്രേറ്റർ
## കേരള കായിക യുവജനകാര്യം

| | | |
|---|---|---|
| 1. | **വകുപ്പ്** | : കേരള കായിക യുവജനകാര്യം |
| 2. | **ഉദ്യോഗപ്പേര്** | : സ്പോർട്സ് ഡെമോൺസ്ട്രേറ്റർ |
| 3. | **ശമ്പളം** | : ₹ 26500–56700/– |
| 4. | **ഒഴിവുകളുടെ എണ്ണം** | : 1 (ഒന്ന്) |
| 5. | **നിയമന രീതി** | : നേരിട്ടുള്ള നിയമനം |
| 6. | **പ്രായം** | : 18–36. ഉദ്യോഗാർത്ഥികൾ 02.01.1984 നും |

01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ**

1) ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സിൽ ലഭിച്ച ബിരുദം.
2) കോച്ചിങ്ങിൽ ഏതെങ്കിലും വിഷയത്തിലുള്ള ഡിപ്ലോമ
3) എ)ഫിസിക്കൽ എഡ്യൂക്കേഷനിലുള്ള അഞ്ചു വർഷത്തെ അദ്ധ്യാപന പരിചയം.

**അല്ലെങ്കിൽ**

ബി)കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കോച്ചായി അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം.

## കാറ്റഗറി നമ്പർ : 202/2020
## മാനേജർ (പേഴ്സണൽ)
## കേരള സംസ്ഥാന സഹകരണ മേഖലയിലെ അപെക്സ് സൊസൈറ്റികൾ
## പാർട്ട് I (ജനറൽ കാറ്റഗറി)

| | | |
|---|---|---|
| 1 | **സ്ഥാപനം** | : കേരള സംസ്ഥാന സഹകരണ മേഖലയിലെ അപ്പെക്സ് സൊസൈറ്റികൾ |
| 2 | **ഉദ്യോഗപ്പേര്** | : മാനേജർ (പേഴ്സണൽ) |
| 3 | **ശമ്പളം** | : ₹ 24040–38840/(PR) |
| 4 | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ്**: 1. ഈ ഒഴിവുകൾ ഇപ്പോൾ മാനേജർ (പേഴ്സണൽ) തസ്തികയ്ക്ക് കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷൻ ലിമിറ്റഡിൽ (മത്സ്യഫെഡ്) ജനറൽ വിഭാഗത്തിന് മാത്രം നിലവിലുള്ളതാണ്. ഈ സ്ഥാപനത്തിൽ നിന്നും തുടർന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും, മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ കാറ്റഗറിയിൽ നിന്നും, സൊസൈറ്റി കാറ്റഗറിയിൽ നിന്നും നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതാണ്. ജനറൽ വിഭാഗത്തിനുള്ള ഒഴിവുകൾ പാർട്ട് I ആയും, മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് II ആയും, സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് III ആയും പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ മാനേജർ (പേഴ്സണൽ) തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് ജനറൽ വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

2. ഗവൺമെന്റ് വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം (Part III) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിലെ ജീവനക്കാർക്ക് വേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗത്തിൽ പെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part I) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും (Part I, Part III) നിന്നുമുള്ള നിയമനങ്ങൾ.

4. ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

5. KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

| | | |
|---|---|---|
| 5 | **നിയമനരീതി** | : നേരിട്ടുള്ള നിയമനം |
| 6 | **പ്രായം** | : 18–40. ഉദ്യോഗാർത്ഥികൾ 02/01/1980നും |

01/01/2002നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് IIലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരിക്കുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**7 യോഗ്യതകൾ**

1. നിയമത്തിലുള്ള ബിരുദം/ എം.ബി.എ.(എച്ച്. ആർ)
2. അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം

11. പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 5(a), 7 എന്നിവ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 203/2020
## മാനേജർ (പേഴ്സണൽ)
## കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്)
## പാർട്ട് II (മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ)

| | | |
|---|---|---|
| 1 | **സ്ഥാപനം** | : കേരള സം സ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്) |
| 2 | **ഉദ്യോഗപ്പേര്** | : മാനേജർ (പേഴ്സണൽ) |
| 3 | **ശമ്പളം** | : ₹ 24040–38840/- (PR) |
| 4 | **ഒഴിവുകളുടെ എണ്ണം** | : പ്രതീക്ഷിത ഒഴിവുകൾ |

**കുറിപ്പ് :** I) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ (മത്സ്യഫെഡ്) നിന്നും മാനേജർ (പേഴ്സണൽ) തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിന് മാറ്റിവച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ് (Part I). ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ മാനേജർ (പേഴ്സണൽ) തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് മത്സ്യത്തൊഴിലാളികൾ/ മത്സ്യത്തൊഴിലാളികളുടെ ആശ്രിതവിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ് (Part II). ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റിവിഭാഗം ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part III) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. 1958 ലെ കെ.എസ് & എസ്.എസ്. ആർ ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ ഈ ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾക്ക് ബാധകമല്ല.

III) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

IV) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : മത്സ്യത്തൊഴിലാളി/മത്സ്യതൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികളിൽനിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–40, ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ** : 1. നിയമത്തിലുള്ള ബിരുദം/എം.ബി.എ.(എച്ച്. ആർ)

2. അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം

**കുറിപ്പ്** : 4) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മത്സ്യത്തൊഴിലാളികൾ /മത്സ്യത്തൊഴിലാളികളൂടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി തങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ്/ ഡിപ്പന്റെൻസി സർട്ടിഫിക്കറ്റ് (മത്സ്യത്തൊഴിലാളി എന്നർത്ഥമാക്കുന്നത് ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെട്ട ആൾ. മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ എന്നർത്ഥമാക്കുന്നത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ മരണപ്പെട്ട വ്യക്തിയുടെ മകൻ/മകൾ, ഭാര്യ/ഭർത്താവ്, അച്ഛൻ/അമ്മ) ഫിഷറീസ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റവന്യു വകുപ്പിലെ അധികാരിയിൽ നിന്നുവാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജി

നൽ ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിൽ ആയിരിക്കേണ്ടതാണ്.

**സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ് സൈറ്റിലെ വിജ്ഞാപനം കാണുക. (ww.keralapsc.gov.in)**

**കുറിപ്പ്:** 1) മത്സ്യത്തൊഴിലാളി, ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെടുന്ന ആൾ.

2) മത്സ്യ തൊഴിലാളിയുടെ ആശ്രിതർ, മത്സ്യബന്ധന തൊഴിലുമായി ബന്ധപ്പെട്ട് മരിച്ചു പോയ മകന്റെയോ മകളുടെയോ അച്ഛൻ/അമ്മ, ഭാര്യ/ഭർത്താവ്, മകൻ അല്ലെങ്കിൽ മകൾ.

3) മേൽ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്കു വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

11 പൊതു വ്യവസ്ഥകളിലെ 2, 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 204/2020
## മാനേജർ (പേഴ്സണൽ)
## കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്)
## പാർട്ട് III (സൊസൈറ്റി കാറ്റഗറി)

**1 സ്ഥാപനം** : കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്)

**2 ഉദ്യോഗപ്പേര്** : മാനേജർ (പേഴ്സണൽ)

**3 ശമ്പളം** : ₹ 24040–38840/(PR)

**4 ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ് :** 1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡി (മത്സ്യഫെഡ്)ൽ നിന്നും മാനേജർ (പേഴ്സണൽ) തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ സൊസൈറ്റി വിഭാഗത്തിനായി മാറ്റി വച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ മാനേജർ (പേഴ്സണൽ) തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് സൊസൈറ്റി വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ജനറൽ വിഭാഗത്തിൽപ്പെട്ട (Part I) ഉദ്യോഗാർത്ഥികളുടെയും മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതവിഭാഗത്തിൽ (Part II) പ്പെട്ട ഉദ്യോഗാർത്ഥികളുടേയും സൊസൈറ്റി വിഭാഗം (Part III) ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ യഥാക്രമം നിയമനശിപാർശ നടത്തുന്നതും ആദ്യ നിയമന ശിപാർശ ജനറൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

2) ഗവൺമെന്റ് വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി /മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം (Part III) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ ജീവനക്കാർക്കു വേണ്ടി തയ്യാറാക്കുന്ന ഈ റാങ്ക് ലിസ്റ്റിൽനിന്നും (സൊസൈറ്റി വിഭാഗം) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part I) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും ഈ ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾ.

4) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

5) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ :** 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) 1. നിയമത്തിലുള്ള ബിരുദം/ എം.ബി.എ.(എച്ച്. ആർ)

2. അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം

4) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ നിന്നും ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് രജിസ്ട്രാർഓഫ് ഫിഷറീസിൽ നിന്നു വാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

11 പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2, 5(a), 7 എന്നിവ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 205/2020
## ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് II
## മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

**2 ഉദ്യോഗപ്പേര്** : ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് II

**3 ശമ്പളം** : ₹ 22200–48000/–

**4 ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18 – 36 ഉദ്യോഗാർത്ഥികൾ 02/01/1984നും 01/01/2002നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടിക ജാതി /പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കും അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട് 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7 യോഗ്യതകൾ** : 1)കുറഞ്ഞ പൊതു വിദ്യാഭ്യാസ യോഗ്യത പ്രീഡിഗ്രി അല്ലെങ്കിൽ + 2

2) ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ഡെന്റൽ കോളേജിൽ നടത്തുന്ന ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് (ഡിപ്ലോമ / സർട്ടിഫിക്കറ്റ് കോഴ്സ് ) പാസായിരിക്കണം

3) സ്റ്റേറ്റ് ഡെന്റൽ കൗൺസിലിൽ നിന്നുള്ള രജിസ്ട്രേഷൻ

## കാറ്റഗറി നമ്പർ : 206/2020
## രണ്ടാം ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)
## പൊതുമരാമത്ത്/ജലസേചനം

**1 വകുപ്പ്** : പൊതുമരാമത്ത്/ജലസേചനം

**2 ഉദ്യോഗപ്പേര്** : രണ്ടാം ഗ്രേഡ് ഓവർസിയർ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)

**3 ശമ്പളം** : ₹ 22200–48000/–

**4 ഒഴിവുകളുടെ എണ്ണം** : 12 (പന്ത്രണ്ട്)

**കുറിപ്പ് :** 04.04.2013 ലെ G.O(P)No.30/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% (മൂന്ന് ശതമാനം) ഒഴിവുകൾ Locomotor Disabiltiy/Cerebral Palsy, Hearing Impairment, Low Vision എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടിക വർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7 യോഗ്യതകൾ** : താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒരു യോഗ്യത ഉണ്ടായിരിക്കണം.

(a) കെ.ജി.റ്റി.ഇ ഗ്രൂപ്പ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്ല്യമായ പരീക്ഷാ യോഗ്യത.

**കുറിപ്പ്** : ഗ്രൂപ്പ് സർട്ടിഫിക്കറ്റിൽ ബിൽഡിംഗ് ഡ്രോയിംഗ്, ബിൽഡിംഗ് കൺസ്ട്രക്ഷൻ, സർവ്വേ, ഇറിഗേഷൻ എന്നീ നാലു ഗ്രൂപ്പുകളും ഉൾപ്പെട്ടിരിക്കണം.

**അല്ലെങ്കിൽ**

താഴെപ്പറയുന്ന എട്ട് വിഷയങ്ങൾ പാസ്സായിരിക്കണം.

(I) സർവേയിംഗ് ആൻഡ് ലവലിംഗ് (ഹയർ)
(ii) അപ്ലൈഡ് മെക്കാനിക്സ് (ഹയർ)
(iii) ബിൽഡിംഗ് മെറ്റീരിയൽ ആൻഡ് കൺസ്ട്രക്ഷൻ (ഹയർ)
(iv) ഹൈഡ്രോളിക്സ് ആൻഡ് ഇറിഗേഷൻ (ഹയർ)
(v) ബിൽഡിംഗ് ഡ്രോയിംഗ് ആൻഡ് എസ്റ്റിമേറ്റിംഗ് (ഹയർ)
(vi) എർത്ത് വർക്ക് ആൻഡ് റോഡ് മേക്കിംഗ് (ഹയർ)
(vii) ജ്യോമെട്രിക്കൽ ഡ്രോയിംഗ് (ലോവർ) അല്ലെങ്കിൽ പ്രാക്ടിക്കൽ പ്ലെയിൻ ആൻഡ് സോളിഡ് ജ്യോമെട്രി (ലോവർ) ആൻഡ്
(viii) മെൻസുറേഷൻ (ലോവർ)

(ബി) ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രി കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലോ സെന്ററുകളിലോ 18 മാസത്തെ കോഴ്സും ആറു മാസത്തെ പ്രാക്ടിക്കൽ ട്രെയിനിംഗും പൂർത്തിയാക്കിയ ശേഷം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) അല്ലെങ്കിൽ സർവേയർ ട്രേഡിൽ ലഭിക്കുന്ന ക്രാഫ്റ്റ്സ്മാൻഷിപ്പ് ഡിപ്ലോമ.

**കുറിപ്പ്** : (1) 18 മാസത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളെ അവർ പ്രാക്ടിക്കൽ ട്രെയിനിംഗ് പൂർത്തിയാക്കിയില്ലെങ്കിലും യോഗ്യരായി പരിഗണിക്കുന്നതാണ്. എന്നാൽ പ്രസ്തുത ഉദ്യോഗാർത്ഥികളുടെ നിയമനങ്ങൾ താൽക്കാലിക (പ്രൊവിഷണൽ) മായിരിക്കും. ആറു മാസത്തെ പ്രാക്ടിക്കൽ ട്രെയിനിംഗ് പൂർത്തിയാക്കിയതിനു ശേഷം അവരുടെ നിയമനങ്ങൾ റഗുലറൈസ് ചെയ്യുന്നതാണ്.

(2) പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് ആറു മാസത്തെ പ്രാക്ടിക്കൽ ട്രെയിനിംഗ് നിഷ്കർഷിക്കാതെ നൽകി വരുന്ന ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ട്രേഡിലുള്ള ക്രാഫ്റ്റ്സ്മാൻഷിപ്പ് ഡിപ്ലോമയും (ട്രേഡ് ടെസ്റ്റ് സർട്ടിഫിക്കറ്റ്) രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയ്ക്കുള്ള നേരിട്ടുള്ള നിയമനത്തിനു വേണ്ട മറ്റൊരു യോഗ്യതയായി കണക്കാക്കുന്നതാണ്.

(സി) സംസ്ഥാനത്തെ വിമൻസ് പോളിടെക്നിക്കുകളിൽ നിന്നും ലഭിക്കുന്ന സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ (2 വർഷ കോഴ്സ്)

## കാറ്റഗറി നമ്പർ : 207/2020
## ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) ഗ്രേഡ് II
## പൊതുമരാമത്ത്/ജലസേചനം

**1 വകുപ്പ്** : പൊതുമരാമത്ത്/ജലസേചനം

**2 ഉദ്യോഗപ്പേര്** : ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) ഗ്രേഡ് II

**3 ശമ്പളം** : ₹ 22200–48000/–

**4 ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിത ഒഴിവുകൾ

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടിക വർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7 യോഗ്യതകൾ** :

(1) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(2) താഴെപ്പറയുന്നവയിൽ ഏതെങ്കിലും യോഗ്യത ഉണ്ടായിരിക്കണം.

(i) എസ്.എം.റ്റി (ശ്രീ മൂലം ടെക്നിക്കൽ) ഇൻസ്റ്റിറ്റ്യൂട്ട് ഓവർസിയേഴ്സ് കോഴ്സ് (മെക്കാനിക്കൽ) ദ്വിവത്സര കോഴ്സ്

(ii) ഗിൻഡി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) കോഴ്സ്

(iii) താഴെപ്പറയുന്ന വിഷയങ്ങളിലുള്ള കേരള ഗവൺമെന്റ് ടെക്നിക്കൽ എഡ്യുക്കേഷൻ/മദ്രാസ് ഗവൺമെന്റ് ടെക്നിക്കൽ എഡ്യുക്കേഷൻ യോഗ്യത അല്ലെങ്കിൽ തത്തുല്യ യോഗ്യത

(എ) അപ്ലൈഡ് മെക്കാനിക്ക്സ് (ഹയർ)
(ബി) മെഷീൻ ഡ്രോയിംഗ് (ഹയർ)
(സി) ഹീറ്റ് എൻജിൻ (ഹയർ)
(ഡി) ഹൈഡ്രോളിക്സ് ആൻഡ് സാനിറ്ററി എഞ്ചിനീയറിംഗ് (ഹയർ)
(ഇ) പ്രാക്ടിക്കൽ പ്ലെയിൻ ആൻഡ് സോളിഡ് ജ്യോമട്രി (ലോവർ) അല്ലെങ്കിൽ ജ്യോമട്രിക്കൽ ഡ്രോയിംഗ് (ലോവർ)
(എഫ്) മെൻസുറേഷൻ (ലോവർ)

(iv) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള മെക്കാനിക്കൽ എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് (ദ്വിവത്സര കോഴ്സ്).

(v) 2 വർഷത്തെ കോഴ്സിനു ശേഷം ഗവൺമെന്റ് നൽകുന്ന ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) ട്രേഡിലുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡിപ്ലോമ/സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(vi) മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (ദ്വിവത്സര കോഴ്സ്)

## കാറ്റഗറി നമ്പർ : 208/2020
## അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ
## കേരള സംസ്ഥാന സഹകരണ മേഖലയിലെ അപെക്സ് സൊസൈറ്റികൾ
## പാർട്ട് I (ജനറൽ കാറ്റഗറി)

**1 സ്ഥാപനം** : കേരള സംസ്ഥാന സഹകരണ മേഖലയിലെ അപ്പെക്സ് സൊസൈറ്റികൾ

**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ

**3 ശമ്പളം** : ₹ 21240–37040/-(PR)

**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:**1. ഈ ഒഴിവുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ ഇപ്പോൾ തസ്തികയ്ക്ക് കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷൻ ലിമിറ്റഡിൽ (മത്സ്യഫെഡ്) ജനറൽ വിഭാഗത്തിന് മാത്രം നിലവിലുള്ളതാണ്. ഈ സ്ഥാപനത്തിൽ നിന്നും തുടർന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും, മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ കാറ്റഗറിയിൽ നിന്നും, സൊസൈറ്റി കാറ്റഗറിയിൽ നിന്നും നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതാണ്. ജനറൽ വിഭാഗത്തിനുള്ള ഒഴിവുകൾ പാർട്ട് I ആയും, മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് II ആയും, സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് III ആയും പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് ജനറൽ വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

2. ഗവൺമെന്റ് വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം (Part III) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിലെ ജീവനക്കാർക്ക് വേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ(Part I) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും (Part I, Part III) നിന്നുമുള്ള നിയമനങ്ങൾ.

4. ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

5. KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02/01/1980നും 01/01/2002നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വി

ഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് IIലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരിക്കുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**7 യോഗ്യതകൾ**

1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും സിവിൽ എഞ്ചിനീയറിംഗിലോ മെക്കാനിക്കൽ എഞ്ചീനീയറിംഗിലോ ഉള്ള ബിരുദം അല്ലെങ്കിൽ തത്തുല്യം

2. കേന്ദ്ര ഗവൺമെന്റിലോ/സംസ്ഥാന സർവ്വീസിലോ /പൊതുമേഖലാ സ്ഥാപനങ്ങളിലോ അല്ലെങ്കിൽ രജിസ്റ്റേഡ് പ്രൈവറ്റ് സ്ഥാപനത്തിലോ എഞ്ചിനീയറായുള്ള അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം

11 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 5(a), 7 ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 209/2020
## അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ
## കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്)
## പാർട്ട് II (മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ)

| | | |
|---|---|---|
| 1 | **സ്ഥാപനം** | : കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്) |
| 2 | **ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ |
| 3 | **ശമ്പളം** | : ₹ 21240–37040/–(PR) |
| 4 | **ഒഴിവുകളുടെ എണ്ണം** | : പ്രതീക്ഷിത ഒഴിവുകൾ |

**കുറിപ്പ്** : i) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ (മത്സ്യഫെഡ്) നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിന് മാറ്റിവച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ് (Part I). ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർതസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് മത്സ്യത്തൊഴിലാളികൾ/ മത്സ്യത്തൊഴിലാളികളുടെ ആശ്രിതവിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ് (Part II). ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റിവിഭാഗം ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part III) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. 1958 ലെ കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 1417 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ ഈ ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾക്ക് ബാധകമല്ല.

iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : മത്സ്യത്തൊഴിലാളി/മത്സ്യതൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–40, ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ :**

1) അപേക്ഷകൻ/അപേക്ഷക മത്സ്യത്തൊഴിലാളി /മത്സ്യതൊഴിലാളികളുടെ ആശ്രിതനായിരിക്കണം.

2) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും സിവിൽ എഞ്ചിനീയറിംഗിലോ മെക്കാനിക്കൽ എഞ്ചീനീയറിംഗിലോ ഉള്ള ബിരുദം അല്ലെങ്കിൽ തത്തുല്യം

3) കേന്ദ്ര ഗവൺമെന്റിലോ/സംസ്ഥാന സർവ്വീസിലോ /പൊതുമേഖലാ സ്ഥാപനങ്ങളിലോ അല്ലെങ്കിൽ രജിസ്റ്റേഡ് പ്രൈവറ്റ് സ്ഥാപനത്തിലോ എഞ്ചിനീയറായുള്ള അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം

4) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മത്സ്യത്തൊഴിലാളികൾ /മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി തങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ്/ ഡിപ്പന്റെൻസി സർട്ടിഫിക്കറ്റ് (മത്സ്യത്തൊഴിലാളി എന്നർത്ഥമാക്കുന്നത് ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെട്ട ആൾ. മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ എന്നർത്ഥമാക്കുന്നത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ മരണപ്പെട്ട വ്യക്തിയുടെ മകൻ/മകൾ,ഭാര്യ/ഭർത്താവ്,അച്ഛൻ/അമ്മ) ഫിഷറീസ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ അധികാരിയിൽ നിന്നുവാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ് സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്** : 1) മത്സ്യത്തൊഴിലാളി, ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെടുന്ന ആൾ.

2) മത്സ്യ തൊഴിലാളിയുടെ ആശ്രിതർ, മത്സ്യബന്ധന തൊഴിലുമായി ബന്ധപ്പെട്ട് മരിച്ചു പോയ മകന്റെയോ മകളുടെയോ അച്ഛൻ/അമ്മ, ഭാര്യ/ഭർത്താവ്, മകൻ അല്ലെങ്കിൽ മകൾ.

3) മേൽ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്കു വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ് .

11. പൊതു വ്യവസ്ഥകളിലെ 2, 5a, 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 210/2020
## അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ
## കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്)
## പാർട്ട് III (സൊസൈറ്റി കാറ്റഗറി)

| | | |
|---|---|---|
| 1 | **സ്ഥാപനം** | : കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്) |
| 2 | **ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ |
| 3 | **ശമ്പളം** | : ₹ 21240–37040/–(PR) |
| 4 | **ഒഴിവുകളുടെ എണ്ണം** | : പ്രതീക്ഷിത ഒഴിവുകൾ |

**കുറിപ്പ്**: 1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡി (മത്സ്യഫെഡ്)ൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ സൊസൈറ്റി വിഭാഗത്തിനായി മാറ്റി വച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് സൊസൈറ്റി വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ജനറൽ വിഭാഗത്തിൽപ്പെട്ട (Part I) ഉദ്യോഗാർത്ഥികളുടെയും മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതവിഭാഗത്തിൽ ((Part II) പ്പെട്ട ഉദ്യോഗാർത്ഥികളുടേയും സൊസൈറ്റി വിഭാഗം (Part III) ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ യാഥാക്രമം നിയമനശിപാർശ നടത്തുന്നതും ആദ്യ നിയമന ശിപാർശ ജനറൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

2) ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി /മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം (Part III) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ ജീവനക്കാർക്കു വേണ്ടി തയ്യാറാക്കുന്ന ഈ റാങ്ക് ലിസ്റ്റിൽനിന്നും (സൊസൈറ്റി വിഭാഗം) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part I) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും (ജനറൽ & സൊസൈറ്റി) നിന്നുമുള്ള നിയമനങ്ങൾ.

4) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

5) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ** : 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും സിവിൽ എഞ്ചിനീയറിംഗിലോ മെക്കാനിക്കൽ എഞ്ചീനീയറിംഗിലോ ഉള്ള
ബിരുദം അല്ലെങ്കിൽ തത്തുല്യം

2. കേന്ദ്ര ഗവൺമെന്റിലോ/സംസ്ഥാന സർവ്വീസിലോ /പൊതുമേഖലാ സ്ഥാപനങ്ങളിലോ അല്ലെങ്കിൽ രജിസ്റ്റേഡ് പ്രൈവറ്റ് സ്ഥാപനത്തിലോ എഞ്ചിനീയറായുള്ള അഞ്ച് വർഷത്തെ പ്രവൃത്തിപരിചയം

**കുറിപ്പ്** : 4) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ നിന്നും ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് രജിസ്ട്രാർഓഫ് ഫിഷറീസിൽ നിന്നു വാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

11 പൊതു വ്യവസ്ഥകളിലെ ഉപഖണ്ഡിക 5(a), ഖണ്ഡിക 2, 7 എന്നിവ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 211/2020
## ഓപ്പറേറ്റർ
## കേരള വാട്ടർ അതോറിറ്റി

| | | |
|---|---|---|
| 1 | **വകുപ്പ്** | : കേരള വാട്ടർ അതോറിറ്റി |
| 2 | **ഉദ്യോഗപ്പേര്** | : ഓപ്പറേറ്റർ |
| 3 | **ശമ്പളം** | : ₹ 20100–53300/– |
| 4 | **ഒഴിവുകളുടെ എണ്ണം** | : 88 (എൺപത്തിയെട്ട്) |

**കുറിപ്പ്** :2. മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

3. 26.11.2018 തീയതിയിലെ G.O (P) No.20/2018/SJD, 03.01.2013 തീയതിയിലെ G.O(P)No.1/2013/SJD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഈ തസ്തികയുടെ 3% (മൂന്ന് ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ, ശ്രവണ വൈകല്യമുള്ളവർ, കാഴ്ച ശക്തി കുറഞ്ഞവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു.

| | | |
|---|---|---|
| **5. നിയമന രീതി** | : | നേരിട്ടുള്ള നിയമനം |
| **6. പ്രായം** | : | 19–36. ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2001നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).എസ്സ്.സി /എസ്സ്.ടി, മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. |

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 ലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii)(x) &(xii) നോക്കുക.)

**കുറിപ്പ്** : പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർക്ക് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളപക്ഷം ആദ്യത്തെ താൽക്കാലിക നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ താൽക്കാലിക സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ച് (5) വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. പ്രസ്തുത സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. താൽക്കാലികമായി സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

**7. യോഗ്യതകൾ** : (1) എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.

(2) മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ/ഇലക്ട്രീഷ്യൻ) ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്

**കുറിപ്പ്** : **1. പ്രൊബേഷൻ:** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix),(x) , (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b)കേരള ജല അതോറിറ്റിയിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 212/2020
## ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II
## കാഴ്ചബംഗ്ലാവും മൃഗശാലയും

| | | |
|---|---|---|
| 1 | **വകുപ്പ്** | : കാഴ്ചബംഗ്ലാവും മൃഗശാലയും |
| 2 | **ഉദ്യോഗപ്പേര്** | : ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II |
| 3 | **ശമ്പളം** | : ₹ 20000–45800/– |
| 4 | **ഒഴിവുകളുടെ എണ്ണം** | : 1 (ഒന്ന്) |
| 5 | **നിയമന രീതി** | : നേരിട്ടുള്ള നിയമനം. |
| 6 | **പ്രായം** | : 18–36. ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടിക വർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും വിധവകൾക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. |

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7 യോഗ്യതകൾ** : (എ) എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യത.

(ബി) ഡ്രോയിംഗിലും പെയിന്റിംഗിലും ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ച ഡിപ്ലോമ.

## കാറ്റഗറി നമ്പർ : 213/2020
## ജൂനിയർ ഓവർസീയർ (സിവിൽ)
## കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്

1 **വകുപ്പ്** : കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ്
2 **ഉദ്യോഗപ്പേര്** : ജൂനിയർ ഓവർസീയർ (സിവിൽ)
3 **ശമ്പളം** : ₹ 19000 – 43600/-
4 **ഒഴിവുകളുടെ എണ്ണം** : 4 (നാല്)

**കുറിപ്പ്:** ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്നതിൽ 3% ഒഴിവുകൾ ഭിന്നശേഷിയുള്ള (Locomotor Disabiltiy / Cerebral Palsy / Hearing Impairment, Low vision) ഉദ്യോഗാർത്ഥിക്കായി നീക്കി വയ്ക്കുന്നതാണ് (GO(P) No.1/2013/SJD dated 03.01.2013.)

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6 **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടിക വർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും
(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)
7 **യോഗ്യതകൾ** : സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ

**അല്ലെങ്കിൽ**

ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ NTC യും സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ രണ്ട് വർഷത്തെ പ്രവർത്തി പരിചയവും.

**Note:**- 2. പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.
(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii), (iii),(iv), (vi),(vii),(x)& (xii) നോക്കുക.)

3. നിശ്ചിത പ്രായോഗിക പരിചയം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ മേൽപ്പറഞ്ഞ പ്രായോഗിക പരിചയം ഇല്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതാണ്. ആവശ്യമെങ്കിൽ അങ്ങനെയുള്ളവർക്ക് പ്രൊബേഷൻ കാലയളവിൽ ഇൻസർവീസ് ട്രെയിനിംഗ് നൽകുന്നതാണ്.

**8. പ്രൊബേഷൻ:** ഈ ഉദ്യോഗത്തിന് തെരെഞ്ഞെടുക്കപ്പെടുന്ന ആൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തിയ്യതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും, സ്ഥാനക്കയറ്റം ലഭിക്കുകയാണെങ്കിൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷക്കാലവും പ്രൊബേഷനിൽ ആയിരിക്കും.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

**കുറിപ്പ്** : 1. പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ സൂചിപ്പിച്ച മാതൃകയിൽ പരിചയസർട്ടിഫിക്കറ്റിന്റെ Scanned Image Upload ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു.
2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.
3. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.
4. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ 19, 20 & 21 ഖണ്ഡികകൾ കാണുക.
**കുറിപ്പ്:** 1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡി (മത്സ്യഫെഡ്)ൽ നിന്നും ഇലക്ട്രിക്കൽ സൂപ്പർവൈസർ തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ സൊസൈറ്റി വിഭാഗത്തിനായി മാറ്റി വച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ ഇലക്ട്രിക്കൽ സൂപ്പർവൈസർ തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് സൊസൈറ്റി വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ജനറൽ വിഭാഗത്തിൽപ്പെട്ട (Part I) ഉദ്യോഗാർത്ഥികളുടെയും മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതവിഭാഗത്തിൽ (Part II) പ്പെട്ട ഉദ്യോഗാർത്ഥികളുടേയും സൊസൈറ്റി വിഭാഗം (Part III)ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ യഥാക്രമം നിയമനശിപാർശ നടത്തുന്നതും ആദ്യ നിയമന ശിപാർശ ജനറൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

2) ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി /മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം (Part III) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റികളിൽ ജീവനക്കാർക്കു വേണ്ടി തയ്യാറാക്കുന്ന ഈ റാങ്ക് ലിസ്റ്റിൽനിന്നും (സൊസൈറ്റി വിഭാഗം) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part I) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും (ജനറൽ & സൊസൈറ്റി) നിന്നുമുള്ള നിയമനങ്ങൾ.

4) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

5) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ:** 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റികളിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) കേരള ഗവൺമെന്റിനു കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ ബോർഡിൽ നിന്നും 3 വർഷത്തെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലുള്ള ഫുൾ ടൈം കോഴ്സ് ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യം.

**കുറിപ്പ് :** 4) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റികളിൽ നിന്നും ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് രജിസ്ട്രാർഓഫ് ഫിഷറീസിൽ നിന്നു വാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

11 പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2, 5 (a), 7 എന്നിവ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 226/2020
## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II
## കേരള സംസ്ഥാന സഹകരണ മേഖലയിലെ അപ്പെക്സ് സൊസൈറ്റികൾ
## പാർട്ട് I (ജനറൽ കാറ്റഗറി)

| | |
|---|---|
| **1 സ്ഥാപനം** | : കേരള സംസ്ഥാന സഹകരണ മേഖലയിലെ അപ്പെക്സ് സൊസൈറ്റികൾ |
| **2 ഉദ്യോഗപ്പേര്** | : കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II |
| **3 ശമ്പളം** | : ₹ 11620-20240/-(PR) |
| **4 ഒഴിവുകളുടെ എണ്ണം** | : 02(രണ്ട്) |

03/01/2013 ലെ GO(P)No.1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ള വർക്കായി (Locomotor Disabiltiy/Cerebral Palsy /Hearing Impairment / Low Vision) സംവരണം ചെയ്തിരിക്കുന്നു.

**കുറിപ്പ്:** 1 ഈ ഒഴിവുകൾ ഇപ്പോൾ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയ്ക്ക് കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷൻ ലിമിറ്റഡിൽ (മത്സ്യഫെഡ്)ജനറൽ വിഭാഗത്തിന് മാത്രം നിലവിലുള്ളതാണ്. ഈ സ്ഥാപനത്തിൽ നിന്നും തുടർന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും, മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ കാറ്റഗറിയിൽ നിന്നും, സൊസൈറ്റി കാറ്റഗറിയിൽ നിന്നും നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതാണ്. ജനറൽ വിഭാഗത്തിനുള്ള ഒഴിവുകൾ പാർട്ട് I ആയും, മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് II ആയും, സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് III ആയും പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് ജനറൽ വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

2 ഗവൺമെന്റ് വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം (Part III) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റികളിലെ ജീവനക്കാർക്ക് വേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗത്തിൽ

പെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part I) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14-17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും (Part I, part III) നിന്നുമുള്ള നിയമനങ്ങൾ.

4 ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

5 KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമനരീതി :** നേരിട്ടുള്ള നിയമനം

**6 പ്രായപരിധി :** 18-40. ഉദ്യോഗാർത്ഥികൾ 02/01/1980നും 01/01/2002നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്കവിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് IIലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരിക്കുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**7 യോഗ്യതകൾ**

1. അംഗീകൃത സർവ്വകലാശാലയിൽ നിന്നു ലഭിച്ച ബിരുദം
2. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ), മലയാളം(ലോവർ) കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ.
3. ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് (ലോവർ), മലയാളം(ലോവർ)കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ.

11 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 7 ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 227/2020
## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II
## കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്)
## പാർട്ട് II (മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ)

| | |
|---|---|
| **1 സ്ഥാപനം** | : കേരള സം സ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്) |
| **2 ഉദ്യോഗപ്പേര്** | : കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II |
| **3 ശമ്പളം** | : ₹ 11620-20240/-(PR) |
| **4 ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

03/01/2013 ലെ GO(P)No.1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Palsy/Hearing Impairment, Low Vision) സംവരണം ചെയ്തിരിക്കുന്നു.

**കുറിപ്പ്:** i) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സം സ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ (മത്സ്യഫെഡ്) നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിന് മാറ്റിവച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ് (Part I). ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് മത്സ്യത്തൊഴിലാളികൾ/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ് (Part II). ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റിവിഭാഗം ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part III) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. 1958 ലെ കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14-17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ ഈ ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾക്ക് ബാധകമല്ല.

Iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : മത്സ്യത്തൊഴിലാളി/മത്സ്യതൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18-40, ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ** : 1) അപേക്ഷകൻ/അപേക്ഷക മത്സ്യത്തൊഴിലാളി / മത്സ്യതൊഴിലാളികളുടെ ആശ്രിതനായിരിക്കണം.

2) അംഗീകൃത സർവ്വകലാശാലയിൽ നിന്നു ലഭിച്ച ബിരുദം

3) ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ), മലയാളം (ലോവർ) കെ.ജി.റ്റി.ഇ /എം.ജി.റ്റി.ഇ

4) ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് (ലോവർ), മലയാളം (ലോവർ) കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ

**കുറിപ്പ്:** 4) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മത്സ്യത്തൊഴിലാളികൾ / മത്സ്യത്തൊഴിലാളികളൂടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി തങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ്/ ഡിപ്പന്റെൻസി സർട്ടിഫിക്കറ്റ് (മത്സ്യത്തൊഴിലാളി എന്നർത്ഥമാക്കുന്നത് ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെട്ട ആൾ. മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ എന്നർത്ഥമാക്കുന്നത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ മരണപ്പെട്ട വ്യക്തിയുടെ മകൻ/മകൾ, ഭാര്യ/ഭർത്താവ്, അച്ഛൻ/അമ്മ) ഫിഷറീസ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റവന്യു വകുപ്പിലെ അധികാരിയിൽ നിന്നുവാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:** 1) മത്സ്യത്തൊഴിലാളി, ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെടുന്ന ആൾ.

2) മത്സ്യ തൊഴിലാളിയുടെ ആശ്രിതർ, മത്സ്യബന്ധന തൊഴിലുമായി ബന്ധപ്പെട്ട് മരിച്ചു പോയ മകന്റെയോ മകളുടെയോ അച്ഛൻ/അമ്മ, ഭാര്യ/ഭർത്താവ്, മകൻ അല്ലെങ്കിൽ മകൾ.

3) മേൽ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്കു വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

11 പൊതു വ്യവസ്ഥകളിലെ 2, 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 228/2020
## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II
## കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്)
## പാർട്ട് III (സൊസൈറ്റി കാറ്റഗറി)

| | |
|---|---|
| **1 സ്ഥാപനം** | : കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ്(മത്സ്യഫെഡ്) |
| **2 ഉദ്യോഗപ്പേര്** | : കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II |
| **3 ശമ്പളം** | : ₹ 11620-20240/-(PR) |
| **4 ഒഴിവുകളുടെ എണ്ണം** | : പ്രതീക്ഷിത ഒഴിവുകൾ |

03/01/2013 ലെ GO(P)No.1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Pasly / Hearing Impairment , Low Vision ) സംവരണം ചെയ്തിരിക്കുന്നു.

**കുറിപ്പ്:** 1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡി (മത്സ്യഫെഡ്) ൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ സൊസൈറ്റി വിഭാഗത്തിനായി മാറ്റി വച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് സൊസൈറ്റി വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ജനറൽ വിഭാഗത്തിൽപ്പെട്ട (Part I) ഉദ്യോഗാർത്ഥികളുടെയും മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതവിഭാഗത്തിൽ (Part II) പ്പെട്ട ഉദ്യോഗാർത്ഥികളുടേയും സൊസൈറ്റി വിഭാഗം (Part III) ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ യാഥാക്രമം നിയമനശിപാർശ നടത്തുന്നതും ആദ്യ നിയമന ശിപാർശ ജനറൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

2) ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി /മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം (Part III) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ ജീവനക്കാർക്കു വേണ്ടി തയ്യാറാക്കുന്ന ഈ റാങ്ക് ലിസ്റ്റിൽനിന്നും (സൊസൈറ്റി വിഭാഗം) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part I)) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14-17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും (ജനറൽ & സൊസൈറ്റി) നിന്നുമുള്ള നിയമനങ്ങൾ.

4) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

5) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി :** കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18-50. ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ: 1**) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) 1. അംഗീകൃത സർവ്വകലാശാലയിൽ നിന്നു ലഭിച്ച ബിരുദം

2. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ), മലയാളം (ലോവർ) കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ

3. ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് (ലോവർ), മലയാളം (ലോവർ) കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ

**കുറിപ്പ് :** 4) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഫിഷറീസ് ഡെവലപ്മെന്റ് വെൽഫയർ കോപ്പറേറ്റിവ് സൊസൈറ്റികളിൽ നിന്നും ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് രജിസ്ട്രാർഓഫ് ഫിഷറീസിൽ നിന്നു വാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

11 പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2, 7 എന്നിവ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 229/2020
## അസിസ്റ്റന്റ് ഗ്രേഡ് II / ജൂനിയർ അസിസ്റ്റന്റ്
## കേരള സംസ്ഥാന സഹകരണ മേഖലയിലെ അപെക്സ് സൊസൈറ്റികൾ
## പാർട്ട് I (ജനറൽ കാറ്റഗറി)

| | |
|---|---|
| **1 സ്ഥാപനം** | : കേരള സംസ്ഥാന സഹകരണ മേഖലയിലെ അപ്പെക്സ് സൊസൈറ്റികൾ |
| **2 ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് ഗ്രേഡ് II / ജൂനിയർ അസിസ്റ്റന്റ് |
| **3 ശമ്പളം :** | ₹ 9940-16580/- (PR) |
| **4 ഒഴിവുകളുടെ എണ്ണം** | : 28 (ഇരുപത്തിയെട്ട്) |

03/01/2013ലെ GO(P)No. 1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Palsy, Hearing Impairment, Low Vision) സംവരണം ചെയ്തിരിക്കുന്നു.

**കുറിപ്പ്:** 1 ഈ ഒഴിവുകൾ ഇപ്പോൾ അസിസ്റ്റന്റ് ഗ്രേഡ് II / ജൂനിയർ അസിസ്റ്റന്റ് തസ്തികയ്ക്ക് കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷനിൽ ജനറൽ വിഭാഗത്തിന് മാത്രം നിലവിലുള്ളതാണ്. ഈ സ്ഥാപനത്തിൽ നിന്നും തുടർന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും, മത്സ്യത്തൊഴിലാളി /മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ കാറ്റഗറിയിൽ നിന്നും, സൊസൈറ്റി കാറ്റഗറിയിൽ നിന്നും നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതാണ്. ജനറൽ വിഭാഗത്തിനുള്ള ഒഴിവുകൾ പാർട്ട് I ആയും, മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് II ആയും, സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് III ആയും പ്രത്യേകം വിജ്ഞാപന പ്രകാരം നികത്തുന്നതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെകാലയളവിനുള്ളിൽ അസിസ്റ്റന്റ് ഗ്രേഡ് II /ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് ജനറൽ വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

2 ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ(Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം (Part III) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും (സൊസൈറ്റി വിഭാഗം ) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part I) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14-17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും (ജനറൽ & സൊസൈറ്റി) നിന്നുമുള്ള നിയമനങ്ങൾ.

4 ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

5 KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമനരീതി :** നേരിട്ടുള്ള നിയമനം

**(ശേഷം പേജ് 19ൽ)**





# കേരള സംസ്ഥാന സിനിമാ പുരസ്കാരങ്ങൾ - 2

**(കഴിഞ്ഞ ലക്കം തുടർച്ച)**

### 1988

മികച്ച ചിത്രം - ഒരേ തൂവൽപക്ഷികൾ
രണ്ടാമത്തെ ചിത്രം - പിറവി
മികച്ച സംവിധായകൻ- കെ പി കുമാരൻ
മികച്ച നടി- കുമാരി അഞ്ജു
മികച്ച നടൻ - പ്രേംജി
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തിയൊന്ന്

### 1989

മികച്ച ചിത്രം - വടക്കുനോക്കിയന്ത്രം




രണ്ടാമത്തെ ചിത്രം - ആലീസിന്റെ അന്വേഷണം
മികച്ച സംവിധായകൻ- ഐ വി ശശി
മികച്ച നടി- ഉർവശി
മികച്ച നടൻ - മമ്മൂട്ടി
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - ഒരു വടക്കൻ വീരഗാഥ

### 1990

മികച്ച ചിത്രം - വാസ്തുഹാര
രണ്ടാമത്തെ ചിത്രം - അപരാഹ്നം
മികച്ച സംവിധായകൻ- ജി അരവിന്ദൻ
മികച്ച നടി- ഉർവശി
മികച്ച നടൻ - തിലകൻ
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - പെരുന്തച്ചൻ

### 1991

മികച്ച ചിത്രം - കടവ്
രണ്ടാമത്തെ ചിത്രം - ഭരതം
മികച്ച സംവിധായകൻ- കമൽ
മികച്ച നടി- ഉർവശി
മികച്ച നടൻ - മോഹൻലാൽ
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - ഗോഡ്ഫാദർ

### 1992

ജെ സി ഡാനിയേൽ പുരസ്കാരം - റ്റി ഇ വാസുദേവൻ
മികച്ച ചിത്രം - ദൈവത്തിന്റെ വികൃതികൾ
രണ്ടാമത്തെ ചിത്രം - കുടുംബസമേതം
മികച്ച സംവിധായകൻ- ഹരിഹരൻ
മികച്ച നടി- ശ്രീവിദ്യ
മികച്ച നടൻ - മുരളി
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - വെങ്കലം

### 1993

ജെ സി ഡാനിയേൽ പുരസ്കാരം - തിക്കുറിശ്ശി സുകുമാരൻനായർ
മികച്ച ചിത്രം - വിധേയൻ
രണ്ടാമത്തെ ചിത്രം - പൊന്തന്മാട
മികച്ച സംവിധായകൻ- അടൂർ ഗോപാലകൃഷ്ണൻ
മികച്ച നടി- ശോഭന
മികച്ച നടൻ - മമ്മൂട്ടി
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - മണിച്ചിത്രത്താഴ്

### 1994

ജെ സി ഡാനിയേൽ പുരസ്കാരം - പി ഭാസ്കരൻ
മികച്ച ചിത്രം - പരിണയം
രണ്ടാമത്തെ ചിത്രം - സ്വം
മികച്ച സംവിധായകൻ- ഷാജി എൻ കരുൺ
മികച്ച നടി- ശാന്തികൃഷ്ണ
മികച്ച നടൻ - തിലകൻ
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - തേന്മാവിൻ കൊമ്പത്ത്

### 1995

ജെ സി ഡാനിയേൽ പുരസ്കാരം - അഭയദേവ്
മികച്ച ചിത്രം - കഴകം
രണ്ടാമത്തെ ചിത്രം - കാലാപാനി
മികച്ച സംവിധായകൻ- അടൂർ ഗോപാലകൃഷ്ണൻ
മികച്ച നടി- ഉർവശി
മികച്ച നടൻ - മോഹൻലാൽ
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - മഴയെത്തും മുൻപേ

### 1996

ജെ സി ഡാനിയേൽ പുരസ്കാരം - എ. വിൻസന്റ്
മികച്ച ചിത്രം - ഇല്ല
രണ്ടാമത്തെ ചിത്രം - കാണാക്കിനാവ്
മികച്ച സംവിധായകൻ- ജയരാജ്
മികച്ച നടി- മഞ്ജു വാര്യർ
മികച്ച നടൻ - മുരളി
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - കുലം

### 1997

ജെ സി ഡാനിയേൽ പുരസ്കാരം - കെ. രാഘവൻ
മികച്ച ചിത്രം - ഭൂതകണ്ണാടി
രണ്ടാമത്തെ ചിത്രം - പൂത്തിരുവാതിര രാവിൽ
മികച്ച സംവിധായകൻ- ടി. വി. ചന്ദ്രൻ
മികച്ച നടി- ജോമോൾ
മികച്ച നടൻ - സുരേഷ് ഗോപി
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - കളിയാട്ടം

### 1998

ജെ സി ഡാനിയേൽ പുരസ്കാരം - വി. ദക്ഷിണാമൂർത്തി
മികച്ച ചിത്രം - അഗ്നിസാക്ഷി




രണ്ടാമത്തെ ചിത്രം - ഗർഷോം
മികച്ച സംവിധായകൻ- ശ്യാമപ്രസാദ്
മികച്ച നടി- സംഗീത
മികച്ച നടൻ - മുരളി, രജത് കപൂർ
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - ചിന്താവിഷ്ടയായ ശ്യാമള

### 1999

ജെ സി ഡാനിയേൽ പുരസ്കാരം - ജി. ദേവരാജൻ
മികച്ച ചിത്രം - കരുണം
രണ്ടാമത്തെ ചിത്രം - ജലമർമ്മരം
മികച്ച സംവിധായകൻ- ഷാജി എൻ. കരുൺ
മികച്ച നടി- സംയുക്ത വർമ്മ
മികച്ച നടൻ - മോഹൻലാൽ
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - വീണ്ടും ചില വീട്ടുകാര്യങ്ങൾ

### 2000

ജെ സി ഡാനിയേൽ പുരസ്കാരം - എം.കൃഷ്ണൻ നായർ
മികച്ച ചിത്രം - സായാഹ്നം
രണ്ടാമത്തെ ചിത്രം - മധുരനൊമ്പരക്കാറ്റ്
മികച്ച സംവിധായകൻ- എം ടി വാസുദേവൻ നായർ
മികച്ച നടി- സംയുക്ത വർമ്മ
മികച്ച നടൻ - ഒ. മാധവൻ
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - ദേവദൂതൻ

### 2001

ജെ സി ഡാനിയേൽ പുരസ്കാരം - പി. എൻ. മേനോൻ
മികച്ച ചിത്രം - ശേഷം




രണ്ടാമത്തെ ചിത്രം - മേഘമൽഹാർ
മികച്ച സംവിധായകൻ- ടി. വി. ചന്ദ്രൻ
മികച്ച നടി- സുഹാസിനി
മികച്ച നടൻ - മുരളി
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - രാവണപ്രഭു

### 2002

ജെ സി ഡാനിയേൽ പുരസ്കാരം - കെ. ജെ. യേശുദാസ്
മികച്ച ചിത്രം - ഭാവം
രണ്ടാമത്തെ ചിത്രം - സ്ഥിതി
മികച്ച സംവിധായകൻ- ഇല്ല
മികച്ച നടി- നവ്യ നായർ
മികച്ച നടൻ - ഒടുവിൽ ഉണ്ണികൃഷ്ണൻ
കലാമേന്മയും ജനപ്രീതിയുമുള്ള ചിത്രം - നമ്മൾ

(തുടരും)

# LGS - 200 പൊതുവിജ്ഞാനങ്ങൾ

1 നിരപരാധികൾ കൊല്ലപ്പെടുന്നതിനെക്കാൾ നല്ലത് ഇന്ത്യയെ വിഭജിക്കുകയാണ് എന്ന് ഇന്ത്യാവിഭജനവേളയിൽ അഭിപ്രായപ്പെട്ടതാര്- ജവാഹർലാൽ നെഹ്റു

2 ന്യൂസ് പേപ്പർ ബോയ് എന്ന സിനിമ സംവിധാനം ചെയ്തത്- പി.രാംദാസ്

3 പഴയ നിയമത്തിൽ മോസസ്, ദൈവത്തിന്റെ പത്തുകൽപനകൾ സ്വീകരിച്ച സിനായ് പർവതം ഏത് രാജ്യത്ത്- ഈജിപ്ത്

4 പുളിമരത്തിന്റെ ജന്മദേശം- ആഫ്രിക്ക

5 പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം രചിച്ചത്- പി.ഭാസ്കരനുണ്ണി

6 ബാണ്ടു ജനവിഭാഗം ഏത് ഭൂഖണ്ഡത്തിലാണ്- ആഫ്രിക്ക



7 ബാഡ്മിന്റൺ എന്നു പേരുള്ള രണ്ടു ഗ്രാമങ്ങൾ ഉള്ള രാജ്യം- ഇംഗ്ലണ്ട്

8 ബാണാസുരസാഗർ നിർമിച്ചിരിക്കുന്ന കരമനത്തോട് ഏതിന്റെ പോഷകനദിയാണ്- കബനി

9 ബാണാസുരസാഗർ അണക്കെട്ട് ഏത് ജില്ലയിലാണ്- വയനാട്

10 ബംഗാളിലെ വനിതകൾക്കും ഗോത്രവിഭാഗങ്ങൾക്കും വേണ്ടി പ്രവർത്തിച്ച എഴുത്തുകാരി- മഹാശ്വേതാദേവി

11 പ്രാചീന ഭാരതത്തിൽ അയസ് എന്നറിയപ്പെട്ടിരുന്ന ലോഹം- ചെമ്പ്

12 ബ്രിട്ടീഷ് പാർലമെന്റിൽ അംഗമായ ആദ്യത്തെ ഭാരതീയൻ- ദാദാഭായ് നവറോജി

13 ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡ് നേടിയ മലയാള സിനിമ- എലിപ്പത്തായം


14 ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും മികച്ച ബാറ്റ്സ്മാൻ എന്നറിയപ്പെടുന്നത്- ഡോൺ ബ്രാഡ്മാൻ

15 ക്രിസ്തു ഭാഗവതം രചിച്ചത്- പി.സി. ദേവസ്യ

16 ക്രൂസ്ഫെൽറ്റ്-ജേക്കബ് രോഗത്തിന്റെ മറ്റൊരു പേര്- ഭ്രാന്തിപ്പശു രോഗം

17 ഘ്രാണശക്തി ഏറ്റവും കൂടുതലുള്ള ജീവി- സ്രാവ്

18 1,25,000 നടീനടൻമാർ അഭിനയിച്ച ചിത്രം- ബെൻഹർ




19 ഗ്ലോക്കോമ എന്ന രോഗം ബാധിക്കുന്നത് - കണ്ണിനെ

20 ബ്ലാക്ക് ഫോറസ്റ്റ് ഏത് വൻകരയിലെ മടക്ക്പർവതമാണ്- യൂറോ

21 ട്രാൻസിസ്റ്ററുകളും ഐ.സി.യും ഉണ്ടാക്കാനുപയോഗിക്കുന്ന സെമി കണ്ടക്ടർ- ജെർമേനിയം

22 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തെ ശിപായി ലഹള എന്ന് വിശേഷിപ്പിച്ചതാര്- ഏൾ സ്റ്റാൻലി

23 1936-ൽ കാലടിയിൽ ശ്രീരാമകൃഷ്ണ ആശ്രമം സ്ഥാപിച്ചത്- ആഗമാനന്ദ സ്വാമികൾ

24 1951-ലെ പൊതു തിരഞ്ഞെടുപ്പിൽ ഇപ്പോഴത്തെ കേരളം രണ്ടു ഭാഗങ്ങളായിട്ടാണ് വോട്ടു ചെയ്തത്. അവ ഏതെല്ലാം-മലബാറും തിരുകൊച്ചിയും

25 മനുഷ്യവാസമുള്ള വൻകരകളിൽ ഉഷ്ണമേഖലാ പ്രദേശത്തിനുവെളിയിൽ സ്ഥിതി ചെയ്യുന്ന ഏക വൻകര- യൂറോപ്പ്

26 അഞ്ചരക്കണ്ടിപ്പുഴയിൽ ധർമടത്ത് മൊയ്തുപാലം പണികഴിപ്പിച്ച വർഷം-1930

27 മണ്ണുകൊണ്ട് നിർമിച്ച ഇന്ത്യയിലെ ഏറ്റവും വലിയ അണക്കെട്ട്- ബാണാസുര സാഗർ


28 അക്ബർ ബുലന്ദ് ദർവാസ നിർമിച്ചത് ഏത് കീഴടക്കിയതിന്റെ സ്മരണയ്ക്കാണ് - ഗുജറാത്ത്

29 മാനവേദൻ എന്ന സാമൂതിരി രാജാവ് രൂപം നൽകിയ കലാരൂപം- കൃഷ്ണനാട്ടം

30 മാളവികാഗ്നിമിത്രം രചിച്ചത്- കാളിദാസൻ

31 മാവിന്റെ ജന്മദേശം- ഇന്ത്യ

32 മാസ്റ്റർ ഗ്രന്ഥി എന്നറിയപ്പെടുന്നത്- പിറ്റ്യൂട്ടറി



33 മുട്ട വിരിയാനുള്ള അനുകൂല ഊഷ്മാവ്- 37 ഡിഗ്രി സെൽഷ്യസ്

34 മുഖ്യമന്ത്രിയായശേഷം പ്രധാനമന്ത്രിയായ ആദ്യ വ്യക്തി- മൊറാർജി ദേശായി

35 മുഹമ്മദ് നബിയുടേതാണെന്ന് കരുതപ്പെടുന്ന മുടി സൂക്ഷിച്ചിരിക്കുന്ന കശ്മീരിലെ പള്ളി- ഹസ്രത്ത്ബാൽ

36 അടിമ വംശത്തിലെ അവസാനത്തെ സുൽത്താൻ- കൈഖുബാദ്

37 അമേരിക്കൻ നിയമനിർമാണസഭയുടെ ഉപരിസഭയായ സെനറ്റിലെ അംഗങ്ങളുടെ എണ്ണം- 100

38 അമേരിക്കൻ മോഡൽ ഭരണസംവിധാനം വിഭാവനം ചെയ്ത തിരുവിതാംകൂർ ദിവാൻ- സി.പി.രാമസ്വാമി അയ്യർ

39 ആനന്ദമഹാസഭ സ്ഥാപിച്ചത്- ബ്രഹ്മാനന്ദശിവയോഗി

40 ആനയുടെ വായിലെ പല്ലുകളുടെ എണ്ണം- 4

41 യന്ത്രങ്ങളുടെ പവർ അളക്കുന്ന യൂണിറ്റ് - കുതിരശക്തി

42 ആഗ്രയിലെ മോട്ടി മസ്ജിദ് നിർമിച്ചത്- ഷാജഹാൻ

43 ആൻ ഓട്ടോബയോഗ്രഫി രചിച്ചത്-ജവാഹർലാൽ നെഹ്റു

44 ആൻഡമാൻ-നിക്കോബാർ ദ്വീപ് സമൂഹം അറിയപ്പെടുന്ന മറ്റൊരു പേര്- എമറാൾഡ് ഐലൻറ്സ് (ബേ ഐലന്റ്സ്)



45 ആൻഡീസ് പർവതനിരയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി- അക്കോൺകാഗുവ

46 ആയിരം തൂണുകളുടെ കൊട്ടാരം (പാലസ് ഓഫ് തൗസന്റ് പില്ലേഴ്സ്) നിർമിച്ചത്- അലാവുദ്ദീൻ ഖിൽജി

47 ആരുടെ ശിഷ്യനായിരുന്നു സൂർദാസ്- വല്ലഭാചാര്യ

48 ആരുടെ സ്മരണയ്ക്കാണ് അംജദ് അലി ഖാൻ പ്രിയദർശിനി എന്ന രാഗം ചിട്ടപ്പെടുത്തിയത്- ഇന്ദിരാഗാന്ധി

49 ആരുടെ സദസ്യനായിരുന്നു രവികീർത്തി - പുലകേശി രണ്ടാമൻ

50 ആകാശത്ത് വെളുത്ത മേഘശകലങ്ങളായി കാണപ്പെടുന്ന മേഘങ്ങൾ- സിറോകുമുലസ് മേഘങ്ങൾ

51 ആകാശവാണിക്ക് ആ പേരു ലഭ്യമാക്കിയ വ്യക്തി- രബീന്ദ്രനാഥ് ടാഗൂർ

52 ആഗമാനന്ദ സ്വാമികൾ ആദ്യ ആശ്രമം സ്ഥാപിച്ചതെവിടെ- തൃശ്ശൂർ

53 യൂണിസെഫ് എന്ന സംഘടന ആരുടെ ക്ഷേമവുമായി ബന്ധപ്പെട്ടിരിക്കുന്നു- കുട്ടികൾ

54 യൂറോപ്പിന്റെ കവാടം എന്നറിയപ്പെടുന്ന തുറമുഖം- റോട്ടർഡാം


55 യൂണിയൻ കോൺസ്റ്റിറ്റ്യൂഷൻ കമ്മിറ്റിക്ക് ഭരണഘടനാ നിർമാണസഭയിൽ നേതൃത്വം നൽകിയതാരായിരുന്നു- ജവാഹർലാൽ നെഹ്റു

56 യൂണിഫോം സിവിൽ കോഡ് നിലവിലുള്ള ഏക ഇന്ത്യൻ സംസ്ഥാനം- ഗോവ

57 ആകെ എത്ര കിലോമീറ്ററാണ് ഇന്ത്യൻ യൂണിയന്റെ അതിർത്തി- 22716 കി.മീ.

58 ആത്മവിദ്യാസംഘം സ്ഥാപിച്ചതാര്- വാഗ്ഭടാനന്ദൻ

59 ആദ്യമായി ആന്റി സെപ്റ്റിക് സർജറി നടത്തിയത്- ജോസഫ് ലിസ്റ്റർ



60 ആദ്യത്തെ ഫിറോദിയ അവാർഡിന് അർഹനായത്-എ.പി.ജെ. അബ്ദുൾ കലാം

61 ഇ.എസ്.എ.എന്നതിന്റെ പൂർണരൂപം-ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ

62 ഇ.വി.രാമസ്വാമി നായ്ക്കർ അന്തരിച്ച വർഷം-1973

63 ഇ.വി.രാമസാമി നായ്ക്കർ ജനിച്ച വർഷം- 1879

64 ഇസ്രയേലിന്റെ ആദ്യ പ്രസിഡന്റ് - ചെയിം വെയ്സ്മാൻ

65 ഇന്ത്യൻ നാഷണൽ കോൺഗ്രസും മുസ്ലിം ലീഗും ലക്നൗ കരാറിൽ ഏർപ്പെട്ട വർഷം- 1916

66 ഇന്ത്യൻ ഭരണഘടനയിൽ ബാലവേല നിരോധിക്കുന്ന അനുച്ഛേദം- 24

67 ഇന്ത്യൻ ഭരണഘടനയുടെ 323 എ എന്ന ആർട്ടിക്കിൾ എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു- അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

68 ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കേയറ്റം-കന്യാകുമാരി



69 ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സ്ഥാപിതമായ വർഷം-1964

70 ഇന്ത്യയിൽ ഭൂപടങ്ങൾ തയ്യാറാക്കുന്ന ഏജൻസി- സർവേ ഓഫ് ഇന്ത്യ

71 ഇന്ത്യയിൽ ബ്രിട്ടീഷ് മേധാവിത്വം ഉറപ്പിച്ച യുദ്ധം- ബക്സർ യുദ്ധം (1764)

72 ഇന്ത്യയിൽ ആദ്യമായി അണുവിസ്ഫോടനം നടത്തിയ സ്ഥലം- പൊഖ്രാൻ

73 ഇന്ത്യയിൽ ആദ്യമായി ചിക്കുൻ ഗുനിയ റിപ്പോർട്ട് ചെയ്തത് എവിടെ- കൊൽക്കത്ത

74 ഇന്ത്യയിൽ ഏറ്റവും ഉയരത്തിലുള്ള സംസ്ഥാന തലസ്ഥാനം (2205 മീ.)- ഷിംല

75 ഇന്ത്യയിൽ ഏറ്റവും കൂടുതൽ അസംബ്ലി, ലജിസ്ലേറ്റീവ് കൗൺസിൽ, ലോക്സഭാ, രാജ്യസഭാ സീറ്റുകൾ ഉള്ള സംസ്ഥാനം - ഉത്തർപ്രദേശ്

76 ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിസ്തീർണത്തിൽ കൃഷി ചെയ്യപ്പെടുന്ന വിള- നെല്ല്

77 ഇന്ത്യയിൽ ഏതു സംസ്ഥാനമാണ് റബ്ബറുൽപാദനത്തിൽ ഒന്നാം സ്ഥാനത്ത്- കേരളം

78 ഇന്ത്യയിൽ പൊതുമരാമത്ത് വകുപ്പ് ഏത് ഗവർണർ ജനറലിന്റെ കാലത്താണ് ആരംഭിച്ചത്- ഡൽഹൗസി

79 ഇന്ത്യയിൽ ഡോക്ടേഴ്സ് ദിനമായി (ജൂലൈ 1) ആചരിക്കുന്നത് ആരുടെ ജന്മദിനമാണ്- ഡോ.ബി.സി.റോയ്

80 ഇന്ത്യയിലാദ്യമായി നാലു വരി എക്സ്പ്രസ് വേ നിലവിൽവന്ന സംസ്ഥാനം-ഗുജറാത്ത്

81 ഇന്ത്യയിലെ ധാതു പര്യവേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ സ്ഥാപനം- ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ

82 ഇന്ത്യയിലെ ആദ്യ ഇക്കോ-ടൂറിസം പദ്ധതി- തെന്മല


83 ഇന്ത്യയിലെ ആദ്യത്തെ ധനതത്ത്വശാസ്ത്രചിന്തകൻ എന്നറിയപ്പെടുന്നത് - ദാദാഭായ് നവറോജി

84 ഇന്ത്യയിലെ ആദ്യത്തെ കപ്പൽ നിർമാണശാല- വിശാഖപട്ടണം

85 ഇന്ത്യയിലെ ആദ്യത്തെ കൽക്കരിഖനി- റാണിഗഞ്ച്

86 ഇന്ത്യയിലെ ആദ്യത്തെ ശാസ്ത്രനഗരം

- കൊൽക്കത്ത
87 ഇന്ത്യയിലെ ആദ്യത്തെ ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കു നേതൃത്വം നൽകിയത് - പി.വേണുഗോപാൽ
88 ഇന്ത്യാ ഡിവൈഡഡ് രചിച്ചത്- ഡോ. രാജേന്ദ്രപ്രസാദ്
89 രാഷ്ട്രീയ ജനതാദളിന്റെ സ്ഥാപകൻ- ലാലു പ്രസാദ് യാദവ്
90 രാജീവ് ഗാന്ധി വധിക്കപ്പെട്ട സ്ഥലം-ശ്രീപെരുംപുതൂർ
91 രാജീവ്ഗാന്ധിവധത്തിനുപിന്നിലെ സുരക്ഷാപാളിച്ചകളെപ്പറ്റി അന്വേഷിച്ച കമ്മിഷൻ-ജയിൻ കമ്മിഷൻ
92 ഉരുളുന്ന ഗ്രഹം എന്നറിയപ്പെടുന്നത് - യുറാനസ്
93 ലാ മാർസെയിൽസ് ഏത് രാജ്യത്തിന്റെ ദേശീയ ഗാനമാണ്- ഫ്രാൻസ്
94 ലാറ്റിൻ ഔദ്യോഗിക ഭാഷയായ ഏക രാജ്യം - വത്തിക്കാൻ
95 എല്ലാവർക്കും നൽകാവുന്ന രക്തഗ്രൂപ്പ് - ഒ ഗ്രൂപ്പ്
96 എവറസ്റ്റ് കൊടുമുടി സ്ഥിതി ചെയ്യുന്ന രാജ്യം- നേപ്പാൾ
97 എവിടത്തെ രാജാവാണ് നൊബേൽ പുരസ്കാരം സമ്മാനിക്കുന്നത്- സ്വീഡൻ
98 എവിടെവച്ചാണ് അടിമവംശസ്ഥാപകനായ കുത്തബ്ദ്ദീൻ ഐബക് പോളോ കളിക്കിടെ കുതിരപ്പുറത്തുനിന്ന്വീണ് അന്തരിച്ചത് -ലാഹോർ
99 എസ്.എൻ.ഡി.പി.യോഗത്തിന്റെ മുൻഗാമിയെന്നറിയപ്പെടുന്ന സംഘടന- വാവുട്ടുയോഗം
100 എസ്.എൻ.ഡി.പി.യോഗത്തിന്റെ ആസ്ഥാനം- കൊല്ലം
101 എസ്.എം.എസ്.എന്നതിന്റെ പൂർണരൂപം -ഷോർട്ട് മെസേജ് സർവീസ്
102 ഏറ്റവും ഭാരം കൂടിയ പാമ്പ്- അനാ



ക്കോണ്ട
103 ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന തലസ്ഥാന നഗരം- ലാപാസ്
104 ഏറ്റവും വലിയ പൂവ്- റഫ്ളീഷ്യ
105 ഏറ്റവും വലിയ മത്സ്യം- തിമിംഗിലസ്രാവ്
106 ഏറ്റവും വലിയ ഉപനിഷത്ത്- ബൃഹദാരണ്യോപനിഷത്ത്
107 ഏറ്റവും കുറച്ച് അതിർത്തിയുള്ള രാജ്യം - വത്തിക്കാൻ
108 ഏറ്റവും കുറച്ച് വാക്കുകൾ ആരംഭിക്കുന്ന ഇംഗ്ലീഷ് അക്ഷരം- എക്സ്
109 ഏറ്റവും കൂടുതൽ ബുദ്ധിയുള്ള പക്ഷി- ബ്ലൂ റ്റിറ്റ്
110 ഏറ്റവും കൂടുതൽ അളവിൽ ഭൂവൽക്കത്തിൽ കാണപ്പെടുന്ന റേഡിയോ ആക്ടീവ് മൂലകം- യുറേനിയം
111 ഏറ്റവും കൂടുതൽ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന രാജ്യങ്ങൾ- റഷ്യയും ചൈനയും (14)
112 ഏറ്റവും കൂടുതൽ സമുദ്രതീരമുള്ള ഏഷ്യൻരാജ്യം- ഇന്തൊനീഷ്യ
113 ഏറ്റവും കൂടുതൽ പേരെ ബാധിക്കുന്ന രോഗം- ജലദോഷം
114 ഏറ്റവും കൂടുതൽ റോമൻ കത്തോലിക്കർ ഉള്ള രാജ്യം- ബ്രസീൽ
115 ഏറ്റവും കൂടുതൽ റോബോട്ടുകൾ ഏതു രാജ്യത്താണുള്ളത്-ജപ്പാൻ
116 ഏറ്റവും കൂടുതൽ ദേശീയ പാതകൾ കടന്നുപോകുന്ന സംസ്ഥാനം- ഉത്തർപ്രദേശ്
117 ഏറ്റവും സമീകൃതമായ ആഹാരമായി അറിയപ്പെടുന്നത്- പാൽ
118 ഏറ്റവും സാധാരണമായ വൈറസ് രോഗം- ജലദോഷം
119 ഏറ്റവും ചൂടു കുറഞ്ഞ ഭൂഖണ്ഡം- അന്റാർട്ടിക്ക
120 ഏറ്റവും ചൂടു കൂടിയ ഭൂഖണ്ഡം- ആഫ്രിക്ക
121 ഏറ്റവും ചൂടു കൂടുതലനുഭവപ്പെടുന്ന കേരളത്തിലെ ജില്ല- പാലക്കാട്
122 ഏറ്റവും സ്ഥിരത കൂടിയ മൂലകം- ഈയം (ലെഡ് )
123 ഏറ്റവും ചെറിയ മസ്തിഷ്കമുള്ള പ്രൈ



മേറ്റ്- മൗസ് ലീമർ
124 ഏതിന്റെ ഖരാവസ്ഥയാണ് ഡ്രൈ ഐസ്-കാർബൺ ഡയോക്സൈഡ്
125 ഏതു വൻകരയിലെ ഏറ്റവും നീളം കൂടിയ നദിയാണ് നൈൽ - ആഫ്രിക്ക
126 ഏത് രാജ്യവുമായിട്ടാണ് ഇന്ത്യ ആദ്യ ഏകദിനക്രിക്കറ്റ് മാച്ച് കളിച്ചത്- ഇംഗ്ലണ്ട്
127 ഏത് രാജ്യവുമായിട്ടാണ് ഇന്ത്യ ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മാച്ച് കളിച്ചത്- ഇംഗ്ലണ്ട്
128 തേരുകൂത്ത് ഏതു സംസ്ഥാനത്തെ നൃത്തരൂപം- തമിഴ്നാട്
129 ഏറ്റവും ചെറിയ സസ്തനം -വവ്വാൽ(ബംബിൾബീ ബാറ്റ്)
130 ഏറ്റവും തെക്കേയറ്റത്തെ വൻകര-അന്റാർട്ടിക്ക
131 ഏറ്റവും വേഗത്തിൽ നീന്തുന്ന പക്ഷി- പെൻഗ്വിൻ
132 ഏതവയവത്തിന്റെ പ്രവർത്തനം തകരാറിലാകുമ്പോഴാണ് ഡയാലിസിസ് നടത്തുന്നത്- വൃക്ക
133 ഏതിന്റെ കവാടമാണ് അലൈ ദർവാസ - കുത്തബ്മിനാർ
134 ഏതു നദിയിലാണ് ഭക്രാനംഗൽ അണക്കെട്ട്- സത്‌ലജ്
135 ഏതു നദിയുടെ തീരത്താണ് കോട്ടാ നഗരം- ചംബൽ
136 ഏതു ഭാഷയിലെ പദമാണ് ഹേബിയസ് കോർപ്പസ് - ലാറ്റിൻ
137 ഏതു ഭൂഖണ്ഡത്തിലാണ് അറ്റ്ലസ് പർവതം- ആഫ്രിക്ക
138 ഏതു ഗ്രഹത്തെയും ഉപഗ്രഹങ്ങളെയും ചേർത്താണ് ചെറുസൗരയൂഥം എന്നു വിളിക്കുന്നത്- വ്യാഴം
139 ഏതു മരത്തിന്റെ കറയാണ് ലാറ്റക്സ്- റബ്ബർ
140 ഏതു യുദ്ധത്തിന്റെ കെടുതികളാണ് ഹെൻറി ഡുനാന്റിനെ റെഡ്ക്രോസ് സ്ഥാപിക്കാൻ പ്രേരിപ്പിച്ചത്- സോൾഫെറിനോ
141 ഏതു രാജാവിന്റെ പണ്ഡിതസദസ്സായിരുന്നു അഷ്ടദിഗ്ഗജങ്ങൾ- കൃഷ്ണദേവരായർ
142 ഏതു രാജാവിന്റെ കാലത്താണ് ബുദ്ധമതം നേപ്പാളിൽ പ്രചരിച്ചത്- അശോകൻ
143 ഏതു രാജ്യക്കാരാണ് പുരുഷൻമാരുടെ പേരിനുമുന്നിൽ യു എന്നുചേർക്കുന്നത് - മ്യാൻമർ
144 ഏതു രാജ്യക്കാരാണ് തങ്ങളുടെ രാജ്യത്തെ ഡ്രൂക്ക്-യുൽ എന്നു വിളിക്കുന്നത് - ഭൂട്ടാൻ
145 ഏതു വിഷയത്തിലെ നൊബേൽ സമ്മാനമാണ് സംഘടനകൾക്കും ലഭിക്കാൻ അർഹത ഉള്ളത്- സമാധാനം
146 ഏതു വംശത്തിലെ രാജാവായിരുന്നു- ബിംബിസാരൻശൈശുനാഗ
147 ഏതു വംശത്തിലെ ഏറ്റവും പ്രഗല്ഭനായ രാജാവായിരുന്നു രുദ്രദാമൻ- ശകവംശം
148 ഏതു വംശത്തിലെ ഏറ്റവും പ്രസിദ്ധനായ രാജാവാണ് പുലികേശി രണ്ടാമൻ- ചാലൂക്യ
149 ഏതു കായൽ അറബിക്കടലുമായി യോജിക്കുന്നിടത്താണ് നീണ്ടകര അഴി- അഷ്ടമുടിക്കായൽ
150 വിശുദ്ധ പർവതം എന്നറിയപ്പെടുന്നത്- ഫ്യൂജിയാമ
151 വിക്ടോറിയാ മെമ്മോറിയൽ എവിടെയാണ്- കൊൽക്കത്ത
152 വിജയനഗരസാമ്രാജ്യത്തിലെ വംശങ്ങൾ -സംഗമ,സലുവ,തുലുവ,അരവിടു
153 വിവേകാനന്ദസന്ദേശം ആരുടെ രചനയാണ്- ആഗമാനന്ദ സ്വാമികൾ
154 കമ്പ്യൂട്ടറിന്റെ തൊട്ടുനോക്കാവുന്ന ഭാഗങ്ങളെയെല്ലാം ചേർത്ത് നൽകിയിരിക്കുന്ന ഭാഗത്തിന്റെ പേര്- ഹാർഡ്‌വെയർ
155 കർണാടകത്തിലെ ഏറ്റവും വലിയ നഗരം- ബാംഗ്ലൂർ
156 കയർ ബോർഡിന്റെ ആസ്ഥാനം- ആലപ്പുഴ
157 കാൻസർ കോശങ്ങളുടെ വളർച്ച കുറയ്ക്കാൻ സഹായകമായ കുർക്കുമിൻ അടങ്ങിയ വസ്തു-മഞ്ഞൾ
158 കിഴക്കിന്റെ സ്കോട്ലൻഡ് എന്നറിയപ്പെടുന്ന ഇന്ത്യൻ സംസ്ഥാനം- മേഘാലയ
159 ശുദ്ധരക്തം വഹിക്കുന്ന ഒരേയൊരുസിര- പൾമണറി സിര
160 കൃത്രിമമഴ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ലവണം - സിൽവർ അയഡൈഡ്
161 കടവല്ലൂർ അന്യോന്യം ഏതു വിഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു- നമ്പൂതിരിമാർ
162 കടുക്ക, താന്നിക്ക, നെല്ലിക്ക ഇവ മൂന്നിനും കൂടിയുള്ള പേരാണ്- ത്രിഫല
163 കടുവയുടെ ജന്മദേശം- സൈബീരിയ
164 കഥസരിത്സാഗരം രചിച്ചത്- സോമദേവൻ
165 സുമേറിയൻ സംസ്കാരത്തിന്റെ മറ്റൊരു പേര്-ഉർ സംസ്കാരം
166 ഖജുരാഹോ ക്ഷേത്രങ്ങൾ ഏതു സംസ്ഥാനത്താണ്- മധ്യപ്രദേശ്
167 സന്ദിഷ്ടവാദി പ്രസിദ്ധീകരിച്ചത്- 1867
168 ക്യൂബയുടെ സഹായത്തോടെ 1965-ൽ ബോളീവിയയിൽ സായുധ വിപ്ലവം നടത്തിയ വിപ്ലവകാരി- ചെഗുവേര
169 സമാജ്‌വാദി ജനതാപാർട്ടിയുടെ സ്ഥാപകൻ-ചന്ദ്രശേഖർ
170 ഗാന്ധിജി എവിടെവച്ചാണ് ആദ്യമായി സത്യാഗ്രഹമനുഷ്ഠിച്ചത്- ദക്ഷിണാഫ്രിക്ക
171 സുപ്രീം കോടതി ചീഫ് ജസ്റ്റിസായ ഏക അമേരിക്കൻ പ്രസിഡന്റ് - വില്യം ഹോവാർഡ് താഫ്റ്റ്
172 ഗുരുവായൂർ സത്യാഗ്രഹ കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്നത്- കെ.കേളപ്പൻ
173 ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വോളണ്ടിയർ ക്യാപ്റ്റൻ -എ.കെ.ഗോപാലൻ





174 സമ്മതിയുടെ നിർമാണം എന്ന സമീപനത്തെക്കുറിച്ച് വിശദീകരിച്ച ആധുനിക ചിന്തകൻ- നോം ചോംസ്കി
175 ഗുണനിലവാരമുള്ള കാർഷിക ഉപകരണങ്ങൾക്ക് നൽകിവരുന്ന മുദ്ര- അഗ്മാർക്ക്
176 സൂര്യനിലെ ഊർജസ്രോതസ്സ്- ഹൈഡ്രജൻ
177 സൂര്യനുൾപ്പെടെയുള്ള നക്ഷത്രങ്ങൾ അംഗമായ താരസമൂഹം- ക്ഷീരപഥം
178 സൗരയൂഥത്തിലെ ഏറ്റവും വലിയ ഉപഗ്രഹം- ഗാനിമീഡ്
179 സൗരയൂഥത്തിലെ ഏറ്റവും വലിയ ഛിന്ന ഗ്രഹം- സെറസ്
180 സ്വാമി വിവേകാനന്ദൻ ജനിച്ച വർഷം- 1863 (ജനുവരി 12)
181 സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലാദ്യമായി അന്താരാഷ്ട്ര വിമാനത്താവള പദവി നൽകിയത് - അഹമ്മദാബാദ്
182 സ്വദേശാഭിമാനി പത്രത്തിന്റെ ഉടമ- വക്കം മൗലവി
183 തകഴിയുടെ ആദ്യ നോവൽ- ത്യാഗത്തിനു പ്രതിഫലം
184 ചലിപ്പിക്കാൻ കഴിയുന്ന, മുഖത്തെ ഏക അസ്ഥി-കീഴ്ത്താടിയെല്ല്
185 ജയിലിൽ ഒൻപത് ആഴ്ച നിരാഹാരമനുഷ്ഠിച്ച് മരണംവരിച്ച സ്വാതന്ത്ര്യസമരസേനാനി- ജതിൻദാസ്
186 ജയദേവൻ ആരുടെ സദസ്യനായിരുന്നു - ലക്ഷ്മണസേനൻ
187 ജവാഹർലാൽ നെഹ്റു 1923-ൽ ചെയർമാനായ മുനിസിപ്പാലിറ്റി- അലഹബാദ്
188 ജഹാംഗീർ ചക്രവർത്തി ഏതുപേരിലാണ് മുമ്പ് അറിയപ്പെട്ടിരുന്നത്- സലിം
189 ഞാൻ സംശയിക്കുന്നു അതുകൊണ്ട് ഞാൻ ഉണ്ട് എന്നു പ്രഖ്യാപിച്ച ചിന്തകൻ- റെനെ ദക്കാർത്ത
190 നെഫ്രക്ടമി എന്നാൽ- വൃക്ക നീക്കം ചെയ്യൽ
191 നെഹ്റു ട്രോഫി വള്ളംകളി നടക്കുന്നത് ഏതു കായലിലാണ്- പുന്നമട
192 നെപ്പോളിയനെ പരാജയപ്പെടുത്തിയ ബ്രിട്ടീഷ് സേനാധിപൻ- വെല്ലസ്ലി (വെല്ലിങ്ടൺ പ്രഭു)
193 പെനിസെലിൻ കണ്ടുപിടിച്ചത്- അലക്സാണ്ടർ ഫ്ളമിങ്
194 ചൈത്രമാസത്തിലെ ഒന്നാംതീയതി ഗ്രിഗോറിയൻ കലണ്ടറിലെ ഏത് തീയതിയുമായാണ് ഒരുമിച്ച് വരുന്നത്- മാർച്ച് 22 (അധിവർഷത്തിൽ മാർച്ച് 21)
195 ജൈവവർഗീകരണശാസ്ത്രത്തിന്റെ പിതാവ്- കാൾ ലിനെയസ്
196 കേരളത്തിൽ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചത് എവിടെയാണ്- ബാണാസുരസാഗർ
197 കേരളത്തിലെ മുസ്ലിങ്ങളുടെ ആദ്യത്തെ സാമൂഹികക്ഷേമ സംഘടനയായ പൊന്നാനി ഊനത്തിൽ ഇസ്‌ലാം സഭ സ്ഥാപിതമായത് ഏത് വർഷത്തിൽ- എ.ഡി.1900
198 തമിഴ്ദേശത്തിന്റെ ബൈബിൾ എന്നറിയപ്പെടുന്നത്- തിരുക്കുറൽ
199 തലച്ചോറിനെക്കാൾ വലുപ്പമുള്ള കണ്ണുള്ള പക്ഷി -ഒട്ടകപ്പക്ഷി
200 തിരുവിതാംകൂറിൽ നിസ്സഹകരണപ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്- എ.കെ.പിള്ള •

# പൊതുവിജ്ഞാനം

PLUS POINTS 2.0

**സമാഹരണം: രാജേഷ്കുമാർ.എസ്**

1. കേരള സംസ്ഥാനത്തെക്കുറിച്ച് ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
 1. കേരളത്തിൽ ജനസാന്ദ്രത കൂടിയ ജില്ല തിരുവനന്തപുരവും കുറഞ്ഞ ജില്ല ഇടുക്കിയുമാണ്.
 2. 2011ലെ സെൻസസ് പ്രകാരം കേരളത്തിൽ സ്ത്രീ സാക്ഷരതാ നിരക്ക് പുരുഷന്മാരെക്കാൾ കൂടുതലാണ്.
 3. കേരളത്തിൽ സ്ത്രീ-പുരുഷാനുപാതം കൂടിയ ജില്ലയാണ് കണ്ണൂർ.
 4. ജനസംഖ്യാ വളർച്ചാനിരക്ക് കുറഞ്ഞ ജില്ല പത്തനംതിട്ടയാണ്.
 (എ) 1, 2, 4 എന്നിവ മാത്രം(ബി) 1, 2, 3 എന്നിവ മാത്രം
 (സി) 1, 3, 4 എന്നിവ മാത്രം(ഡി) 1, 2, 3, 4 എന്നിവ
2. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് ഏതെന്ന് കണ്ടെത്തുക.
 (എ) കേരളത്തിന്റെ വിസ്തീർണ്ണം 38,863 ചതുരശ്ര കിലോമീറ്ററാണ്.
 (ബി) 1956-ൽ കേരളം രൂപീകരിക്കുമ്പോൾ 5 ജില്ലകളാണ് നിലവിലുണ്ടായിരുന്നത്.
 (സി) കേരളത്തിന്റെ തീരദേശ ദൈർഘ്യം 580 കിലോമീറ്ററാണ്.
 (ഡി) ആംഗ്ലോ ഇന്ത്യൻ പ്രതിനിധി ഉൾപ്പെടെ കേരളത്തിലെ നിയമസഭാംഗങ്ങളുടെ എണ്ണം 140 ആകുന്നു.
3. ഏറ്റവുമധികം ജില്ലകളിലൂടെ കടന്നുപോകുന്ന കേരളത്തിലെ നദി ഏതാണ്?
 (എ) പെരിയാർ (ബി) ചാലിയാർ
 (സി) മൂവാറ്റുപുഴ നദി (സി) കല്ലട നദി
4. ചുവടെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
 1. നീർത്തടങ്ങളെ സംരക്ഷിക്കുകയും സുസ്ഥിരമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നത് സംബന്ധിച്ച അന്താരാഷ്ട്ര കരാറാണ് റാംസർ കൺവെൻഷൻ
 2. റാംസർ കരാർ ഒപ്പുവെച്ചത് 1971 ഫെബ്രുവരി 2-നാണ്.
 3. തണ്ണീർത്തട ദിനമായി ആചരിക്കുന്നത് ഫെബ്രുവരി 2-നാണ്.
 4. ഇന്ത്യയിൽ റാംസർ പട്ടികയിൽ ഏറ്റവും കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ഉത്തർപ്രദേശിലാണ്.
 (എ) 1, 2, 3, 4 എന്നിവ (ബി) 1, 2, 3 എന്നിവ മാത്രം
 (സി) 1, 2, 4 എന്നിവ മാത്രം(ഡി) 2, 3, 4 എന്നിവ മാത്രം
5. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
 1. കേരളത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നത് ജല വൈദ്യുത പദ്ധതികളിലൂടെയാണ്.
 2. കേരളത്തിൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഭരണപരിധിയിൽ വരുന്ന സ്ഥലങ്ങൾ, മൂന്നാർ (കണ്ണൻ ദേവൻ ഹിൽസ്) എന്നിവയൊഴികെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി വിതരണം ചെയ്യുന്നത് കെ.എസ്.ഇ.ബി മുഖാന്തിരമാണ്.
 3. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതിയായ പള്ളിവാസൽ ജലവൈദ്യുത പദ്ധതി സ്ഥിതിചെയ്യുന്നത് മുതിരപ്പുഴ നദിയിലാണ്.
 4. കേരളത്തിലെ ആദ്യത്തെ സ്വകാര്യ ജലവൈദ്യുത പദ്ധതിയാണ് മണിയാർ
 (എ) 1, 2, 4 എന്നിവ മാത്രം(ബി) 1, 2, 3, 4 എന്നിവ
 (സി) 1, 3, 4 എന്നിവ മാത്രം(ഡി) 1, 2, 3 എന്നിവ മാത്രം
6. കേരളത്തിൽ ഏത് ജില്ലയിലാണ് 'കരിമ്പുഴ വന്യജീവി സങ്കേതം' സ്ഥിതിചെയ്യുന്നത്?
 (എ) പാലക്കാട് (ബി) മലപ്പുറം
 (സി) വയനാട് (സി) തൃശ്ശൂർ



7 കേരളത്തിൽ ഏറ്റവും കൂടുതൽ ദേശീയോദ്യാനങ്ങൾ കാണപ്പെടുന്നത് ഏത് ജില്ലയിലാണ്?
 (എ) ഇടുക്കി (ബി) വയനാട്
 (സി) പാലക്കാട് (സി) പത്തനംതിട്ട
8. കേരളത്തിലെ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
 1. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യം നീക്കംചെയ്യുന്നതിനായി ഫിഷറീസ്-തുറമുഖ-എഞ്ചിനീയറിംഗ് വകുപ്പുകളുടെ നേതൃത്വത്തിൽ കൊല്ലം നീണ്ടകരയിൽ നടപ്പിലാക്കിയ പദ്ധതിയാണ് ശുചിത്വ സാഗരം പദ്ധതി എന്നറിയപ്പെടുന്നത്.
 2. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് കടലിൽ പോകുന്നതും തിരികെ വരുന്നതുമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷനാണ് 'സാഗര'.
 3. തീരദേശത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് 'അക്ഷരസാഗരം' എന്നറിയപ്പെടുന്നത്.
 (എ) 1, 2 എന്നിവ മാത്രം (ബി) 1, 3 എന്നിവ മാത്രം
 (സി) 2, 3 എന്നിവ മാത്രം(ഡി) 1, 2, 3 എന്നിവ
9. ഒളിമ്പിക്സിൽ ഇന്ത്യ ആദ്യമായി ഹോക്കിയിൽ-ഗോൾഡ് മെഡൽ നേടിയ വർഷം?
 (എ) 1928 (ബി) 1932
 (സി) 1976 (ഡി) 1984
10. ഒരു ക്രിക്കറ്റ് ബാറ്റിന്റെ അനുവദനീയമായ നീളം എത്രയാണ്?
 (എ) 36 inches (ബി) 34 inches




 (സി) 32 inches (ഡി) 38 inches
11. പഴശ്ശി വിപ്ലവത്തെ സംബന്ധിച്ച് ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
 1. പഴശ്ശി വിപ്ലവ സമയത്ത് മലബാറില (തലശ്ശേരി) സബ് കളക്ടറായിരുന്നു തോമസ് ഹാർവെ ബാബർ.
 2. പഴശ്ശി രാജാവിന്റെ സർവ്വ സൈന്യാധിപനായിരുന്നു കൈത്തേരി അമ്പു.
 3. പഴശ്ശി സ്മാരകം സ്ഥിതിചെയ്യുന്നത് മാനന്തവാടിയിലാണ്.
 (എ) 1, 2 എന്നിവ മാത്രം (ബി) 1, 3 എന്നിവ മാത്രം
 (സി) 1, 2, 3 എന്നിവ (ഡി) 2, 3 എന്നിവ മാത്രം
12. നിവർത്തന പ്രക്ഷോഭവുമായി ബന്ധപ്പെട്ട് 'കോഴഞ്ചേരി പ്രസംഗം' നടത്തിയ നേതാവ്?
 (എ) സി കേശവൻ (ബി) എൻ വി ജോസഫ്
 (സി) ടി എം വർഗ്ഗീസ് (ഡി) പി കെ കുഞ്ഞ്
13. ചുവടെപ്പറയുന്ന പ്രസ്താവനകളിൽ തെറ്റായത് ഏതാണ്?
 (എ) കയ്യൂർ സമരം നടന്നത് കാസർകോട് ജില്ലയിലാണ്.
 (ബി) 1941-ലാണ് കയ്യൂർ സമരം നടന്നത്
 (സി) കരിവെള്ളൂർ സമരം നടന്നത്1948-ലാണ്
 (ഡി) കരിവെള്ളൂർ സമര നായിക എന്നറിയപ്പെടുന്നത് കെ ദേവയാനിയാണ്.
14. കേരളത്തിൽ ഉപ്പ് സത്യാഗ്രഹത്തെ തുടർന്ന് നിരാഹാരം നടത്തി മരണപ്പെട്ട സത്യാഗ്രഹി ആരാണ്?
 (എ) എ സി കുഞ്ഞിരാമൻ അടിയോടി
 (ബി) ടി ആർ കൃഷ്ണസ്വാമി അയ്യർ
 (സി) മൊയ്യാരത്ത് ശങ്കരൻ
 (ഡി) കെ കേളപ്പൻ
15. ചുവടെപ്പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏതാണ്?
 (എ) മാഹി വിമോചന സമരം നടന്നത് 1948 ലാണ്
 (ബി) മാഹി വിമോചന സമരത്തിന്റെ നേതാവാണ് ഐ കെ കുമാരൻ മാസ്റ്റർ
 (സി) ആധുനിക ഗാന്ധി എന്നറിയപ്പെടുന്നത് ഐ കെ കുമാരൻ മാസ്റ്ററാണ്
 (ഡി) 'വരിക വരിക സഹജരേ' എന്നു തുടങ്ങുന്ന ഗാനം ഉപ്പു സത്യആഗ്രഹത്തിന്റെ മാർച്ചിംഗ് ഗാനമാണ്.
16. ചുവടെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
 1. ചട്ടമ്പിസ്വാമികളുടെ യഥാർഥ പേര് അയ്യപ്പൻ എന്നാണ്.
 2. ചട്ടമ്പിസ്വാമിക്ക് ജ്ഞാനോദയം ലഭിച്ചത് വടിവീശ്വരം എന്ന സ്ഥലത്തുവച്ചാണ്.
 3. ചട്ടമ്പിസ്വാമി സ്മാരകം സ്ഥിതിചെയ്യുന്നത് കൊല്ലം ജില്ലയിലെ പന്മനയിലാണ്.
 (എ) 1, 2 എന്നിവ മാത്രം (ബി) 1, 3 എന്നിവ മാത്രം
 (സി) 2, 3 എന്നിവ മാത്രം (ഡി) 1, 2, 3 എന്നിവ
17. ചുവടെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം?
 1. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല സ്ഥിതിചെയ്യുന്നത് കൊല്ലം ജില്ലയിലാണ്.
 2. 1913-ലാണ് ശ്രീനാരായണഗുരു ആലുവയിൽ അദ്വൈതാശ്രമം സ്ഥാപിച്ചത്
 3. എസ്എൻഡിപിയുടെ മുഖപത്രമായ വിവേകോദയം മാസികയുടെ സ്ഥാപകനാണ് ശ്രീനാരായണഗുരു.
 4. 1888-ലാണ് ശ്രീനാരായണഗുരു അരുവിപ്പുറം പ്രതിഷ്ഠ നടത്തിയത്.
 (എ) 1, 2, 3 എന്നിവ (ബി) 1, 3, 4 എന്നിവ
 (സി) 1, 2, 4 എന്നിവ (ഡി) 1, 2, 3, 4 എന്നിവ
18. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് ഏതാണ്?
 (എ) സമത്വ സമാജം സ്ഥാപിച്ചത് വൈകുണ്ഠ സ്വാമികളാണ്
 (ബി) പന്തിഭോജനം ആരംഭിച്ച സാമൂഹിക പരിഷ്കർത്താവാണ് തൈക്കാട് അയ്യ
 (സി) ആനന്ദ മഹാസഭ സ്ഥാപിച്ചത് വാഗ്ഭടാനന്ദനാണ്
 (ഡി) ജാതിനാശിനി സഭ രൂപീകരിച്ചത് ആനന്ദതീർത്ഥനാണ്.
19. ചുവടെപ്പറയുന്ന സാമൂഹിക പരിഷ്കർത്താക്കൾ, അവർ നേതൃത്വം നൽകിയ പ്രസ്ഥാനങ്ങൾ എന്നിവ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക.

| | |
|---|---|
| A പൊയ്കയിൽ യോഹന്നാൻ | 1. മിശ്രഭോജന പ്രസ്ഥാനം |
| B വാഗ്ഭടാനന്ദൻ | 2. പിടിയരി സമ്പ്രദായം |
| C കുര്യാക്കോസ് ഏലിയാസ് ചാവറ | 3. ആത്മവിദ്യാസംഘം |
| D സഹോദരൻ അയ്യപ്പൻ | 4. പ്രത്യക്ഷ രക്ഷാ ദൈവസഭ |

 (എ) A-1, B-2, C-3, D-4 (ബി) A-4, B-3, C-2, D-1
 (സി) A-4, B-3, C-1, D-2 (ഡി) A-3, B-4, C-2, D-1
20. ആനന്ദ ദർശനത്തിന്റെ ഉപജ്ഞാതാവ്
 (എ) ബ്രഹ്മാനന്ദ ശിവയോഗി



 (ബി) ആനന്ദ തീർത്ഥൻ
 (സി) ആഗമാനന്ദ സ്വാമി
 (ഡി) വാഗ്ഭടാനന്ദൻ

## ഉത്തരങ്ങൾ

1 (സി), 2 (ഡി), 3 (സി), 4(എ), 5 (ബി), 6 (ബി), 7 (എ), 8 (ഡി), 9 (എ), 10 (ഡി), 11 (സി), 12 (എ), 13 (സി), 14 (എ), 15 (സി), 16 (ഡി), 17 (സി), 18 (സി), 19 (ബി), 20 (എ),

(പേജ് 14ൽ നിന്ന്)

**6 പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02/01/1980നും 01/01/2002നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് IIലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരിക്കുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**7 യോഗ്യതകൾ :** അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദവും എച്ച്.ഡി.സി./ജെ.ഡി.സി.യും

അല്ലെങ്കിൽ

കോഓപ്പറേഷനോടു കൂടിയ ബി.കോം. ബിരുദം

അല്ലെങ്കിൽ

കേരള കാർഷിക സർവകലാശാലയിൽ നിന്നുള്ള കോഓപ്പറേഷൻ ആന്റ് ബാങ്കിങ്ങോടു കൂടിയ ബി.എസ്.സി. ബിരുദം

1 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V, VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 7 ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 230/2020
## ജൂനിയർ അസിസ്റ്റന്റ് II /ജൂനിയർ അസിസ്റ്റന്റ്
## കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്)
### പാർട്ട് II (മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ)

| | | |
|---|---|---|
| **1 സ്ഥാപനം** | : | കേരള സം സ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്) |
| **2 ഉദ്യോഗപ്പേര്** | : | അസിസ്റ്റന്റ് ഗ്രേഡ് II / ജൂനിയർ അസിസ്റ്റന്റ് |
| **3 ശമ്പളം** | : | ₹ 9940-16580(PR) |
| **4 ഒഴിവുകളുടെ എണ്ണം** | : | 17 (പതിനേഴ്) |

03/01/2013ലെ GO(P)No. 1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി(Locomotor Disabiltiy/Cerebral Palsy, Hearing Impairment, Low Vision) സംവരണം ചെയ്തിരിക്കുന്നു.

**കുറിപ്പ്:** i) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ (മത്സ്യഫെഡ്) നിന്നും അസിസ്റ്റന്റ് ഗ്രേഡ് II/ജൂനിയർ അസിസ്റ്റന്റ് തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിന് മാറ്റിവച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ് (Part I). ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ അസിസ്റ്റന്റ് ഗ്രേഡ് II / ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് മത്സ്യത്തൊഴിലാളികൾ/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ് (Part II). ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റിവിഭാഗം ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part III) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. 1958 ലെ കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 1417 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ ഈ ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾക്ക് ബാധകമല്ല.

iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : മത്സ്യത്തൊഴിലാളി/മത്സ്യതൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം :** 18–40, ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ :** 1)അപേക്ഷകൻ/അപേക്ഷക മത്സ്യത്തൊഴിലാളി/ മത്സ്യതൊഴിലാളിയുടെ ആശ്രിതനായിരിക്കണം.

2) അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദവും എച്ച്.ഡി.സി./ജെ.ഡി.സി.യും

**അല്ലെങ്കിൽ**

കോഓപ്പറേഷനോടു കൂടിയ ബി.കോം. ബിരുദം

**അല്ലെങ്കിൽ**

കേരള കാർഷിക സർവകലാശാലയിൽ നിന്നുള്ള കോഓപ്പറേഷൻ ആന്റ് ബാങ്കിങ്ങോടു കൂടിയ ബി.എസ്.സി. ബിരുദം.

**കുറിപ്പ് :**

കുറിപ്പ്: 1 ഈ ഒഴിവുകൾ ഇപ്പോൾ ഓപ്പറേറ്റർ ഗ്രേഡ് III തസ്തികയ്ക്ക് കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷനിൽ (മത്സ്യഫെഡ്) ജനറൽ വിഭാഗത്തിന് മാത്രം നിലവിലുള്ളതാണ്. ഈ സ്ഥാപനത്തിൽ നിന്നും തുടർന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും, മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ കാറ്റഗറിയിൽ നിന്നും, സൊസൈറ്റി കാറ്റഗറിയിൽ നിന്നും നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതാണ്. ജനറൽ വിഭാഗത്തിനുള്ള ഒഴിവുകൾ പാർട്ട് I- ആയും, മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് II ആയും, സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് III ആയും പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ ഓപ്പറേറ്റർ ഗ്രേഡ് III തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് ജനറൽ വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

2 ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം (Part III) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും (സൊസൈറ്റി വിഭാഗം ) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part I) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14-17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും (ജനറൽ & സൊസൈറ്റി) നിന്നുമുള്ള നിയമനങ്ങൾ.

4 ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

5 KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം:** 18 - 40. ഉദ്യോഗാർത്ഥികൾ 02/01/1980നും 01/01/2002നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് IIലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരിക്കുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്.

**7 യോഗ്യതകൾ:** 1) എസ്. എസ്. എൽ. സി പാസായിരിക്കണം.

2) ഫിറ്റർ/ മെക്കാനിക്കൽ/ ഇലക്ട്രിക്കൽ ട്രേഡിൽ ഐ. റ്റി. ഐ (എൻ.റ്റി.സി/ എൻ. എ. സി)

11 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 5(a) ഉം 7 ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ 242/2020
## ഓപ്പറേറ്റർ ഗ്രേഡ് III
## കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്)
## പാർട്ട് II (മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ )

| | | |
|---|---|---|
| 1 | **സ്ഥാപനം** | : കേരള സം സ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ് (മത്സ്യഫെഡ്) |
| 2 | **ഉദ്യോഗപ്പേര്** | : ഓപ്പറേറ്റർ ഗ്രേഡ് III |
| 3 | **ശമ്പളം** | : ₹ 8730-13540/ (PR) |
| 4 | **ഒഴിവുകളുടെ എണ്ണം** | : 03 (മൂന്ന്) |

കുറിപ്പ് : i) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ (മത്സ്യഫെഡ്) നിന്നും ഓപ്പറേറ്റർ ഗ്രേഡ് III തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ വിഭാഗത്തിന് മാറ്റിവച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ് (Part I). ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ ഓപ്പറേറ്റർ ഗ്രേഡ് III തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് മത്സ്യത്തൊഴിലാളികൾ/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ് (Part II). ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി/ മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part III) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളികളുടെ ആശ്രിത വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. 1958 ലെ കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14-17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ ഈ ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾക്ക് ബാധകമല്ല.

ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയിലേയ്ക്ക് ഒരു പുതിയ റാ

ങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനം പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

iv) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : മത്സ്യത്തൊഴിലാളി/മത്സ്യതൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–40, ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ :** 1) അപേക്ഷകൻ / അപേക്ഷക മത്സ്യത്തൊഴിലാളി / മത്സ്യതൊഴിലാളികളുടെ ആശ്രിതനായിരിക്കണം.

2) എസ്. എസ്. എൽ. സി പാസായിരിക്കണം.

3) ഫിറ്റർ/ മെക്കാനിക്കൽ/ ഇലക്ട്രിക്കൽ ട്രേഡിൽ ഐ. റ്റി. ഐ (എൻ. റ്റി. സി/ എൻ. എ. സി)

**കുറിപ്പ് :** 4) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മത്സ്യത്തൊഴിലാളികൾ /മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി തങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ്/ ഡിപ്പന്റെൻസി സർട്ടിഫിക്കറ്റ് (മത്സ്യത്തൊഴിലാളി എന്നർത്ഥമാക്കുന്നത് ഉപജീവനത്തിനായി മത്സ്യ ബന്ധനത്തിലേർപ്പെട്ട ആൾ. മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ എന്നർത്ഥമാക്കുന്നത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ മരണപ്പെട്ട വ്യക്തിയുടെ മകൻ/മകൾ , ഭാര്യ/ഭർത്താവ് , അച്ഛൻ/അമ്മ) ഫിഷറീസ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റവന്യു വകുപ്പിലെ അധികാരിയിൽ നിന്നു വാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർട്ടിഫിക്കറ്റ്/ഡിപ്പന്റൻസി സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(ഡിപ്പന്റൻസി സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ് :** 1) മത്സ്യത്തൊഴിലാളി, ഉപജീവനത്തിനായി മത്സ്യബന്ധനത്തിലേർപ്പെടുന്ന ആൾ.

2) മത്സ്യത്തൊഴിലാളിയുടെ ആശ്രിതർ, മത്സ്യബന്ധന തൊഴിലുമായി ബന്ധപ്പെട്ട് മരിച്ചു പോയ മകന്റെയോ മകളുടെയോ അച്ഛൻ/അമ്മ, ഭാര്യ/ഭർത്താവ്, മകൻ അല്ലെങ്കിൽ മകൾ.

3) മേൽ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്കു വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ് .

11 പൊതു വ്യവസ്ഥകളിലെ 2, 5a, 7 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ 243/2020
## ഓപ്പറേറ്റർ ഗ്രേഡ് III
## കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ്(മത്സ്യഫെഡ്)
## പാർട്ട് III (സൊസൈറ്റി കാറ്റഗറി)

| | | |
|---|---|---|
| 1 | **സ്ഥാപനം** | : കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡ്(മത്സ്യഫെഡ്) |
| 2 | **ഉദ്യോഗപ്പേര്** | : ഓപ്പറേറ്റർ ഗ്രേഡ് III |
| 3 | **ശമ്പളം** | : ₹ 8730–13540/ (PR) |
| 4 | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

കുറിപ്പ് : 1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡി (മത്സ്യഫെഡ്)ൽ നിന്നും ഓപ്പറേറ്റർ ഗ്രേഡ് III തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളെ 5:3:2 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ സൊസൈറ്റി വിഭാഗത്തിനായി മാറ്റി വച്ചതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ വിഭാഗത്തിനുള്ളതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ ഓപ്പറേറ്റർ ഗ്രേഡ് III തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് സൊസൈറ്റി വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ജനറൽ വിഭാഗത്തിൽപ്പെട്ട (Part I) ഉദ്യോഗാർത്ഥികളുടെയും മത്സ്യത്തൊഴിലാളി / മത്സ്യത്തൊഴിലാളികളുടെ ആശ്രിതവിഭാഗത്തിൽ (Part II) പ്പെട്ട ഉദ്യോഗാർത്ഥികളുടേയും സൊസൈറ്റി വിഭാഗം (Part III) ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ യാഥാക്രമം നിയമനശിപാർശ നടത്തുന്നതും ആദ്യ നിയമന ശിപാർശ ജനറൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

2) ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മത്സ്യത്തൊഴിലാളി /മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ ഉദ്യോഗാർത്ഥികൾക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ (Part II) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ സൊസൈറ്റി വിഭാഗം (Part III) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന ഈ റാങ്ക് ലിസ്റ്റിൽനിന്നും (സൊസൈറ്റി വിഭാഗം ) ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ (Part I) നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 1417 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും (ജനറൽ & സൊസൈറ്റി) നിന്നുമുള്ള നിയമനങ്ങൾ.

4) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

5) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ:** 1) അപേക്ഷകന്/അപേക്ഷകയ്ക്ക് ഫിഷറീസ് ഡെവലപ്പ്മെന്റ് വെൽഫെയർ കോഓപ്പറേറ്റീവ് സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

1. എസ്. എസ്. എൽ. സി പാസായിരിക്കണം.
2. ഫിറ്റർ/ മെക്കാനിക്കൽ/ ഇലക്ട്രിക്കൽ ട്രേഡിൽ ഐ. റ്റി. ഐ (എൻ.റ്റി. സി/ എൻ. എ. സി)

**കുറിപ്പ് :** 4) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

5) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ നിന്നും ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് രജിസ്ട്രാർഓഫ് ഫിഷറീസിൽ നിന്നു വാങ്ങി പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

11 പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2, 5(a) & 7 മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ 244/2020
## എൽ.പി സ്ക്കൂൾ ടീച്ചർ (മലയാളം മീഡിയം)
## വിദ്യാഭ്യാസം
## (തസ്തികമാറ്റം വഴി)

| | | |
|---|---|---|
| 1. വകുപ്പ് | | : വിദ്യാഭ്യാസം |
| 2. ഉദ്യോഗപ്പേര് | | : എൽ.പി സ്ക്കൂൾ ടീച്ചർ (മലയാളം മീഡിയം) (തസ്തികമാറ്റം വഴി) |
| 3. ശമ്പളം | | : ₹ 25200–54000/ |
| 4. ഒഴിവുകളുടെ എണ്ണം | | : ജില്ലാടിസ്ഥാനത്തിൽ |
| | തിരുവനന്തപുരം | 09 (ഒൻപത്) |
| | കൊല്ലം | 18 (പതിനെട്ട്) |
| | പത്തനംതിട്ട | 04 (നാല് ) |
| | ഇടുക്കി | 03 (മൂന്ന് ) |
| | എറണാകുളം | 67 (അറുപത്തിയേഴ്) |
| | തൃശൂർ | 01 (ഒന്ന് ) |
| | പാലക്കാട് | 10 (പത്ത് ) |
| | മലപ്പുറം | 05 (അഞ്ച്) |
| | കോഴിക്കോട് | 05 (അഞ്ച് ) |
| | കണ്ണൂർ | 15 (പതിനഞ്ച്) |
| | കാസറഗോഡ് | 02 (രണ്ട്) |
| | കോട്ടയം | കണക്കാക്കപ്പെട്ടിട്ടില്ല |
| | വയനാട് | കണക്കാക്കപ്പെട്ടിട്ടില്ല |

**കുറിപ്പ്:** (ii) തസ്തികമാറ്റം വഴി നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (approved Probationer) ആളോ ആയിരിക്കണം. (അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം [20.01.2009 ലെ ജി.ഒ (എം.എസ്) നം. 8/09/പൊ.വി.വ].

(v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ ക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നമ്പർ 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5. നിയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം. (അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം [20.01.2009 ലെ ജി.ഒ (എം.എസ്) നം. 8/09/പൊ.വി.വ].

**6. പ്രായം :** ബാധകമല്ല.

**7. യോഗ്യതകൾ :** 1) കേരള സർക്കാരിന്റെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പ്രീഡിഗ്രി പരീക്ഷയോ അല്ലെങ്കിൽ പ്രീഡിഗ്രിക്ക് തത്തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷ ബോർഡ് നടത്തുന്നതോ തത്തുല്യമായി ഗവൺമെന്റ് അംഗീകരിച്ചതോ ആയ ഏതെങ്കിലും ഹയർ സെക്കണ്ടറി പരീക്ഷ വിജയിച്ചിരിക്കണം.

2) കേരള സർക്കാർ പരീക്ഷ കമ്മീഷണർ നടത്തുന്ന റ്റി.റ്റി.സി പരീക്ഷ വിജയിച്ചിരിക്കണം

**കുറിപ്പ് :** റ്റി.റ്റി.സി യോഗ്യത, G.O(RT) No.3280/13/പൊ.വി.വ തീയതി 05.08.2013പ്രകാരം ഡി.എഡ് (ഡിപ്ലോമ ഇൻ ടീച്ചർ എഡ്യൂക്കേഷൻ) എന്നും, G.O(RT) No.1700/18/പൊ.വി.വ തീയതി 05.05.2018 , G.O(RT) No. 2009/18/പൊ.വി.വ തീയതി 30.05.2018 എന്നിവ പ്രകാരം ഡി.എൽ.എഡ് (ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ) എന്നും പുനർനാമകരണം ചെയ്തിട്ടുള്ളതിനാൽ ടി സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ഡി.എഡ് യോഗ്യതയോ, ഡി.എൽ.എഡ് യോഗ്യതയോ ഉള്ളവരെയും പരിഗണിക്കുന്നതാണ്.

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ് :** ( i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

(ii) 31.03.12 ന് മുൻപ് സർവീസിൽ പ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല.

(iii) ടിടിസിക്ക് പകരമായി B.Ed യോഗ്യത സ്വീകരിക്കുന്നതല്ല.

(iv) SSLC ക്ക് പാർട്ട് 1ലോ പാർട്ട് 2ലോ മലയാളം പഠിക്കാത്തതോ പഠന മാധ്യമം മലയാളം അല്ലാത്തതോ ആയ ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല. [GO(Rt) No. 534/02/GEdn. Dtd. 19.03.2002, G.O(MS) No.44/75/G.Edn. Dtd. 29.01.1975] എന്നാൽ സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അദ്ധ്യാപക ട്രെയിനിംഗ് യോഗ്യത തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് അപേഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. (സ.ഉ.(കൈ)നം.67/2018/പൊ.വി.വ. തീയതി 22.5.2018)

(v) ഈ തസ്തികയ്ക്ക് എഴുത്ത് (വിവരണാത്മക/ഒ.എം.ആർ) പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്. OMR ഉത്തരകടലാസ് സംബന്ധിച്ച്, ഉത്തരങ്ങൾ എഴുതുന്നതിനുപകരം നിർദ്ദേശിക്കുന്ന പ്രകാരം അടയാളപ്പെടുത്തേണ്ടതാണ്.

4) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തിതകയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം (20–01–2009 ലെ ജി.ഒ (എംഎസ്) നമ്പർ 8/09 /പൊ.വി.വ) മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം സൂക്ഷിയ്ക്കേണ്ടതും, വിദ്യാഭ്യാസം, യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന രേഖകളോടൊപ്പം കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

## കാറ്റഗറി നമ്പർ 245/2020
## ഫയർവുമൺ (ട്രെയിനി)
## ഫയർ ആന്റ് റെസ്ക്യൂ സർവീസസ്

| | | |
|---|---|---|
| **1. വകുപ്പ്** | : ഫയർ ആന്റ് റെസ്ക്യൂ സർവീസസ് | |
| **2. ഉദ്യോഗപ്പേര്** | : ഫയർവുമൺ (ട്രെയിനി) | |
| **3. ശമ്പളം** | : ₹ 20,000–45,800/ | |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ | |
| | 1. തിരുവനന്തപുരം | 15 |
| | 2. കൊല്ലം | 5 |
| | 3. പത്തനംതിട്ട | 5 |
| | 4. ആലപ്പുഴ | 5 |
| | 5. കോട്ടയം | 5 |
| | 6. ഇടുക്കി | 5 |
| | 7. എറണാകുളം | 15 |
| | 8. തൃശ്ശൂർ | 5 |
| | 9. പാലക്കാട് | 5 |
| | 10. മലപ്പുറം | 5 |
| | 11. കോഴിക്കോട് | 15 |
| | 12. വയനാട് | 5 |

| | | |
|---|---|---|
| 13. | കണ്ണൂർ | 5 |
| 14. | കാസർഗോഡ് | 5 |

**കുറിപ്പ് i:-** 10.10.2018 ലെ G.O(Ms)No. 161/18/Home, 21.08.2019 ലെ ജി.ഒ.(എം.എസ്) നമ്പർ.128/2019/Home & 18.06.2020 ലെ G.O(MS)No.128/2020/Home എന്നിവ പ്രകാരമാണ് ഈ തസ്തികയുടെ പേര്, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

**കുറിപ്പ് ii:** ഉദ്യോഗാർത്ഥികളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രിമീലെയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി തെരഞ്ഞെടുപ്പിന്റെ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

**കുറിപ്പ് iii:** ഈ വിജ്ഞാപനപ്രകാരം ഒരു ഉദ്യോഗാർത്ഥി ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. ആയതിന് വിരുദ്ധമായി അപേക്ഷകൾ സമർപ്പിക്കുകയും തുടർന്ന് തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്ന പക്ഷം ടിയാളെ റാങ്ക് പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതും ടിയാൾക്ക് എതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

കുറിപ്പ് iv: ഈ വിജ്ഞാപന പ്രകാരം ജില്ലാടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും. [04.04.2016 തീയതിയിലെ AV(2) 2376/14/GW നമ്പർ വിജ്ഞാപനം അസാധാരണ ഗസറ്റ് തീയതി 15.04.2016]. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിയമനശിപാർശ നടത്തുന്നതാണ്.

**കുറിപ്പ്:** ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്.

**5. നിയമനരീതി :** നേരിട്ടുള്ള നിയമനം (വനിതാ ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

**കുറിപ്പ് :** ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**6. പ്രായം:** 18 – 26 ഉദ്യോഗാർത്ഥികൾ 02/01/1994നും 01/01/2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലു ഉള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽ പ്പെട്ടവർക്കും പട്ടികജാതി യിൽ നിന്നും മത പരിവർത്തനം ചെയ്യപ്പെട്ടവർക്കും ജനറൽ റൂൾസിലെ റൂൾ 10 ലെ സബ് റൂൾ(സി) അനുസരിച്ചിട്ടുള്ള നിയമാനുസൃത ഇളവുണ്ടായിരിക്കും . വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾ ഈ തസ്തികയ്ക്ക് ബാധകമല്ല.

**7. യോഗ്യതകൾ: അവശ്യ യോഗ്യത**

a. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ ജയിച്ചിരിക്കണം.

b. പാദരക്ഷകളില്ലാതെ 152 സെ.മീറ്ററിൽ കുറയാത്ത ഉയരം ഉണ്ടായിരിക്കേണ്ടതാണ്.

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 150 സെ.മീ ഉയരം ഉണ്ടായിരിക്കേണ്ടതാണ്.

c. നീന്തലിൽ പ്രാവീണ്യം ഉണ്ടായിരിക്കണം

d. കണ്ണട കൂടാതെ തന്നെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടായിരിക്കണം.

**കാഴ്ച**

| | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| (1) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (2) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

(3) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണുകളുടെയോ കൺപോളകളുടെയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

e. മിനിമം കായികക്ഷമതാ നിർണ്ണയിക്കുന്നതിനായി കമ്മീഷൻ നടത്തുന്ന കായികക്ഷമതാ പരീക്ഷയിൽ ഉദ്യോഗാർത്ഥികൾ താഴെ കൊടുത്തിരിക്കുന്ന 8 ഇനങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം. കൂടാതെ ഉദ്യോഗാർത്ഥിയുടെ ശാരീരികക്ഷമത, കായികശേഷി, ആയാസകരമായ പുറം ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി എന്നിവ സംബന്ധിച്ച് സിവിൽ സർജനിൽ താഴെയല്ലാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

| ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|
| 1. 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2. ഹൈ ജംപ് | 106.00 സെ.മീ. |
| 3. ലോംഗ് ജംപ് | 305.00 സെ.മീ. |
| 4. പുട്ടിംഗ് ദ ഷോട്ട് (4 കിലോ ഗ്രാം) | 488.00 സെ.മീ. |
| 5. 200 മീ ഓട്ടം | 36 സെക്കന്റ് |
| 6. ത്രോയിംഗ് ദ ത്രോബാൾ | 14 മീറ്റർ |
| 7. ഷട്ടിൽ റേസ് (4 X 25 മീ) | 26 സെക്കന്റ് |
| 8. സ്കിപ്പിങ്ങ് (ഒരു മിനിട്ട്) | 80 തവണ |

**മുൻഗണന :** കംപ്യൂട്ടർ ആപ്ലിക്കേഷനിലുള്ള ഡിപ്ലോമ.

**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ/ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലാത്ത സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8. ബോണ്ട്:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നയാൾ പരിശീലനത്തിനു ശേഷം കുറഞ്ഞത് 7 വർഷം നിർബന്ധമായും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്. അതിനു കഴിയാതെ വന്നാൽ 50,000 രൂപ സംസ്ഥാന ഗവൺമെന്റിന് ഒടുക്കാമെന്ന് കാണിക്കുന്ന ഒരു ബോണ്ട് (as in Annexure I GO(Ms)No. 128/19/Home dated 21.08.2019) നിയമന സമയത്ത് നൽകേണ്ടതാണ്. ആയതിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. **(www.keralapsc.gov.in)**

**9. പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ട്രെയിനിംഗും പരീക്ഷയും പൂർത്തിയാക്കിയ ശേഷം ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷ നിലായിരിക്കും.

**10. ട്രെയിനിംഗ്:** (i)സ്റ്റേറ്റ് ഫയർ സർവ്വീസ് ട്രെയിനിംഗ് സ്ക്കൂളിലോ അതിനായി നിശ്ചയിച്ചിരിക്കുന്ന മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ആറ് മാസത്തേ പരിശീലനം പൂർത്തിയാക്കേണ്ടതും, അതിനു ശേഷം പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ പരീക്ഷ പാസ്സാകേണ്ടതുമാണ്.

**കുറിപ്പ്:** സ്റ്റേറ്റ് ഫയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ പരീക്ഷകളിൽ യോഗ്യത നേടുന്നവരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് പി.എസ്.സി യിൽ നിന്നും ലഭിച്ച നിയമന ശിപാർശയുടെ Date of Effective Advice ന്റെ അടിസ്ഥാനത്തിലായിരിക്കുന്നതും അവർക്ക് നിയമനം നൽകുന്നത് ട്രെയിനിംഗ് പൂർത്തിയാക്കിയതിന് ശേഷം സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലുമായിരിക്കും.

(ii) മേൽപ്പറഞ്ഞ പരിശീലനത്തിനു ശേഷം ഏതെങ്കിലും ഒരു ഫയർ സ്റ്റേഷനിൽ ആറ് മാസത്തെ പ്രായോഗിക പരിശീലനം പൂർത്തിയാക്കേണ്ടതും പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ പരീക്ഷ പാസ്സാകേണ്ടതുമാണ്.

**കുറിപ്പ്:** ട്രെയിനിംഗ് കാലയളവിന്റെ അവസാന രണ്ടാഴ്ചയിൽ ഒരു എഴുത്തു പരീക്ഷയും ഒരു പ്രായോഗിക പരീക്ഷയും നടത്തുന്നതും അവയിൽ പരാജയപ്പെടുന്നവരുടെ ട്രെയിനിംഗ് ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതും വീണ്ടും അവർക്ക് പരാജയപ്പെട്ട വിഷയങ്ങളിൽ ടെസ്റ്റ് നടത്തുന്നതുമാണ്. പുന:പരീക്ഷയിൽ പരാജയപ്പെടുന്നവർക്ക് കോഴ്സ് പാസ്സാകുന്നതിന് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ മൂന്നാമതൊരു അവസരം കൂടി നൽകുന്നതാണ്. അതിലും പരാജയപ്പെടുന്നവരെ സർവ്വീസിൽ നിന്ന് വിടുതൽ ചെയ്യുന്നതാണ്.

(iii)പരിശീലനകാലത്ത് അടിസ്ഥാന ശമ്പളം സ്റ്റൈപെൻഡായി നൽകുന്നതാണ്. പരീശീലനം വിജയകരമായി പൂർത്തിയാക്കുന്നവർ ജോലിയിൽ പ്രവേശിച്ചാൽ അവർക്ക് ട്രെയിനിംഗ് പിരീയഡിലെ വേതനവും അലവൻസുകളും ലഭ്യമാകുന്നതാണ്. അവസാന പരീക്ഷ ഉൾപ്പെടെയുള്ള പരിശീലന കാലയളവ് ഡ്യൂട്ടിയായി കണക്കാക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 246/2020
## ഡഫേദാർ
## നീതിന്യായം (സിവിൽ)

| | | |
|---|---|---|
| **1 വകുപ്പ്** | : | നീതിന്യായം (സിവിൽ) |
| **2. ഉദ്യോഗപ്പേര്** | : | ഡഫേദാർ |
| **3. ശമ്പളം** | : | ₹ 17,000–37,500/ |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ ഇടുക്കി 1 (ഒന്ന്) |

**കുറിപ്പ്** (i) 04.06.2016 തീയതിയിലെ ജി.ഒ.(പി.)നം.12/2016/പി.&എ.ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയ വിശേഷാൽ ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത്.

(iii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം :** 18–36. ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. [ഫാമിലി പ്ലാനിംഗ് വോളന്റിറി വർക്കേഴ്സിന് ഉയർന്ന പ്രായപരിധി 45 (നാൽപ്പത്തിയഞ്ച്) ആയിരിക്കും. പാർട്ട് ടൈം കണ്ടിൻജന്റ് വിഭാഗം ജീവനക്കാർക്ക് അവരുടെ പാർട്ട് ടൈം സർവ്വീസിന്റെ ദൈർഘ്യത്തോളം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പെൻഷൻ പ്രായം കഴിഞ്ഞവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.)]

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക.

**7. യോഗ്യതകൾ**: ഏഴാം ക്ലാസ് പാസായിരിക്കണം എന്നാൽ യാതൊരു വിധ ബിരുദവും നേടിയിരിക്കുവാൻ പാടില്ല.

**കുറിപ്പ്:** (iii) ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ പ്രകാരം ഏതെങ്കിലും ബിരുദം നേടിയവർ അപേക്ഷിക്കാൻ പാടില്ല. ഇതിനു വിപരീതമായി ബിരുദം നേടിയിട്ടുള്ളത് മറച്ചുവെച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായിട്ടുള്ളതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും ടിയാളുടെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതും അവർക്കെതിരെ തെരഞ്ഞെടുപ്പിലെ ഏത് ഘട്ടത്തിലും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പടെയുള്ള അച്ചടക്ക/ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്. എന്നാൽ 19.04.2018ലെ സ.ഉ.(പി).നം5/2018/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇന്ത്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യുക്കേഷൻ അല്ലെങ്കിൽ നാവിക/വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്തഭടൻമാർ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്നതിന് അർഹരാണ്.

**സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)**

## കാറ്റഗറി നമ്പർ: 247/2020
## ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ)
## മാത്തമാറ്റിക്സ്
## കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

| | | |
|---|---|---|
| **1 വകുപ്പ്** | : | കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ |
| **2. ഉദ്യോഗപ്പേര്** | : | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) മാത്തമാറ്റിക്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം) |
| **3. ശമ്പളം** | : | ₹ 32300–68700/ |
| **4. ഒഴിവുകളുടെ എണ്ണം** | : | 7 (പട്ടികവർഗ്ഗം മാത്രം) |
| **5 നിയമനരീതി** | : | നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം) |

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 20–45 ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.2000 മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :**I) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 45% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യതയോ നേടിയിരിക്കണം

II) (1)കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യത നേടിയിരിക്കണം.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ്. ബിരുദം. (B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the Universtiy in Kerala)

(3) മുകളിൽ സൂചിപ്പിച്ച ഇനം 1 ഉം 2 ഉം പ്രകാരം ബി.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (NCERT) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനത്തിൽ (റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് എഡ്യൂക്കേഷൻ)ൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 45ശതമാനത്തിൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ്.സി.എഡ് പാസ്സായിരിക്കണം.

(III) കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കന്ററി സ്കൂൾ അധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സായിരിക്കണം.

**കുറിപ്പ്:** കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**പ്രത്യേക ഇളവുകൾ:** (1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(2)നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(3)പി.എച്ച്.ഡി./എം.എഡ്/ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(4) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ തലത്തിൽ പത്ത് വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**കുറിപ്പ്:** ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) എന്നതു കൊണ്ട് അർത്ഥമാക്കുന്നത് പാർട്ട് ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയെന്നാണ്.

**പ്രൊബേഷൻ**: നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ തുടർച്ചയായ 3 വർഷ കാലയളവിനുള്ളിൽ 2 വർഷക്കാലം പ്രൊബേഷനിലായിരിക്കും.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## അസാധാരണ ഗസറ്റ് തീയതി: 16.11.2020 അവസാന തീയതി: 23.12.2020 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

### കാറ്റഗറി നമ്പർ: 248/2020
### ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) സ്റ്റാറ്റിസ്റ്റിക്സ്
### കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

| | |
|---|---|
| **1 വകുപ്പ്** | : കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ |
| **2. ഉദ്യോഗപ്പേര്** | : ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) സ്റ്റാറ്റിസ്റ്റിക്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം ) |
| **3. ശമ്പളം** | : ₹ 32300–68700/ |
| **4. ഒഴിവുകളുടെ എണ്ണം** | : 02 (രണ്ട്) |
| **5 നിയമനരീതി** | : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം) |

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 20–45 ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.2000നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ:** I. കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 45% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യതയോ നേടിയിരിക്കണം.

II. (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യത നേടിയിരിക്കണം.
(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ്. ബിരുദം. (B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the Universtiy in Kerala)
(3) മുകളിൽ സൂചിപ്പിച്ച ഇനം 1 ഉം 2 ഉം പ്രകാരം ബി.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

**കുറിപ്പ്:** (1) മേൽപ്പറഞ്ഞ ബി.എഡ്. ബിരുദ യോഗ്യതയുള്ളവരുടെ അഭാവത്തിൽ 45% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. ബിരുദമോ എം.ഫിൽ. ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് /നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. ബിരുദം നേടിയിരിക്കണം.
(2) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
(III) കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കന്ററി സ്കൂൾ അധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**പ്രത്യേക ഇളവുകൾ**: (1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
(2)നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
(3) പി.എച്ച്.ഡി./എം.എഡ്/ കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
(4) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ തലത്തിൽ പത്ത് വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**കുറിപ്പ്**: ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) എന്നതു കൊണ്ട് അർത്ഥമാക്കുന്നത് പാർട്ട് ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയെന്നാണ്.

**പ്രൊബേഷൻ:** നിയമനം ലഭിക്കുന്ന ഉദ്യോഗർത്ഥികൾ തുടർച്ചയായ മൂന്നു വർഷ കാലയളവിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ. ( എം എസ് )142/72/പി.ഡി, 29.11.1973ലെ ജി.ഒ. ( എം എസ് ) 309/73/പി.ഡി, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി) 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ: 249/2020
### ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് II
### കേരള സംസ്ഥാന ആരോഗ്യ വകുപ്പ്
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

| | |
|---|---|
| **1 വകുപ്പ്** | : കേരള സംസ്ഥാന ആരോഗ്യ വകുപ്പ് |
| **2. ഉദ്യോഗപ്പേര്** | : ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം) |
| **3. ശമ്പളം** | : ₹ 19000–43600/ |
| **4. ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |
| **5 നിയമനരീതി** | : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം) |

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7 **യോഗ്യതകൾ** : a) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത.
b) ECG and Audiomteric Technologyയിൽ ഉള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് .

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ: 250/2020
### സ്റ്റാഫ് നഴ്സ് ഗ്രേഡ് II
### ആരോഗ്യ വകുപ്പ്
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം & പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

| | |
|---|---|
| **1 വകുപ്പ്** | : ആരോഗ്യ വകുപ്പ് |
| **2. ഉദ്യോഗപ്പേര്** | : സ്റ്റാഫ് നഴ്സ് ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം & പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം) |
| **3. ശമ്പളം** | : ₹ 27800–59400/ |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |

| | |
|---|---|
| തിരുവനന്തപുരം | 2 (പട്ടികജാതി& പട്ടികവർഗ്ഗം), |
| കൊല്ലം | 2 (പട്ടികജാതി& പട്ടികവർഗ്ഗം)<br>6 (പട്ടികവർഗ്ഗം) |
| പത്തനംതിട്ട | 2 (പട്ടികജാതി& പട്ടികവർഗ്ഗം),<br>1 (പട്ടികവർഗ്ഗം) |
| ആലപ്പുഴ | 2 (പട്ടികജാതി& പട്ടികവർഗ്ഗം),<br>1 (പട്ടികവർഗ്ഗം) |
| കോട്ടയം | 2 (പട്ടികജാതി& പട്ടികവർഗ്ഗം) |
| ഇടുക്കി | 2 (പട്ടികജാതി& പട്ടികവർഗ്ഗം) |
| എറണാകുളം | 2 (പട്ടികജാതി& പട്ടികവർഗ്ഗം),<br>6 (പട്ടികവർഗ്ഗം) |
| തൃശ്ശൂർ | 2 (പട്ടികജാതി& പട്ടികവർഗ്ഗം),<br>1 (പട്ടികവർഗ്ഗം) |
| മലപ്പുറം | 2 (പട്ടികജാതി & പട്ടികവർഗ്ഗം) |
| പാലക്കാട് | 2 (പട്ടികജാതി& പട്ടികവർഗ്ഗം) |
| GO(MS)157/2018 dtd 20/07/2018 പ്രകാരം) (ഒഴിവുകൾ പി.എസ്.സിയിൽ അറിയിച്ചിട്ടില്ല) | |
| കോഴിക്കോട് | 2 (പട്ടികജാതി& പട്ടികവർഗ്ഗം) |
| കാസർഗോഡ് | 2 (പട്ടികജാതി& പട്ടികവർഗ്ഗം) |
| വയനാട് | 2 (പട്ടികജാതി& പട്ടികവർഗ്ഗം) |

**കുറിപ്പ്:-** (ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.
(IV) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചതായോ, തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു എന്നു തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്.

വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 25 .05 .1971 ലെ സർക്കാർ ഉത്തരവ് (എം .എസ് )154 / 71 / പി .ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപെടുന്നതിന് പ്രേത്യേക സമ്മതപത്രം നൽകേണ്ടതില്ല.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികജാതി/പട്ടികവർഗ്ഗം & പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:** പട്ടികജാതി & പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 20–41 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2000 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7 **യോഗ്യതകൾ:** i) സയൻസ് വിഷയങ്ങളിൽ പ്ലസ് ടു/പ്രീഡിഗ്രി കോഴ്സ് ജയിച്ചിരിക്കണം/ സയൻസ് വിഷയങ്ങളിൽ വി.എച്ച്.എസ്.ഇ. ജയിച്ചിരിക്കണം/ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഡൊമസ്റ്റിക്ക് നഴ്സിംഗിൽ വി.എച്ച്.എസ്.ഇ. അല്ലെങ്കിൽ തത്തുല്യ യോഗ്യത.
ii) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബി.എസ്.സി.നഴ്സിംഗ് ജയിച്ചിരിക്കണം.അല്ലങ്കിൽ ഒരു ഗവ.അംഗീകൃത സ്ഥാപനത്തിൽ നിന്ന് ജനറൽ നഴ്സിംഗിലും മിഡ്വൈഫറിയിലും മൂന്ന് വർഷത്തിൽ കുറയാതയുള്ള കോഴ്സ് ജയിച്ചിരിക്കണം.
iii) കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിൽ സ്ത്രീകൾ നഴ്സ് ആന്റ് മിഡ്വൈഫ് ആയും പുരുഷമാർ നഴ്സ് ആയും രജിസ്റ്റർ ചെയ്ത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി & പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ: 251/2020
### പോലീസ് കോൺസ്റ്റബിൾ (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) (ആംഡ് പോലീസ് ബറ്റാലിയൻ)
### കേരള പോലീസ് സർവ്വീസ്

| | |
|---|---|
| **1 വകുപ്പ്** | : കേരള പോലീസ് സർവ്വീസ് |
| **2. ഉദ്യോഗപ്പേര്** | : പോലീസ് കോൺസ്റ്റബിൾ (പട്ടിക വർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) (ആംഡ് പോലീസ് ബറ്റാലിയൻ) |

**(കുറിപ്പ്:** ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.)

| | |
|---|---|
| **3. ശമ്പളം** | : ₹ 22200–48000/ |
| **4. ഒഴിവുകളുടെ എണ്ണം** | : ബറ്റാലിയൻ തിരിച്ച് |

| | |
|---|---|
| തിരുവനന്തപുരം(എസ്.എ.പി) | 33 |
| പത്തനംതിട്ട (കെ.എ.പി III) | 36 |
| ഇടുക്കി (കെ.എ.പി V) | 28 |
| എറണാകുളം (കെ.എ.പി I) | 31 |
| തൃശ്ശൂർ (കെ.എ.പി II) | 34 |
| മലപ്പുറം (എം.എസ്.പി) | 35 |
| കാസറഗോഡ് (കെ.എ.പി IV) | 33 |

| ബറ്റാലിയൻ | ബറ്റാലിയൻ ഉൾപ്പെടുന്ന ജില്ലകളും പോലീസ് ജില്ലകളും | നിയമനച്ചുമതലയുള്ള പി.എസ്.സി ജില്ലാ ഓഫീസ് |
|---|---|---|
| 1. എസ്.എ.പി | തിരുവനന്തപുരം റവന്യൂ ജില്ല (തിരുവനന്തപുരം സിറ്റി, റൂറൽ പോലീസ് ഡിസ്ട്രിക്റ്റ്) | തിരുവനന്തപുരം |
| 2. കെ.എ.പി III | കൊല്ലം, ആലപ്പുഴ, പത്തനംതിട്ട റവന്യൂ ജില്ലകൾ (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട പോലീസ് ഡിസ്ട്രിക്റ്റുകൾ) | പത്തനംതിട്ട |
| 3. കെ.എ.പി V | കോട്ടയം, ഇടുക്കി റവന്യൂ ജില്ലകൾ (കോട്ടയം, ഇടുക്കി എന്നീ പോലീസ് ഡിസ്ട്രിക്റ്റുകൾ) | ഇടുക്കി |
| 4. കെ.എ.പി I | എറണാകുളം റവന്യൂ ജില്ല (കൊച്ചി സിറ്റി ആന്റ് എറണാകുളം റൂറൽ പോലീസ് ഡിസ്ട്രിക്റ്റുകൾ) | എറണാകുളം |
| 5. കെ.എ.പി II | തൃശ്ശൂർ, പാലക്കാട് റവന്യു ജില്ലകൾ (തൃശ്ശൂർ, പാലക്കാട് പോലീസ് ഡിസ്ട്രിക്റ്റുകൾ) | തൃശ്ശൂർ |
| 6. എം.എസ്.പി | മലപ്പുറം, കോഴിക്കോട് റവന്യു ജില്ലകൾ (മലപ്പുറം പോലീസ് ഡിസ്ട്രിക്റ്റ്, കോഴിക്കോട് സിറ്റി ആന്റ് റൂറൽ പോലീസ് ഡിസ്ട്രിക്റ്റുകൾ) | മലപ്പുറം |
| 7. കെ.എ.പി IV | കണ്ണൂർ, വയനാട്, കാസറഗോഡ് റവന്യൂ ജില്ലകൾ (കണ്ണൂർ, വയനാട്, കാസറഗോഡ് പോലീസ് ഡിസ്ട്രിക്റ്റുകൾ) | കാസറഗോഡ് |

(I) ഈ തെരഞ്ഞെടുപ്പ് ബറ്റാലിയനടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും. വിവിധ ബറ്റാലിയനിലേയ്ക്ക് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മുകളിൽ ബറ്റാലിയനു നേരെ കാണിച്ചിട്ടുള്ള ഡി.ഏ.ആറിലേയ്ക്ക് മാത്രമേ സ്ഥലമാറ്റം അനുവദിയ്ക്കുകയുള്ളു. ഈ വിജ്ഞാപനപ്ര

കാരം ബറ്റാലിയനടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം ആയിരിക്കും. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)

**കുറിപ്പ്:** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം: കുറിപ്പ് :** 18–31 , ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ 2ആം ഖണ്ഡിക ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7 യോഗ്യതകൾ:** 1) വിദ്യാഭ്യാസ യോഗ്യത :

i) ഹയർ സെക്കന്ററി (+2 )പരീക്ഷയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

ii) ഹയർ സെക്കന്ററി യോഗ്യതയുള്ളവരുടെ അഭാവത്തിൽ കോട്ട തികയ്ക്കുന്നതിനായി ഹയർ സെക്കന്ററി വിജയിയ്ക്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

**കുറിപ്പ് :** 2) ശാരീരിക യോഗ്യത :

(a) ഉയരം കുറഞ്ഞത് 160 സെ.മീ,

നെഞ്ചളവ് : കുറഞ്ഞത് 76സെ.മീ (കുറഞ്ഞത് 5 സെ.മീ വികാസത്തോടെ )

(b) കാഴ്ചശക്തി താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| a) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ് :** (1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം. (2) കളർ ബ്ലൈൻഡ്നസ്, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്. (3) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

3) മുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾക്കു പുറമെ ഓരോ ഉദ്യോഗാർത്ഥിയേയും ശാരീരിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺസ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**കുറിപ്പ് :** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവ് കായിക ക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവ് ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് നടത്തുന്ന പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്. **(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8 ട്രെയിനിംഗ്:** പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി തിരഞ്ഞെടുക്കുപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ചോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ, സംസ്ഥാന പോലീസ് മേധാവിയോ നിശ്ചയിക്കുന്ന സ്ഥാപനത്തിൽ വച്ചോ 9 മാസത്തെ ട്രെയിനിംഗ് ഉണ്ടായിരിക്കുന്നതാണ്. അതത് സമയങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്റ്റൈപന്റ് പരിശീലന കാലത്ത് ലഭിക്കുന്നതാണ്.

**9 പ്രൊബേഷൻ:** നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നയാൾ നേരിട്ടുള്ള നിയമനം ആണെങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ 3 വർഷത്തെ സേവനകാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

14. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ആം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

15. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 252/2020
## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II / പൗൾട്രി അസിസ്റ്റന്റ് / മിൽക്ക് റെക്കോർഡർ/ സ്റ്റോർ കീപ്പർ / എന്യൂമറേറ്റർ
## മൃഗ സംരക്ഷണം
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടിക ജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രം)

| | | |
|---|---|---|
| 1 **വകുപ്പ്** | : | മൃഗ സംരക്ഷണം |
| 2. **ഉദ്യോഗപ്പേര്** | : | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II/പൗൾട്രി അസിസ്റ്റന്റ് / മിൽക്ക് റെക്കോർഡർ/സ്റ്റോർ കീപ്പർ / എന്യൂമറേറ്റർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടിക ജാതി /പട്ടികവർഗ്ഗക്കാർക്ക് മാത്രം) |
| 3. **ശമ്പളം** | : | ₹ 20000–45800 / |
| 4. **ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം 01 (പട്ടിക ജാതി / പട്ടികവർഗ്ഗം) |

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(V) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി ) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 25.05.1971 ലെ സർക്കാർ ഉത്തരവ് (എം. എസ്) 154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

കമ്മീഷൻ തിരഞ്ഞെടുക്കുന്ന ഉദ്യോഗാർഥികൾ താൽക്കാലികമായി നിയമിക്കപെടുന്നതും അവരെ സ്റ്റോക്ക്മാൻ ട്രെയിനിംഗ് കോഴ്സ് / ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ് ട്രെയിനിംഗ് കോഴ്സിന് പങ്കെടുപ്പിക്കുന്നതും വിജയകരമായി ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കുന്നവരുടെ താൽക്കാലിക നിയമനം അവരുടെ ആദ്യ നിയമനം മുതൽ സ്വീകരിച്ച് പരിശീലന കാലം റെഗുലർ സർവീസിനായി പരിഗണിക്കുന്നതുമാണ്. ആദ്യ പ്രാവശ്യം പരിശീലന കോഴ്സ് വിജയകരമായി പൂർത്തിയാകാത്തവർക്ക് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിന് മൂന്ന് അവസരങ്ങൾ കൂടി അനുവദിക്കുന്നതാണ്. നാലാമത്തെ പ്രാവശ്യവും ഉദ്യോഗാർഥികൾ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടാൽ അവരുടെ താൽക്കാലിക നിയമനം റദ്ദ് ചെയ്യുന്നതും അവരെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്. ഉദ്യോഗാർഥികൾക്ക് ട്രെയിനിംഗ് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഒരു റാങ്കിങ് ഉണ്ടായിരിക്കുന്നതല്ല.

(VI) തിരഞ്ഞെടുക്കപ്പെടുന്നപക്ഷം ട്രെയിനികൾ കുറഞ്ഞത് അഞ്ചു വർഷക്കാലമെങ്കിലും കേരള സർക്കാരിന്റെ കീഴിൽ സേവനമനുഷ്ഠിച്ച് കൊള്ളാമെന്ന ഒരു ഉടമ്പടി നിർദിഷ്ട ഫാറത്തിൽ എഴുതിവയ്ക്കേണ്ടതാണ്. ഈ സേവനകാലത്തിനിടയ്ക്കോ പരിശീലന സമയത്തോ പിരിഞ്ഞു പോകുന്ന ട്രെയിനികൾ സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം സർക്കാരിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

(VII) ഓരോ ട്രെയിനിയും ശാരീരിക യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റ് സർവീസിൽ അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങിയ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

(പട്ടിക ജാതി /പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:** ലൈവ് സ്റ്റോക്ക് മാനേജ്മെന്റിലുള്ള വി.എച്ച്.എസ്.സി പാസായിരിക്കണം.

**കുറിപ്പ്** 2. ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടിക ജാതി /പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 253/2020
## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II
## വിവിധ വകുപ്പുകൾ
### (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

| | | |
|---|---|---|
| 1 **വകുപ്പ്** | : | വിവിധ വകുപ്പുകൾ |
| 2. **ഉദ്യോഗപ്പേര്** | : | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം ) |
| 3. **ശമ്പളം** | : | ₹ 20000–45800 / |
| 4. **ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ പാലക്കാട് 1 (ഒന്ന്) (പട്ടികവർഗ്ഗം) മലപ്പുറം 1 (ഒന്ന്) (പട്ടികവർഗ്ഗം) |

**കുറിപ്പ്:** (II) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 06.02.2013 ലെ GO(P) No.5/13/P&ARD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ GO(P) No. 12/96/P&ARD എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(III) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27/05/1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്.) 154/71/പി.ഡി.യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

(പട്ടികവർഗ്ഗക്കാരിൽ നിന്നും മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41

ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1.പ്ലസ് ടു പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2. ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(കുറിപ്പ്:2002 ജനുവരി മാസത്തിനുമുമ്പ് ടൈപ്പ്റൈറ്റിംഗ് കെ.ജി.റ്റി.ഇ പരീക്ഷ പാസായിട്ടുള്ള ഉദ്യോഗാർത്ഥികൾ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് അല്ലെങ്കിൽ തത്തുല്യമായ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.

3. മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

4. ഇംഗ്ലീഷ് ഷോർട്ട്ഹാന്റ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

5. മലയാളം ഷോർട്ട്ഹാന്റ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(G.O (Ms) No.21/2011/P&ARD dated 01.07.2011). ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകളും ഐ.എം.സി സർട്ടിഫിക്കറ്റുകളും സ്വീകാര്യമല്ല.

കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, സർവ്വകലാശാലകളോ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിൽ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത കാലാവധിയുള്ള കോഴ്സിനെത്തുടർന്ന് നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിന് തത്തുല്യ യോഗ്യതയായി പരിഗണിക്കുകയുള്ളൂ).

**കുറിപ്പ് :** സ്വീകാര്യമായ അപേക്ഷകൾ സമർപ്പിക്കുന്നവർക്കുവേണ്ടി ഒരു ഡിക്റ്റേഷൻ പരീക്ഷ നടത്തുന്നതാണ്. മിനിട്ടിൽ 80 (എൺപത്) വാക്കുവീതം 5മിനിട്ടുകൊണ്ട് 400(നാനൂറ്) വാക്ക് അടങ്ങിയ ഒരു ഇംഗ്ലീഷ് ഗദ്യഭാഗം വായിച്ചുതരുന്നത് അപേക്ഷകർ ഷോർട്ട്ഹാൻഡിൽ എഴുതി എടുക്കേണ്ടതാണ്. പിന്നീട് ഒരു മണിക്കൂർ കൊണ്ട് അതിനെ ലോംഗ് ഹാൻഡിൽ (മഷി ഉപയോഗിച്ച്) എഴുതണം. പരീക്ഷ നടത്തുന്ന സ്ഥലം, തീയതി എന്നിവ പിന്നീട് അറിയിക്കുന്നതാണ്.

പൊതുവ്യവസ്ഥകളിലെ രണ്ടും , മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25ആം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള ) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976 ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ

വായിച്ചു നോക്കുക).

## കാറ്റഗറി നമ്പർ: 254/2020
## ഫാർമസിസ്റ്റ് ഗ്രേഡ് II
## ഹോമിയോപ്പതി വകുപ്പ്
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**1 വകുപ്പ്** : ഹോമിയോപ്പതി വകുപ്പ്
**2. ഉദ്യോഗപ്പേര്** : കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം )
**3. ശമ്പളം** : ₹ 20000–45800 /
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
എറണാകുളം 01,
ഇടുക്കി 01,
പാലക്കാട് 01,

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം. എസ്)4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:** 1. എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത
2. കേരള സർക്കാർ നടത്തുന്ന നഴ്സ്കംഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയശേഷം ലഭിച്ച സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സർക്കാർ നൽകുന്ന CCP (Certificate Course in Pharmacy).

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 255/2020
## ക്ലർക്ക് ടൈപ്പിസ്റ്റ്
## സൈനികക്ഷേമ വകുപ്പ്
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട വിമുക്ത ഭടന്മാരിൽ നിന്നു മാത്രം)

**1 വകുപ്പ്** : സൈനികക്ഷേമ വകുപ്പ്
**2. ഉദ്യോഗപ്പേര്** : ക്ലർക്ക് ടൈപ്പിസ്റ്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട വിമുക്ത ഭടന്മാരിൽ നിന്നു മാത്രം)
**3. ശമ്പളം** : ₹ 19000–43600/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തിരുവനന്തപുരം (പട്ടികജാതി/പട്ടികവർഗ്ഗം)1 (ഒന്ന്)

**കുറിപ്പ് :** (ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27/05/1971ലെ ജി.ഒ.(എം.എസ്.)154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 06/02/2013ലെ ഗവൺമെന്റ് ഉത്തരവ് (എം. എസ്) 5/13/പി&എ.ആർ.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16/03/1996ലെ G.O.(P)No. 12/96/P&ARD എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റു ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിലുണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്.)154/71/പി.ഡി. യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5) നിയമന രീതി** : നേരിട്ടുള്ള നിയമനം. (സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിമുക്തഭടന്മാരായ പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം).

**കുറിപ്പ്:** പ്രസ്തുത വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6) പ്രായം** : 18–50. 18 വയസ്സ് തികഞ്ഞിരിക്കേണ്ടതും പട്ടാള സേവന കാലാവധി ഉൾപ്പെടെ 50 (അൻപത്) വയസ്സ് തികഞ്ഞിരിക്കാൻ പാടില്ലാത്തതുമാകുന്നു. ഉദ്യോഗാർത്ഥികൾ 02/01/1970നും 01/01/2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ ഖണ്ഡിക 2ലെ വയസ്സിളവ് ഉൾപ്പെടെ).

**കുറിപ്പ് :** (1) ഈ തസ്തികയ്ക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതല്ല.
(2) സൈനിക സേവനകാലം തെളിയിക്കുന്നതിന് മിലിറ്ററി ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.
(3) ഈ വിജ്ഞാപന പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ 56 വയസ്സ് തികയാൻ പാടില്ല.

**7) യോഗ്യതകൾ :** 1) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത
2) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ.) അല്ലെങ്കിൽ തത്തുല്യം.
3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ.) കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും.
2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് ഹാജരാക്കണം. (01/07/2011ലെ ജി.ഒ. (എം.എസ്.) നമ്പർ 21/2011 പി. ആന്റ് എ.ആർ.ഡി.)

**കുറിപ്പ്:** 2) പട്ടികജാതി/പട്ടികവർഗ്ഗക്കാരായ വിമുക്തഭടന്മാർക്ക് മാത്രമേ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.
3) കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിലുള്ള സർട്ടിഫിക്കറ്റ് തത്തുല്യ യോഗ്യതയായി പരിഗണിക്കാവുന്നതാണ്.
4) പ്രതിരോധ സേനയിൽ ക്ലാർക്ക്, റൈറ്റർ ആയി 15 (പതിനഞ്ച്) വർഷത്തിൽ കുറയാത്ത സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ ഗവൺമെന്റ് സർവ്വീസിൽ ടൈപ്പിസ്റ്റായി അപേക്ഷിക്കുന്നതിന് മതിയായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്.
5) 18/05/1977ലെ ജി.ഒ.(പി) 143/77/ജി.എ.ഡി., 06/01/1979ലെ ജി.ഒ.(പി) നമ്പർ 35/79/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം യോഗ്യരായ വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികൾക്കും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ യോഗ്യത നേടേണ്ടതാണ്. എന്നാൽ 15 വർഷത്തെ സൈനിക സേവന കാലയളവ് യോഗ്യതയ്ക്ക് പകരമായി കണക്കാക്കുന്ന പക്ഷം പ്രസ്തുത കാലയളവിന് വെയിറ്റേജ് നൽകുന്നതല്ല.
8) ടൈപ്പ്റൈറ്റിംഗ് യോഗ്യതയുടെ തെളിവായി സർക്കാർ നല്കുന്ന സർട്ടിഫിക്കറ്റ് മാത്രമേ സ്വീകരിക്കുകയുള്ളൂ. (ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നൽകുന്ന സർട്ടിക്കറ്റ് സ്വീകാര്യമല്ല)
11) പൊതു വ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ റൂൾ 3(സി) സംബന്ധിക്കുന്ന രണ്ടാം ഭാഗം ഒഴികെ) ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.
12) നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17/01/1976 ലെ G.O.(P) No. 21/76/പി.ഡി., 22/01/1994ലെ G.O.(P) No. 25/94/GAD, GO (MS) No.142/72 /PD dated 13/04/1972, GO(MS) No.309/73/PD dated 29.11.1973 എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 256/2020
## ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
## വിവിധം
## (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**1 വകുപ്പ്** : വിവിധം
**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
**3. ശമ്പളം** : ₹ 19000–43600/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
പാലക്കാട് 1 (ഒന്ന്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം. എസ്)4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27/05/1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്.) 154/71/പി.ഡി.യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത പാസായിരിക്കണം
2) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ.) കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും.

**കുറിപ്പ്:** 2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് ഹാജരാക്കണം.
3) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യയോഗ്യത

**കുറിപ്പ് : (a)** കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ സൊസൈറ്റികളോ യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ. കമ്പ്യൂട്ടർ വേഡ് പ്രോസസസ്സിംഗിന് തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നതാണ്. നോട്ട് (g) കൂടി കാണുക.
(b) ഗവൺമെന്റ് സർവീസിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് മതിയായ സേവനം പൂർത്തിയാക്കിയിട്ടുള്ള വിമുക്തഭടന്മാർക്ക് മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ യോഗ്യത വേണമെന്ന് നിർബന്ധമില്ല. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് പ്രസ്തുത യോഗ്യത കരസ്ഥമാക്കേണ്ടതാണ്.
(c) താഴെ വിശദമാക്കിയിട്ടുള്ള തരത്തിൽ പ്രതിരോധ സേനയിൽ ക്ലാർക്ക്/റൈറ്റർ ആയി 15 (പതിനഞ്ച്) വർഷത്തിൽ കുറയാത്ത സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ ഗവൺമെന്റ് സർവീസിൽ ടൈപ്പിസ്റ്റായി അപേക്ഷിക്കുന്നതിന് മതിയായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്. നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ യോഗ്യത നേടിയിരിക്കണം.
(d) ക്ലാസ് I വിഭാഗത്തിൽ, കരസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി), ക്ലാർക്ക് (സ്റ്റാഫ് ഡ്യൂട്ടി), പേഴ്സണൽ അസിസ്റ്റന്റ്, നാവിക സേനയിൽ റൈറ്റർ, വ്യോമസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി) എന്നീ തസ്തികകളിലോ പ്രതിരോധ സേനയിൽ ക്ലാർക്ക് ആയി പതിനഞ്ച് വർഷത്തിൽ കുറയാതെയോ സേവനം അനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടന്മാർക്ക് ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. (18/05/1977ലെ ജി.ഒ.(പി) 143/77/ജി.എ.ഡി., 06/01/1979ലെ ജി.ഒ.(പി) നമ്പർ 35/79/ജി.എ.ഡി., 30/04/1986ലെ ജി.ഒ.(പി) നമ്പർ 143/86/ജി.എ.ഡി.) നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ് റൈറ്റിംഗ് (ലോവർ) യോഗ്യത നേടിയിരിക്കണം. എന്നാൽ 15 വർഷത്തെ സൈനികസേവന കാലയളവ് യോഗ്യതയ്ക്ക് പകരമായി കണക്കാക്കുന്ന പക്ഷം പ്രസ്തുത കാലയളവിന് വെയിറ്റേജ് നൽകുന്നതല്ല.
(e) പ്രതിരോധസേനയിൽ ക്ലാർക്ക് സ്റ്റോർ കൺട്രോൾ (എ.ഒ.സി) ആയി 15 വർഷത്തിൽ കുറയാത്ത സേവനമനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടന്മാരും ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹരാണ്.
(f) 11/05/1977ലെ ജി.ഒ.(പി) നമ്പർ 139/77/ജി.എ.ഡി.ലെ വ്യവസ്ഥകൾക്ക് വിധേയമായി എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ ഒന്നാം ഭാഷയായി എടുത്തിട്ടുള്ള ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് അവർ മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ ) യോഗ്യത കരസ്ഥമാക്കിയിട്ടില്ലെങ്കിലും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയിക്കേണ്ടതാണ്.
(g) ടൈപ്പ്റൈറ്റിംഗ് പരീക്ഷ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. (ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല).

12 പൊതുവ്യവസ്ഥകളിലെ രണ്ടും മൂന്നും ഇരുപത്തിയഞ്ചും (25ലെ റൂൾ 3(c) സംബന്ധിക്കുന്ന രണ്ടാമത്തെ ഭാഗം ഒഴികെ) ഖണ്ഡികകളിലെ വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 257/2020
## ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
## വിവിധം
### (പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**1 വകുപ്പ്** : വിവിധം
**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
**3. ശമ്പളം** : ₹ 19000–43600/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
മലപ്പുറം 1 (ഒന്ന്) പട്ടികജാതി/പട്ടികവർഗ്ഗം)
എറണാകുളം 1 (ഒന്ന്) പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27/05/1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്.) 154/71/പി.ഡി.യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത പാസായിരിക്കണം

2) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യയോഗ്യത

3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ.) കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും.

**കുറിപ്പ്:** (2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് ഹാജരാക്കണം.)

**കുറിപ്പ്:** (a) കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ സൊസൈറ്റികളോ യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ. കമ്പ്യൂട്ടർ വേഡ് പ്രോസസസ്സിംഗിന് തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നതാണ്. നോട്ട് (g) കൂടി കാണുക

(b) ഗവൺമെന്റ് സർവീസിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് മതിയായ സേവനം പൂർത്തിയാക്കിയിട്ടുള്ള വിമുക്തഭടന്മാർക്ക് മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ യോഗ്യത വേണമെന്ന് നിർബന്ധമില്ല. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് പ്രസ്തുത യോഗ്യത കരസ്ഥമാക്കേണ്ടതാണ്.

(c) താഴെ വിശദമാക്കിയിട്ടുള്ള തരത്തിൽ പ്രതിരോധ സേനയിൽ ക്ലാർക്ക് /റൈട്ടർ ആയി 15 (പതിനഞ്ച്) വർഷത്തിൽ കുറയാത്ത സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ ഗവൺമെന്റ് സർവീസിൽ ടൈപ്പിസ്റ്റായി അപേക്ഷിക്കുന്നതിന് മതിയായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്. നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ യോഗ്യത നേടിയിരിക്കണം.

(d) ക്ലാസ് I വിഭാഗത്തിൽ, കരസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി), ക്ലാർക്ക് (സ്റ്റാഫ് ഡ്യൂട്ടി), പേഴ്സണൽ അസിസ്റ്റന്റ്, നാവിക സേനയിൽ റൈട്ടർ, വ്യോമസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി) എന്നീ തസ്തികകളിലോ പ്രതിരോധ സേനയിൽ ക്ലാർക്ക് ആയി പതിനഞ്ച് വർഷത്തിൽ കുറയാതെയോ സേവനം അനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടന്മാർക്ക് ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. (18/05/1977ലെ ജി.ഒ.(പി) 143/77/ജി.എ.ഡി., 06/01/1979ലെ ജി.ഒ.(പി) നമ്പർ 35/79/ജി.എ.ഡി., 30/04/1986ലെ ജി.ഒ.(പി) നമ്പർ 143/86/ജി.എ.ഡി.) നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ് റൈറ്റിംഗ് (ലോവർ) യോഗ്യത നേടിയിരിക്കണം. എന്നാൽ 15 വർഷത്തെ സൈനികസേവന കാലയളവ് യോഗ്യതയ്ക്ക് പകരമായി കണക്കാക്കുന്ന പക്ഷം പ്രസ്തുത കാലയളവിന് വെയിറ്റേജ് നൽകുന്നതല്ല.

(e) പ്രതിരോധസേനയിൽ ക്ലാർക്ക് സ്റ്റോർ കൺട്രോൾ (എ.ഒ.സി) ആയി 15 വർഷത്തിൽ കുറയാത്ത സേവനമനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടന്മാരും ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹരാണ്.

(f) 11/05/1977ലെ ജി.ഒ.(പി) നമ്പർ 139/77/ജി.എ.ഡി.ലെ വ്യവസ്ഥകൾക്ക് വിധേയമായി എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ ഒന്നാം ഭാഷയായി എടുത്തിട്ടുള്ള ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് അവർ മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ ) യോഗ്യത കരസ്ഥമാക്കിയിട്ടില്ലെങ്കിലും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു മുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയിക്കേണ്ടതാണ്.

(g) ടൈപ്പ്റൈറ്റിംഗ് പരീക്ഷ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. (ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല).

12 പൊതുവ്യവസ്ഥകളിലെ രണ്ടും മൂന്നും ഇരുപത്തിയഞ്ചും (25ലെ റൂൾ 3 (c) സംബന്ധിക്കുന്ന രണ്ടാമത്തെ ഭാഗം ഒഴികെ) ഖണ്ഡികകളിലെ വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 258/2020
## ലബോറട്ടറി അസിസ്റ്റന്റ്
## കേരള ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**1 വകുപ്പ്** : കേരള ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ
**2. ഉദ്യോഗപ്പേര്** : ലബോറട്ടറി അസിസ്റ്റന്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
**3. ശമ്പളം** : ₹ 17500–39500/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| കൊല്ലം | 1 (ST ONLY) |
| ആലപ്പുഴ | 1 (ST ONLY) |
| കാസർഗോഡ് | 1 (ST ONLY) |
| വയനാട് | 3 (ST ONLY) |

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(IV) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചതായോ, തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു എന്നു തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്. വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.25 .05 .1971 ലെ സർക്കാർ ഉത്തരവ് (എം .എസ്) 154 / 71 / പി .ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്.ഇപ്രകാരം നിയമിക്കപെടുന്നതിന് പ്രേത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:** 1.എസ്.എസ് .എൽ .സി പരീക്ഷ വിജയിച്ചിരിക്കണം.
2.കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന ലബോറട്ടറി അറ്റൻഡേർസ് ടെസ്റ്റ് പാസായിരിക്കണം

**കുറിപ്പ്** 1 നിയമനം നടത്തുന്ന സമയത്തു ലബോറട്ടറി അറ്റൻഡേർസ് ടെസ്റ്റ് പാസായിരിക്കണം എന്ന് നിർബന്ധമില്ല.പ്രൊബേഷൻ കാലയളവിനുള്ളിൽ പ്രസ്തുത ടെസ്റ്റ് പാസ്സാകേണ്ടതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25 ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 259/2020
## പ്രോസസ് സർവർ
## ജുഡീഷ്യൽ
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

**1 വകുപ്പ്** : ജുഡീഷ്യൽ
**2. ഉദ്യോഗപ്പേര്** : പ്രോസസ് സർവർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
**3. ശമ്പളം** : ₹ 17500–39500/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
പാലക്കാട് SC/ST 01 (ഒന്ന് )

**കുറിപ്പ് :** (ii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി.ഒ. (എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിന് ശേഷം മാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.12.1991 ലെ ജി.ഒ.(പി) നം. 36/91/പി. ആന്റ് എ.ആർ.ഡി. ഉത്തരവിലേയും അന്തർ വകുപ്പു സ്ഥലമാറ്റങ്ങളെ സംബന്ധിച്ച് 06.02.2013 ലെ ജി ഒ(പി) നം 5/2013/P&ARD എന്ന ഉത്തരവിലേയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി.ഒ.(പി)നം. 12/96/പി. ആന്റ് എ.ആർ.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(iv) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18–41, ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ), (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള ആനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** 1. എസ്.എസ്.എൽ.സി. പാഠ്യക്രമം പൂർത്തിയാക്കിയിരിക്കണം.

2. ഈ ഉദ്യോഗത്തിന് അപേക്ഷിക്കുന്ന പുരുഷന്മാർ സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

**8 പ്രൊബേഷൻ :** നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നയാൾ നേരിട്ടുള്ള നിയമനം ആണെങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ 3 വർഷത്തെ സേവനകാലയളവിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കും.

13 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ആം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

14 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 260/2020
## ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്
## എൻ.സി.സി./സൈനികക്ഷേമം
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിമുക്ത ഭടന്മാരായ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**1 വകുപ്പ്** : എൻ.സി.സി./സൈനികക്ഷേമം

**2. ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിമുക്ത ഭടന്മാരായ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**3. ശമ്പളം** : ₹ 16,500–35,700/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ (വിമുക്ത ഭടന്മാരായ പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

| | |
|---|---|
| തിരുവനന്തപുരം | 01 |
| കൊല്ലം | 01 |
| പത്തനംതിട്ട | 01 |
| ആലപ്പുഴ | 01 |
| തൃശ്ശൂർ | 01 |
| കണ്ണൂർ | 01 |

**കുറിപ്പ് :** (i) 04.06.2016 തീയതിയിലെ G.O (p) No. 12/2016/P & ARD സർക്കാർ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയുടെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് വിജ്ഞാപനം തയ്യാറാക്കിയിരിക്കുന്നത് .

(iii ) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ GO (Ms) No.4/61/PD- യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(v) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

(vi) (a) 26.11.1977ലെ G.O.(P)No.399/77/GAD നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (ബി.എസ്.എഫ്.), ഡിഫൻസ് സെക്യൂരിറ്റി കോർപ്സ് (ഡി.എസ്.സി.), ആസ്സാം റൈഫിൾസ് ജനറൽ റിസർവ്വ് എഞ്ചിനീയറിംഗ് ഫോഴ്സ് (ജി.ആർ.ഇ.എഫ്.) ജമ്മു കാശ്മീർ സേനയിലെ സേവനം, ലോക സഹായക് സേവ എന്നിവിടങ്ങളിൽ അനുഷ്ഠിച്ച സേവനം സൈനിക സേവനമായി കണക്കാക്കുന്നതല്ല.

(b) 03.07.1980 ലെ G.O.(P)No.271/80/GAD നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം ടെറിട്ടോറിയൽ ആർമി പേഴ്സണൽ ലാസറ്റ് ഗ്രേഡ് സർവ്വന്റ്സ് തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (വിമുക്ത ഭടൻമാരായ പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** വിമുക്ത ഭടൻമാരായ പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ച്കൊണ്ട് അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1970 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടാള സേവന കാലാവധി ഉൾപ്പെടെ 50 (അൻപത്)വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു

**കുറിപ്പ് :** ഉയർന്ന പ്രായപരിധി യാതൊരു കാരണവശാലും 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല. വയസ്സിളവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ നോക്കുക.

**7. യോഗ്യതകൾ :** (i) ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം. എന്നാൽ യാതൊരുവിധ ബിരുദവും നേടിയിരിക്കുവാൻ പാടില്ല

(ii) ഒരു വിമുക്തഭടനായിരിക്കണം.

**കുറിപ്പ് :** 1. ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ പ്രകാരം ഏതെങ്കിലും ബിരുദം നേടിയവർ അപേക്ഷിക്കാൻ പാടില്ല. ഇതിനു വിപരീതമായി ബിരുദം നേടിയിട്ടുള്ളത് മറച്ചുവച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായിട്ടുള്ളതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും ടിയാളുടെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതും അവർക്കെതിരെ തെരഞ്ഞെടുപ്പിലെ ഏത് ഘട്ടത്തിലും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള അച്ചടക്ക/ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്. 19/04/2018 ലെ GO (P) No.05/2018/P&ARD പ്രകാരം എസ് എസ് എൽ സി യോ തത്തുല്യയോഗ്യതയോ നേടിയിട്ടുള്ളവരും 15 വർഷത്തിൽ കുറയാത്ത മിലിട്ടറി (കര/നാവിക/വ്യോമ സേന) സേവനമുള്ളവരുമായ വിമുക്ത ഭടന്മാർ ഇൻഡ്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ അല്ലെങ്കിൽ നാവിക വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള പക്ഷം ആയത് LGS പോലുള്ള താഴ്ന്ന വിഭാഗം തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

6. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

7. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13/04/1972 ലെ ജി.ഒ(എം എസ്) നമ്പർ: 142/72 /പി ഡി , 29/11/1973 ലെ ജി ഒ (എം എസ്) 309/73/ പിഡി , 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി )25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 261/2020
## ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്
## എൻ.സി.സി./സൈനികക്ഷേമം
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**1 വകുപ്പ്** : എൻ.സി.സി./സൈനികക്ഷേമം

**2. ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**3. ശമ്പളം** : ₹ 16,500–35,700/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ (വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

| | |
|---|---|
| കോട്ടയം | 01 |
| കോഴിക്കോട് | 01 |

**കുറിപ്പ് :** (i) 04.06.2016 തീയതിയിലെ G.O (p) No. 12/2016/P & ARD സർക്കാർ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയുടെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത്.

(iii ) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ GO (Ms) No.4/61/PD- യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(v) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

(vi) (a) 26.11.1977ലെ G.O.(P)No.399/77/GAD നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (ബി.എസ്.എഫ്.), ഡിഫൻസ് സെക്യൂരിറ്റി കോർപ്സ് (ഡി.എസ്.സി.), ആസ്സാം റൈഫിൾസ് ജനറൽ റിസർവ്വ് എഞ്ചിനീയറിംഗ് ഫോഴ്സ് (ജി.ആർ.ഇ.എഫ്.) ജമ്മു കാശ്മീർ സൈനിക സേവനം, ലോക സഹായക് സേവ എന്നിവിടങ്ങളിൽ അനുഷ്ഠിച്ച സേവനം സൈനിക സേവനമായി കണക്കാക്കുന്നതല്ല.

(b) 03.07.1980 ലെ G.O.(P)No.271/80/GAD നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം ടെറിട്ടോറിയൽ ആർമി പേഴ്സണൽ ലാസറ്റ് ഗ്രേഡ് സർവ്വന്റ്സ് തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (വിമുക്ത ഭടൻമാരായ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** വിമുക്ത ഭടൻമാരായ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ച്കൊണ്ട് അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1970 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടാള സേവന കാലാവധി ഉൾപ്പെടെ 50 (അൻപത്)വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു

**കുറിപ്പ് :** ഉയർന്ന പ്രായപരിധി യാതൊരു കാരണവശാലും 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല. വയസ്സിളവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II–ലെ പൊതു വ്യവസ്ഥകൾ നോക്കുക.

**7. യോഗ്യതകൾ :** (i) ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം. എന്നാൽ യാതൊരുവിധ ബിരുദവും നേടിയിരിക്കുവാൻ പാടില്ല

(ii) ഒരു വിമുക്തഭടനായിരിക്കണം.

**കുറിപ്പ് :** 1. ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ പ്രകാരം ഏതെങ്കിലും ബിരുദം നേടിയവർ അപേക്ഷിക്കാൻ പാടില്ല. ഇതിനു വിപരീതമായി ബിരുദം നേടിയിട്ടുള്ളത് മറച്ചുവച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായിട്ടുള്ളതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും ടിയാളുടെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതും അവർക്കെതിരെ തെരഞ്ഞെടുപ്പിലെ ഏത് ഘട്ടത്തിലും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള അച്ചടക്ക/ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്. 19/04/2018 ലെ GO (P) No.05/2018/P&ARD പ്രകാരം എസ് എസ് എൽ സി യോ തത്തുല്യയോഗ്യതയോ നേടിയിട്ടുള്ളവരും 15 വർഷത്തിൽ കുറയാത്ത മിലിട്ടറി (കര/നാവിക/വ്യോമ സേന) സേവനമുള്ളവരുമായ വിമുക്ത ഭടന്മാർ ഇൻഡ്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ അല്ലെങ്കിൽ നാവിക വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള പക്ഷം ആയത് LGS പോലുള്ള താഴ്ന്ന വിഭാഗം തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

**പ്രൊബേഷൻ :** ടി തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ തുടർച്ചയായ 3 വർഷത്തെ സർവ്വീസിനിടയ്ക്ക് ഒരു വർഷം പ്രൊബേഷനിലായിരിക്കും.

6. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

7. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 262/2020
## ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്
## വിവിധ വകുപ്പുകൾ
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**1 വകുപ്പ്** : വിവിധ വകുപ്പുകൾ

**2. ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**3. ശമ്പളം** : ₹ 16,500–35,700/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

കോട്ടയം 01 (ഒന്ന്) (ST only)

**കുറിപ്പ്:** (I) 04/06/2016 ലെ GO(P) No. 12/2016/ P& ARD സർക്കാർ ഉത്തരവ് പ്രകാരം LGS തസ്തികയുടെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് വിജ്ഞാപനം തയ്യാറാക്കിയിട്ടുള്ളത്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ GOP) No.4/61/PD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iv) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ് :** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്** : നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ:** ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം. എന്നാൽ യാതൊരുവിധ ബിരുദവും നേടിയിരിക്കുവാൻ പാടില്ല.

**കുറിപ്പ്:** (ii) ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ പ്രകാരം ഏതെങ്കിലും ബിരുദം നേടിയവർ അപേക്ഷിക്കാൻ പാടില്ല. ഇതിനു വിപരീതമായി ബിരുദം നേടിയിട്ടുള്ളത് മറച്ചുവച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായിട്ടുള്ളതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും ടിയാളുടെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതും അവർക്കെതിരെ തെരഞ്ഞെടുപ്പിലെ ഏത് ഘട്ടത്തിലും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള അച്ചടക്ക/ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്. 19/04/2018 ലെ GO (P) No.05/2018/P&ARD പ്രകാരം എസ് എസ് എൽ സി യോ തത്തുല്യയോഗ്യതയോ നേടിയിട്ടുള്ളവരും 15 വർഷത്തിൽ കുറയാത്ത മിലിട്ടറി (കര/നാവിക/വ്യോമ സേന) സേവനമുള്ളവരുമായ വിമുക്ത ഭടന്മാർ ഇൻഡ്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ അല്ലെങ്കിൽ നാവിക വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള പക്ഷം ആയത് LGS പോലുള്ള താഴന്ന വിഭാഗം തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

(iii) താഴെപ്പറയുന്ന തസ്തികകൾക്ക് അടിസ്ഥാന യോഗ്യത കൂടാതെ നല്ല ശാരീരികാരോഗ്യം (Good Physique) കൂടി ആവശ്യമാണ്. നല്ല ശാ

രീരികാരോഗ്യം അധിക യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള തസ്തികകളിലെ ഒഴിവുകളിൽ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. (ഗവ.സർവ്വീസിൽ അസി.സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ആയിരിക്കണം.)

1. മേട്രൻ, ബാല മന്ദിർ, കോഴിക്കോട്

2. സാമൂഹ്യ നീതി വകുപ്പിൻ കീഴിലുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ വാച്ച് വുമൺ.

3) പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിലെ ക്ലീനർ, സീവർ ക്ലീനർ (Sewer Cleaner).

4) അച്ചടിവകുപ്പിലെ ഗേറ്റ് കീപ്പർ ഗ്രേഡ് II/ ലാസ്കർ ഗ്രേഡ് II

iv) ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള വാച്ചർ, വാച്ച്മാൻ, നൈറ്റ് വാച്ചർ, മാർക്കർ (മെഡിക്കൽ കോളേജുകളും, കോളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പും), റഗുലർ മാർക്കർ (മൃഗസംരക്ഷണ വകുപ്പ്), ചെയിൻമാൻ (ലാന്റ് റവന്യൂ ആന്റ് ടൗൺ പ്ലാനിംഗ്),ലാസ്കർ ഗ്രേഡ് II / ഗേറ്റ് കീപ്പർ ഗ്രേഡ് II (അച്ചടി വകുപ്പ്) എന്നീ ഉദ്യോഗങ്ങൾക്ക് വികലാംഗർ അർഹരല്ല.

v) താഴെപ്പറയുന്ന ഉദ്യോഗങ്ങൾക്ക് സ്ത്രീകൾ അർഹരല്ല

1 വാച്ച്മാൻ (എല്ലാ വിഭാഗങ്ങളിലുമുള്ളത്), വാച്ചർ
2 നൈറ്റ് വാച്ച്മാൻ
3 ഗാർഡ് / നൈറ്റ് ഗാർഡ്
4 ചൗക്കീദാർ
5 ക്ലീനർ കം കണ്ടക്ടർ
6 ക്ലീനർ (ബോട്ട് ക്ലീനർ, ട്രാക്ടർ ക്ലീനർ, വാൻ ക്ലീനർ, ആംബുലൻസ് ക്ലീനർ, ലോറി ക്ലീനർ)
7 ലാസ്കർ
8 ഗേറ്റ് കീപ്പർ
9 ബുൾ കീപ്പർ
10 അനിമൽ കീപ്പർ (ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്)

(vi) സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങിലേയ്ക്കുള്ള വാച്ച് വുമൺ തസ്തികയിലേയ്ക്ക് വനിതാ ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ. വനിതാ ഉദ്യോഗാർത്ഥികൾക്കായി കണ്ടെത്തിയിട്ടുള്ള മറ്റ് തസ്തികകളിലേയ്ക്ക് വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങിയ ശേഷം നികത്തുന്നതാണ്.

(vii) ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് വകുപ്പിലെ തസ്തികകളിൽ ഹിന്ദു മത വിശ്വാസികളെ മാത്രമേ നിയമിക്കുകയുള്ളൂ.

(viii) കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ.ജി.എസ് തസ്തികയുടെ ഒഴിവുകൾ ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും തയ്യാറാക്കുന്ന റാങ്ക്പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങാതെ തന്നെ നികത്തുന്നതാണ്.

(ix) ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള എല്ലാ തസ്തികകൾക്കും വേണ്ടി പൊതുവായ ഒരു ലിസ്റ്റ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 263/2020
## അറ്റൻഡർ
## വിവിധം
## (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**1 വകുപ്പ്** : വിവിധം

**2. ഉദ്യോഗപ്പേര്** : അറ്റൻഡർ (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**3. ശമ്പളം** : ₹ 8730-13540/ (PR)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കണ്ണൂർ ST-2 (Two)

**കുറിപ്പ്:** ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71ലെ സർക്കാർ ഉത്തരവ് (എം.എസ്)154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.12.1991ലെ ജി.ഒ. (പി) നം. 36/91/പി. ആന്റ് എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ. (പി) നം. 12/96/പി. ആന്റ് എ.ആർ.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

iii) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് പ്രത്യേകമായി നിരസന അറിയിപ്പ് നൽകുന്നതല്ല .

**6. പ്രായം** : 18-41, ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം.

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7.യോഗ്യതകൾ :** ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടുവർഷം പ്രൊബേഷനിലായിരിക്കണം.

**ടെസ്റ്റ് :** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന അറ്റൻഡേഴ്സ് ടെസ്റ്റ് പ്രൊബേഷൻ കാലയളവിൽ പാസ്സാകേണ്ടതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)**

## കാറ്റഗറി നമ്പർ: 264/2020
## അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ
## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ

**3. ശമ്പളം** : ₹ 45800-89,000

**4. ഒഴിവുകളുടെ എണ്ണം** : എൽ.സി/ എ.ഐ 3 (മൂന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 28.06.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 385/14) കാലയളവിൽ എൽ.സി/ എ.ഐ സമുദായത്തിനുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ്:** 17.10.2012 ലെ GO(P) No.61/2012/എസ്.ഡബ്ല്യൂ.ഡി നമ്പർ സർക്കാർ ഉത്തരവു പ്രകാരം ചലനവൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, അന്ധർ, കാഴ്ചശക്തി കുറഞ്ഞവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർ ടി തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരാണ്. എന്നാൽ ടി സർക്കാർ ഉത്തരവു പ്രകാരം ശ്രവണ വൈകല്യമുള്ള വിഭാഗം ഉദ്യോഗാർത്ഥികൾ ടി തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനു അപേക്ഷിക്കുവാൻ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ്** : നേരിട്ടുള്ള നിയമനം ( എൽ. സി / എ.ഐ സംവരണ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21-45; ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)(ഖണ്ഡിക 2(i)ഒഴികെ).

**7. യോഗ്യതകൾ** : (1) മോഡേൺ മെഡിസിനിലുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള യോഗ്യതകളെയാണ് തത്തുല്യ യോഗ്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.)
(2)ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ചതും പ്രാബല്യത്തിലുള്ളതുമായ രജിസ്ട്രേഷൻ.

**കുറിപ്പ് :** 2 ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് വർഷത്തെ സേവനത്തിനുള്ളിൽ 4(നാല്) വർഷക്കാലം (പരിശീലനകാലം ഉൾപ്പെടെ)പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധവുമായി ബന്ധപ്പെട്ട ജോലിയിൽ ഇന്ത്യയിലെവിടെയെങ്കിലുമോ വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സേവനം 45 വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷിക്കാർക്കും ബാധകമല്ല.

## കാറ്റഗറി നമ്പർ: 265/2020
## ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
## മെഡിക്കൽ വിദ്യാഭ്യാസം
## (മെഡിക്കൽ കോളേജുകൾ ന്യൂറോളജി വിഭാഗം)
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം (മെഡിക്കൽ കോളേജുകൾ ന്യൂറോളജി വിഭാഗം)

**2. ഉദ്യോഗപ്പേര്** : ക്ലിനിക്കൽ സൈക്കോളജിസ്റ്റ്

**3. ശമ്പളം** : ₹ 35,700-75,600/

**4. ഒഴിവുകളുടെ എണ്ണം** : മുസ്ലീം 01 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 05/09/2019ൽ (കാറ്റഗറി നമ്പർ :265/2014,ഗസറ്റ് തീയതി 13/06/2014) നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മുസ്ലീം സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** :നേരിട്ടുള്ള നിയമനം (മുസ്ലീം വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം )

**കുറിപ്പ്:** 1. മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

2. 05.01.2015ലെ G.O.(P) No.01/2015/SJD നമ്പർ ഉത്തരവ് പ്രകാരം ചലന വൈകല്യമുള്ളവർ/ സെറിബ്രൽ പാൾസി ബാധിച്ചവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മാത്രമേ ടി തസ്തികയിലെ നിയമനത്തിന് യോഗ്യരായി കണ്ടെത്തിയിട്ടുള്ളൂ. ആയതിനാൽ കാഴ്ച വൈകല്യമുള്ള/ അന്ധതയുള്ള, ശ്രവണ വൈകല്യമുള്ള വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷി വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾ ടി തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

**6. പ്രായം** : 23-39; ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ:** I. a) യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റി/ കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനം/ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയിൽ നിന്നും ലഭിച്ച ക്ലിനിക്കൽ സൈക്കോളജി യിലുള്ള എം.എസ്.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**അല്ലെങ്കിൽ**

b) യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റി/ കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനം/ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയിൽ നിന്നും ലഭിച്ച സൈക്കോളജിയിലുള്ള എം.എ/ എം.എസ്.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത.

II. ക്ലിനിക്കൽ സൈക്കോളജിയിലുള്ള എം.ഫിൽ ബിരുദം അല്ലെങ്കിൽ RCI അംഗീകൃതമായ യൂണിവേഴ്സിറ്റി/കോളേജ്/കേരള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനം/ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ/ യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റി എന്നിവയിൽ നിന്നും ലഭിച്ച 2 വർഷത്തെ കോഴ്സ്.

III. ക്ലിനിക്കൽ സൈക്കോളജിസ്റ്റായി റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യാ രെജിസ്ട്രേഷൻ.

## കാറ്റഗറി നമ്പർ: 266/2020
## ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II
## മെഡിക്കൽ വിദ്യാഭ്യാസം
## ഏഴാം എൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II

**3. ശമ്പളം** : ₹ 22200-48000

**4. ഒഴിവുകളുടെ എണ്ണം** : എസ് സി സി സി (പരിവർത്തിത ക്രിസ്ത്യാനികൾ)01 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 30/12/2008ാം തീയതിയിൽ നിലവിൽ വന്ന (കാറ്റഗറി നമ്പർ 114/2007) റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ എസ്.സി.സി.സി സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 30.12.2009 ലെ ഗസറ്റിൽ (കാറ്റഗറി നമ്പർ 481/2009)പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനപ്രകാരവും 30.12.2010ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 430/2010 പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനപ്രകാരവും 30.04.2012 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 151/2012 പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനപ്രകാരവും 17.09.2015 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 262/2015 പ്രകാരമുള്ള നാലാം എൻ.സി.എ വിജ്ഞാപനപ്രകാരവും 30.12.2016 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 500/16 പ്രകാരമുള്ള അഞ്ചാം എൻ.സി.എ വിജ്ഞാപനപ്രകാരവും 24.09.2018 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 169/2018 പ്രകാരമുള്ള ആറാം എൻ.സി.എ വിജ്ഞാപന പ്രകാരവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലാണ് ഏഴാമതായി ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പരിവർത്തിത ക്രിസ്ത്യാനികളായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** എസ്.സി.സി.സി വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള വ്യക്തിഗത അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18-39; ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ.) (വയസ്സിളവിനെ സംബന്ധിച്ച മറ്റു നിബന്ധനകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 2-ാം ഖണ്ഡിക നോക്കുക ഖണ്ഡിക 2(i) ഒഴികെ).

**കുറിപ്പ് :** പ്രായപൂർത്തിയായശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവിന് അർഹതയുണ്ട്. അത്തരം ഉദ്യോഗാർത്ഥികൾ 02/1/1979 നും 01/01/2002 നും ഇടയിൽ ജനിച്ചവരായിരിക്കണം.

**7. യോഗ്യതകൾ** : 1. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്രീഡിഗ്രി അല്ലങ്കിൽ പ്ലസ്സ്ടു ജയിച്ചിരിക്കണം.

2. ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ഡെന്റൽ കോളേജുകൾ നടത്തുന്ന ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ്(ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സ്) വിജയിച്ചിരിക്കണം.

3. സ്റ്റേറ്റ് ഡെന്റൽ കൗൺസിൽ രജിസ്ട്രേഷൻ.

മേൽ പ്രസ്താവിച്ച യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളുടെ

## അസാധാരണ ഗസറ്റ് തീയതി: 16.11.2020 അവസാന തീയതി: 23.12.2020 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

അഭാവത്തിൽ മാതൃവിജ്ഞാപന പ്രകാരമുള്ള ചുവടെ ചേർക്കുന്ന യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളേയും പരിഗണിക്കുന്നതാണ്.

1. കുറഞ്ഞ വിദ്യാഭ്യാസയോഗ്യത പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ്സ്ടു ജയിച്ചിരിക്കണം.
2. ഡെന്റൽ കോളേജുകൾ നടത്തുന്ന ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് വിജയിച്ചിരിക്കണം.

### കാറ്റഗറി നമ്പർ: 267/2020 – 269/2020
### പാർട്ട് ടൈം ഹൈസ്ക്കൂൾ ടീച്ചർ (സംസ്കൃതം)
### വിദ്യാഭ്യാസം
### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ഹൈസ്ക്കൂൾ ടീച്ചർ (സംസ്കൃതം)
**3. ശമ്പളം** : ₹ 19000–43600/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| സമുദായം | ജില്ല | കാറ്റഗറി നമ്പർ |
|---|---|---|
| പട്ടികജാതി | കാസർഗോഡ് 02 (രണ്ട്) | 267/2020) |
| എൽ.സി/ ആംഗ്ലോ ഇന്ത്യൻ | തൃശൂർ 1 (ഒന്ന്) | 268/2020) |
| മുസ്ലിം | കൊല്ലം 1 (ഒന്ന്) | 269/2020) |

**കുറിപ്പ്:** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും ഓരോ സമുദായത്തിനായി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന എൻ .സി. എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ, ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്ക് വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായങ്ങളിൽപെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതു വരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കാസർഗോഡ് | 06.03.2018 | 468/13 |
| തൃശൂർ | 31.05.2018 | 468/13 |
| കൊല്ലം | 27.02.2018 | 468/13 |

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർഥികൾ മുകളിൽ തങ്ങളുടെ സംവരണസമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും , ജില്ലയുടെ പേര് അപേക്ഷയുടെ നിർദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ് .

**5. നിയമന രീതി**: നേരിട്ടുള്ള നിയമനം (പട്ടികജാതി, എൽ.സി/ആംഗ്ലോ ഇന്ത്യൻ, മുസ്ലീം സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്നു മാത്രം).

**6. പ്രായം** : 18–45. പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർഥികൾ 02.01.1975 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

18–43. എൽ.സി / ആംഗ്ലോഇന്ത്യൻ , മുസ്ലിം സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർഥികൾ 02.01.1977 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

[ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ.]

**നോട്ട്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് ) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :** 1 കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ സംസ്കൃത ഭാഷയിലുള്ള ബിരുദവും ബി.എഡ്/ബി.റ്റി/എൽ.റ്റി യും ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (സംസ്കൃത) പഠനത്തിലുള്ള ടൈറ്റിൽ, കൂടാതെ കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബന്ധപ്പെട്ട വിഷയത്തിലുള്ള പൗരസ്ത്യഭാഷ പഠനത്തിലുള്ള ടൈറ്റിൽ ബന്ധപ്പെട്ട ബിരുദത്തിന്റെ പാർട്ട് 3ന് തുല്യമായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആ ടൈറ്റിൽ ഡിഗ്രിക്ക് തുല്യമായി അംഗീകരിക്കുന്നതാണ്.

2 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ നടത്തുന്ന 'ശിക്ഷാശാസ്ത്രി 'പരീക്ഷയും ബീഹാറിലെ കാമേശ്വർ സിംഗ് ദർഭംഗ യൂണിവേഴ്സിറ്റി നടത്തുന്ന 'ശിക്ഷാശാസ്ത്രി' പരീക്ഷയും ഈ തസ്തികയിലേയ്ക്കുള്ള നിയമനകാര്യത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നടത്തുന്ന ബി.എഡ് ഡിഗ്രി പരീക്ഷയ്ക്ക് തുല്യമായി കണക്കാക്കാവുന്നതാണ്.

(iii) സംസ്കൃത ഭാഷയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബി.എഡ്/ ബി.റ്റി/എൽ.റ്റി യോഗ്യതയുള്ളപക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(iv) ബി.എഡ് ബന്ധപ്പെട്ട ഭാഷയിൽ ആയിരിക്കണം.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/ എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 122/75/ എഡ്യൂ. തീയതി 27/05/1975] ഈ മുൻഗണന 12.02.1970ലെ ജി.ഒ.(എം.എസ്) നമ്പർ 50/70/പി.ഡിയിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

(iii) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) നമ്പർ 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) നമ്പർ 466/70/എഡ്യൂ തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക). •

# ANALYSE YOUR SCIENCE GK

PLUS POINTS 2.0

**Question and Answers with explanation from different disciplines of science**

**Suresh B**

1. The removal of Pancreas from Human Body impairs the breakdown of
   a) Lipids and Proteins only
   b) Carbohydrates and Lipids only
   c) Carbohydrates and Proteins only
   d) Carbohydrates, Lipids and Proteins

   ***The correct answer is 'd'***

   *Pancreas is part of our digestive system that functions as both Endocrine and Exocrine gland. As an Endocrine gland it secretes Insulin and Glucagon. As an Exocrine gland it produces important digestive secretions such as Trypsin and Chymotrypsin that breaks down proteins, amylase which breaks down Carbohydrate and Lipase that act upon Lipids. Hence the removal of Pancreas impairs the breakdown of Lipids, Carbohydrates and Proteins.*

2. Treatment with lime can remove the temporary hardness of water caused by
   a) $CaCl_2$ b) $CaSo_4$
   c) $Ca(HCo_3)_2$ d) $CaCO_3$

   ***The correct answer is 'C'***

   *Temporary hardness of water can be caused by the presence of dissolved bicarbonates of Calcium or Magnesium. The presence of metal cations makes the water hard. If lime is used, the bicarbonate may be converted into Carbonate and the temporary hardness can be got rid of.*

   $Ca(HCO_3)_2 + Ca(OH)_2 \rightarrow 2CaCO_3 + 2H_2O$

3. Which part of the eye is affected due to Cataract?
   a) Cornea b) Lens
   c) Retina d) Conjuctiva

   ***The correct answer is 'b'***

   *Cataract is an eye disease due to a dense cloudy area that forms in the lens of the eye. A Cataract begins when proteins in the eye form clumps that prevent the lens from sending clear images to the Retina. Surgery is the only way to get rid of cataract.*

4. Which one of the following anatomical structures in Plants is involved in Guttation?
   a) Cuticle b) Stomata
   c) Lenticels d) Hydathodes


   ***The correct answer is 'd'***

   *Guttation is the secretion of drops of xylem Sap on the tips of leaves of some grasses. Grasses have the structures called Hydathodes at the end of veins through which this loss of water in the form of droplets takes place. Stomata are the pores through which majority of excess water from plants lost by the process called transpiration. Water is also lost through Lenticels and Cuticle, but lenticels are part of secondary development in trees which are also called Secondary Stomata.*

5. Various optical processes are involved in the formation of a rainbow. Which of the following provides the correct order in time in which these processes occur?
   a) Refraction, total internal reflection, refraction
   b) Total internal reflection, refraction, total internal reflection
   c) Total internal reflection, refraction, refraction
   d) Refraction, total internal reflection, total internal reflection

   ***The correct answer is 'a'***

   *Refraction is the bending of a light wave caused by a change in speed as the wave passes from one medium to another. Total internal reflection is the phenomenon that involves the reflection of all the incident light off the boundary when the light is in the more less dense medium and approaching the less dense medium. Therefore Rainbow is the result of refraction, total internal reflection and refraction of light from Sun.*



1. R.N. 44588/85 Reg. No. KL/TV (N)34/2018-20
2. Licence No. for posting without pre payment - KL/TV(N)/WPP/165/2018-20

PSC BULLETIN
Fortnightly

Rupees 10
November 15, 2020



# സമകാലികം

**പ്രദീഷ്കുമാർ വി എസ്**

★ ജോ ബൈഡൻ അമേരിക്കൻ പ്രസിഡന്റാകും. ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായി മത്സരിച്ച ജോ ബൈഡൻ അമേരിക്കയുടെ 46-ാം പ്രസിഡന്റായി 2021 ജനുവരി 20 ന് സ്ഥാനമേൽക്കും. അമേരിക്കയുടെ ഏറ്റവും പ്രായംകൂടിയ പ്രസിഡന്റാവും ബൈഡൻ.



★ ഇന്ത്യൻ വംശജയായ കമലാ ഹാരിസ് അമേരിക്കയുടെ ആദ്യ വനിതാ വൈസ് പ്രസിഡന്റാകും.

★ കർണാടക സംഗീതത്തിലെ വയലിൻ വിദ്വാൻ പ്രൊഫ. ടി.എൻ. കൃഷ്ണൻ അന്തരിച്ചു. പദ്മശ്രീയും പദ്മഭൂഷണും ലഭിച്ചിട്ടുണ്ട്.

★ എഴുത്തച്ഛൻ പുരസ്കാരം ചെറുകഥാകൃത്തും നോവലിസ്റ്റുമായ സക്കറിയയ്ക്ക്. മലയാള സാഹിത്യത്തിലെ സമഗ്രസംഭാവനയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത ബഹുമതിയാണ് എഴുത്തച്ഛൻ പുരസ്കാരം.

★ മലയാളിയായ പ്രിയങ്കാ രാധാകൃഷ്ണൻ ന്യൂസിലാൻഡ് സർക്കാരിൽ മന്ത്രിപദവിയിലെത്തുന്ന ആദ്യ ഇന്ത്യാക്കാരിയായി.

★ സാഹിത്യമികവിന് പത്മപ്രഭാ സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ പത്മപ്രഭാപുരസ്കാരത്തിന് കവിയും ഗാനരചയിതാവും തിരക്കഥാകൃത്തും സംവിധായകനുമായ ശ്രീകുമാരൻ തമ്പി അർഹനായി.

★ സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി. ഡാനിയേൽ പുരസ്കാരം ചലച്ചിത്രസംവിധായകൻ ഹരിഹരന് നൽകും.

★ പി.എസ്.എൽ.വി.- 49 വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നായിരുന്നു വിക്ഷേപണം. ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇ.ഒ.എസ്. 01 അടക്കം 10 ഉപഗ്രഹങ്ങളെയാണ് പി.എസ്.എൽ.വി.-49 ഭ്രമണപഥത്തിലെത്തിച്ചത്. വിദേശരാജ്യങ്ങളായ യു.എസ്.എ. (4), ലക്സംബർഗ് (4), ലിത്വാനിയ (1) എന്നിവിടങ്ങളിൽ നിന്നുള്ളതായിരുന്നു 9 ഉപഗ്രഹങ്ങൾ.

★ വർഷത്തിൽ 364 ദിവസവും മണ്ണിനടിയിൽ വസിക്കുകയും പ്രജനനത്തിനായി ഒരു ദിവസം മാത്രം പുറത്തെത്തുകയും ചെയ്യുന്ന പാതാള തവളയെ (മഹാബലി തവള) കേരളത്തിന്റെ ഔദ്യോഗിക തവളയായി പ്രഖ്യാപിച്ചേക്കും. പശ്ചിമഘട്ടത്തിലാണ് ഇവ കൂടുതലായും കാണപ്പെടുന്നത്. നാസികബട്രാക്കസ് സഹ്യാദ്രെൻസിസ് എന്നതാണ് ശാസ്ത്രീയ നാമം. പർപ്പിൾ ഫ്രോഗ് എന്നും അറിയപ്പെടുന്നു.

★ ആരോഗ്യ മന്ത്രി കെ.കെ. ശൈലജ, പ്രമുഖ ഫാഷൻ മാഗസിനായ വോഗ് ഇന്ത്യയുടെ വുമൺ ഓഫ് ദി ഇയർ സീരീസിൽ ഇടം നേടി. മന്ത്രിയുടെ മുഖചിത്രവുമായാണ് മാഗസിന്റെ പുതിയ ലക്കം പുറത്തിറങ്ങിയത്. വോഗ് വാരിയേഴ്സ് പട്ടികയിലും നേരത്തെ മന്ത്രി ഇടം പിടിച്ചിരുന്നു.

★ ജയിംസ് ബോണ്ട് സിനിമകളിലെ ആദ്യകാല നായകകഥാപാത്രങ്ങളെ അവതരിപ്പിച്ച ഷോൺ കോണറി അന്തരിച്ചു. 1988 ൽ ദി അൺടച്ചബിൾസിലെ അഭിനയത്തിന് മികച്ച സഹനടനുള്ള ഓസ്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ട്. രണ്ട് തവണ ബാഫ്റ്റ അവാർഡും, മൂന്ന് തവണ ഗോൾഡൻ ഗ്ലോബ് അവാർഡും 2000 ൽ സർ പദവിയും നേടിയിട്ടുണ്ട്.

★ മുംബൈ ഇന്ത്യൻസ് ഐ.പി.എൽ. 2020 ചാമ്പ്യൻമാരായി. അഞ്ച് തവണ കപ്പ് സ്വന്തമാക്കി ഏറ്റവും കൂടുതൽ പ്രാവശ്യം ഐ.പി.എൽ. നേടുന്ന ടീം എന്ന വിശേഷണത്തിനർഹരായി.

★ ഐ.പി.എൽ. 2020-ൽ എമർജിംഗ് പ്ലേയർ പുരസ്കാരം നേടിയത് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന്റെ ദേവദത്ത് പടിക്കൽ.

★ ലൂയിസ് ആർസെ ബൊളീവിയയുടെ പ്രസിഡന്റായി അധികാരമേറ്റു.

★ ട്രെയിൽ ബ്ലെയിസേഴ്സ് വനിത ട്വന്റി-20 ചലഞ്ച് ക്രിക്കറ്റ് ജേതാക്കളായി.

★ പ്രശസ്ത അർജന്റീനിയൻ സംവിധായകനായ ഫെർണാണ്ടോ സൊളാനസ് അന്തരിച്ചു.

★ നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് പ്രതിവർഷം 2000 രൂപ നിരക്കിൽ റോയൽറ്റി വിതരണം ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം.

★ പത്ത് ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള ചെറുനഗരങ്ങൾ കേന്ദ്രീകരിച്ച് കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന മെട്രോ റെയിൽ പദ്ധതിയാണ് നിയോ മെട്രോ.

★ കോവിഡ് കാലത്തെ മാതൃകാപരമായ പ്രവർത്തനത്തിന് വേൾഡ് ട്രാവൽ മാർട്ട് ലണ്ടന്റെ ഹൈലി കമൻഡഡ് അവാർഡ് കേരളത്തിന് ലഭിച്ചു.

★ ഇന്ത്യയിലെ ആദ്യത്തെ കണ്ടൽകാട് മ്യൂസിയം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ സ്ഥാപിതമായി.

★ മലയാളിയായ പ്രമീള ജയ്പാൽ യു.എസ്. ജനപ്രതിനിധി സഭയിലേക്ക് രണ്ടാം തവണയും തിരഞ്ഞെടുക്കപ്പെട്ടു.

★ കേരള സർവ്വകലാശാലയിലെ ഡോ. ടി. എസ്. അനിരുദ്ധൻ, അമേരിക്കയിലെ സ്റ്റാൻഫോർഡ് സർവ്വകലാശാല തയ്യാറാക്കിയ മികച്ച ശാസ്ത്രജ്ഞരുടെ ലോക റാങ്കിങ്ങിൽ ഇടം നേടി.

★ കേരളത്തിലെ ആദ്യ കൈത്തറി മ്യൂസിയം കണ്ണൂരിൽ നിലവിൽ വന്നു.

★ പ്രമുഖ ബ്രിട്ടീഷ് മാധ്യമപ്രവർത്തകനായ റോബർട്ട് ഫിസ്ക് അന്തരിച്ചു.

★ സംസ്ഥാനത്തെ ആദ്യ എസ്കലേറ്റർ കം എലിവേറ്റർ കം ഫുട്ട് ഓവർ ബ്രിഡ്ജ് കോഴിക്കോട് ഉദ്ഘാടനം ചെയ്തു.

★ യശ്വർധൻ കുമാർ സിൻഹ ഇന്ത്യയുടെ പതിനൊന്നാമത് വിവരാവകാശ കമ്മിഷണറായി നിയമിതനാകും.

★ 2020 ൽ പബ്ലിക് അഫയേഴ്സ് ഇൻഡക്സ് റിപ്പോർട്ട് പ്രകാരം രാജ്യത്തെ ഏറ്റവും മികച്ച ഭരണ നിർവ്വഹണ സംസ്ഥാനം എന്ന പദവി കേരളത്തിന് ലഭിച്ചു.

★ ആൽഫ കൊണ്ട, മൂന്നാം തവണയും വിജയിച്ച് ഗിനിയയുടെ പ്രസിഡന്റായി.

★ പ്രേംനസീർ സാംസ്കാരിക സമുച്ചയം തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് നിലവിൽ വരും.

★ സമദ് ഹരീരി ലെബനൻ പ്രധാനമന്ത്രിയായി അധികാരമേൽക്കും. ●

## പി.എസ്.സി. അംഗം ഡോ. ഡി. രാജൻ വിരമിച്ചു



പി.എസ്.സി. അംഗമായ ഡോ. ഡി. രാജൻ സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് പി.എസ്.സി. അംഗത്വത്തിൽ നിന്ന് വിരമിച്ചു. ചെയർമാൻ അധ്യക്ഷനായ വിരമിക്കൽ ചടങ്ങിൽ പി.എസ്.സി. അംഗങ്ങളായ പ്രൊഫ. ലോപ്പസ് മാത്യു, ആർ. പാർവതീ ദേവി, ജി. രാജേന്ദ്രൻ എന്നിവർ അശംസകളർപ്പിച്ചു. സെക്രട്ടറി സാജു ജോർജ്ജ് സ്വാഗതം പറഞ്ഞു. കൺട്രോളർ ഓഫ് എക്സാമിനേഷൻ ആർ. ഗീത ജീവിതരേഖ സദസ്സിന് പരിചയപ്പെടുത്തി. അഡിഷണൽ സെക്രട്ടറി വി.ബി. മനുകുമാർ കൃതജ്ഞതയും രേഖപ്പെടുത്തി.

1958 നവംബർ 3 ന് ജനിച്ച ഡോ. ഡി. രാജൻ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട സ്വദേശിയാണ്, എം.ബി.ബി.എസ്., എം.ഡി (പൾമണറി മെഡിസിൻ) ബിരുദാനന്തര ബിരുദധാരിയാണ്. 2017 ആഗസ്ത് 21 ന് പി.എസ്.സി. അംഗമായി. പി.എസ്.സി. അംഗമാകുന്നതിന് മുൻപ് ലക്ചറർ ഇൻ നെഫ്രോളജി, അസിസ്റ്റന്റ് പ്രൊഫസർ ഇൻ പൾമണറി മെഡിസിൻ എന്നീ പദവികളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. അസിസ്റ്റന്റ് സർജനായി തെൻമല പി.എച്ച്.സി.യിലും അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ആഫീസറായി കിളികൊല്ലൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കള്ളിക്കാട് ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറിയിലെ ഡോ. ജാകുലിൻ ഭാര്യയാണ്. ജൂലിയ ജെ. രാജൻ (മെഡിക്കൽ വിദ്യാർത്ഥിനി), ജെനീറ്റ ജെ രാജൻ (പ്ലസ് വൺ വിദ്യാർത്ഥിനി) എന്നിവർ മക്കളാണ്.

ഇപ്പോൾ വിപണിയിൽ



തെരഞ്ഞെടുത്ത മുൻ ചോദ്യപേപ്പറുകൾ വിശേഷാൽ പതിപ്പ്



വജ്ര ജൂബിലി വിശേഷാൽ പതിപ്പ്
കേരളം



30-ാം വാർഷികം പ്രമാണിച്ചുള്ള വിശേഷാൽ പതിപ്പ്
10000 GK

ആസ്ഥാന ഓഫീസിലെ ബുള്ളറ്റിൻ കൗണ്ടറിലും ലഭ്യമാണ്.
വില: ₹ 100

Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.